# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ



**ഒക്ടോബർ 16**

**വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ**

Vol. LXXII October 2022 No. 10



എട്ടുനോമ്പു തിരുനാളിനോടനുബന്ധിച്ച് കുറവിലങ്ങാട് മർത്ത്മറിയം മേജർ ആർക്കിഎപ്പിസ്കോപ്പൽ ആർച്ചുഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിശുദ്ധ കുർബാനയർപ്പിച്ചു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**OCTOBER 2022**
**Vol. LXXII No. 10**

# CONTENTS

കെ.സി.ബി.സി. സർക്കുലർ ........ 757

കെ.സി.ബി.സി. സർക്കുലർ ........ 766

സർക്കുലർ - 301 ........ 768

സർക്കുലർ - 302 ........ 771

സർക്കുലർ - 303 ........ 773

സർക്കുലർ - 304 ........ 775

സർക്കുലർ - 305 ........ 778

വൈദികരുടെ ശ്രദ്ധയ്ക്ക് ........ 782

അറിയിപ്പ് ........ 784

Needy Church Fund 2022-23 ........ 785

അറിയിപ്പുകൾ ........ 786

വാർത്തകൾ ........ 790

ആദരാഞ്ജലികൾ ........ 826

അഭിവന്ദ്യ പിതാവിന്റെ ഡയറി ........ 830

Ref: 3783/K-5/KCBC/OL/DS 20.09.2022

# കേരളത്തിലെ യുവതീയുവാക്കൾക്കും കുട്ടികൾക്കും ഇടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്നുപയോഗത്തിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

മയക്കുമരുന്നു വിപണനവും ഉപഭോഗവും സംബന്ധിച്ച് ഈയടുത്ത നാളുകളിലായി പുറത്തുവന്നുകൊണ്ടിരിക്കുന്ന വിവരങ്ങൾ, നമ്മുടെ നാട് ലഹരിയുടെ അടിമത്തത്തിലേക്കു നീങ്ങുകയാണെന്ന അപകടകരമായ യാഥാർത്ഥ്യം വെളിപ്പെടുത്തുന്നുണ്ട്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2021-ലെ റിപ്പോർട്ട് അനുസരിച്ച് NDPS (നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ്) ആക്ട് പ്രകാരം കേസുകൾ ചാർജ്ജു ചെയ്യപ്പെട്ട് ഇന്ത്യയിലെ ജയിലുകളിൽ കഴിയുന്നത് 27,072 പേരാണ്. ജനസംഖ്യയുടെ കാര്യത്തിൽ പതിമൂന്നാം സ്ഥാനമുള്ള കേരളസംസ്ഥാനം ലഹരിസംബന്ധമായ കേസുകളുടെ എണ്ണത്തിൽ ഇന്ത്യയിൽ ആറാം സ്ഥാനത്താണ്. ഈ വർഷം ഓഗസ്റ്റ് 29 വരെ 16,128 ലഹരിക്കേസുകൾ സംസ്ഥാനത്തു രജിസ്റ്റർ ചെയ്തിട്ടുള്ളതായാണ് ബഹു. മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചത്. മുൻവർഷത്തെക്കാൾ മൂന്നിരട്ടിയോളം കേസുകളുടെ വർദ്ധന ലഹരിയുപയോഗം കനത്തതോതിൽ സംസ്ഥാനത്തു വ്യാപകമാകുന്നുവെന്നതു വെളിവാക്കുന്നുണ്ട്. 2020 ൽ മാത്രം ലഹരിയുമായി ബന്ധപ്പെട്ട

കേസുകളിൽ കേരളത്തിൽ പിടിയിലായ നാലായിരത്തോളം പേരിൽ 917 പേർ 21 വയസ്സിൽ താഴെയുള്ളവരാണ്. ഇതു ലഹരി ഉപയോഗിക്കുന്നവരിലും വിപണനം ചെയ്യുന്നവരിലും കുട്ടികളുടെയും യുവതീയുവാക്കളുടെയും എണ്ണം കേരളത്തിൽ വർധിച്ചുകൊണ്ടിരിക്കുന്നു എന്നതിനു തെളിവാണ്.

ഈ പശ്ചാത്തലത്തിലാണ് കുട്ടികളും യുവതലമുറയും ഉൾപ്പെടെയുള്ള പൊതുസമൂഹത്തിലെ വലിയൊരു വിഭാഗത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന മയക്കുമരുന്ന് എന്ന സാമൂഹിക തിന്മയെക്കുറിച്ചു നാം കൂടുതൽ ഗൗരവമായി ചിന്തിക്കുന്നത്. ലഹരിയുടെ അടിമത്തം ഏതാനും വ്യക്തികളെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല; മറിച്ച്, കുടുംബങ്ങളെ സവിശേഷമായും പൊതുസമൂഹത്തെ മുഴുവനായും അതീവദോഷകരമായി ബാധിക്കുന്നതാണ്. ഈ ഗുരുതരമായ സാമൂഹികവിപത്തിനെ നേരിടാൻ, ശരിയായ അപഗ്രഥനത്തിലധിഷ്ഠിതമായ ഒരു പൊതു അവബോധം രൂപപ്പെടേണ്ടതുണ്ട്. അത്തരമൊരു ലക്ഷ്യത്തോടെ ഈ സാമൂഹികവിപത്തിന്റെ ഭീകരതയെ മനസിലാക്കാനും ഇതിന്റെ വ്യാപനത്തെ പ്രതിരോധിക്കാൻ കർമപദ്ധതികൾ ആവിഷ്കരിക്കാനും സഭാതനയർ ഒന്നടങ്കം മുന്നിട്ടിറങ്ങേണ്ടതുണ്ട്.

**ലഹരിമരുന്നുകളുടെ വ്യാപനം**

മയക്കുമരുന്നിന്റെ വലിയ വിപണിയായി നമ്മുടെ സമൂഹം മാറുകയാണ്. നമ്മുടെ തുറമുഖങ്ങളിൽനിന്നും വിമാനത്താവളങ്ങളിൽനിന്നും പിടിക്കപ്പെട്ട കോടിക്കണക്കിനു രൂപയുടെ ലഹരിവസ്തുക്കളും, നഗര, ഗ്രാമ വ്യത്യാസമില്ലാതെ രജിസ്റ്റർ ചെയ്യപ്പെടുന്ന മയക്കുമരുന്നിന്റെ ഉപഭോഗവും വിപണനവും സംബന്ധിച്ച നിരവധി കേസുകളും ഇതു വ്യക്തമാക്കുന്നു.

മുൻകാലങ്ങളിൽ കഞ്ചാവുപോലുള്ള ലഹരിവസ്തുക്കളാണു വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നതെങ്കിൽ, മയക്കുമരുന്നിന്റെ ആധുനികരൂപമായ സിന്തറ്റിക് ലഹരി

മരുന്നുകളുടെ വ്യാപനവും ഉപഭോഗവുമാണ് നിലവിലെ വലിയ ഭീഷണി. വിദ്യാഭ്യാസസ്ഥാപനങ്ങളിലുൾപ്പെടെ ഇത്തരം ലഹരി മരുന്നുകൾ എത്തിച്ചേരുകയും കുട്ടികളും യുവജനങ്ങളും ഇവയ്ക്ക് അടിമപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. ചെറുപ്രായത്തിലുള്ള സ്കൂൾ വിദ്യാർത്ഥികളെപ്പോലും മയക്കുമരുന്നിന് അടിമകളാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന മാഫിയകൾ നമ്മുടെ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് സമീപകാലസംഭവങ്ങളിൽനിന്നു നാം മനസ്സിലാക്കേണ്ടത്. മാത്രവുമല്ല, മയക്കുമരുന്നു വില്പനയ്ക്കും പ്രചാരണത്തിനും കുട്ടികളെ ഉപകരണങ്ങളാ ക്കുന്ന രീതിയും കേരളത്തിലുണ്ട്.

തങ്ങൾ ഉപയോഗിക്കുന്നതു മയക്കുമരുന്നാണ് എന്ന തിരിച്ചറിവില്ലാതെയാണ് പലപ്പോഴും കുട്ടികൾ മയക്കുമരുന്ന് ഉപയോഗിച്ചു തുടങ്ങുന്നതെന്നാണ് അന്വേഷണോദ്യോഗ സ്ഥരുടെ നിഗമനം. ഉന്മേഷത്തിനും ഉറക്കം വരാതിരിക്കാനും മറ്റുമുള്ള പാനീയങ്ങളായും മിഠായികളായും ഗുളികകളായും കുട്ടികൾക്കിടയിൽ മയക്കുമരുന്നിനെ പരിചയപ്പെടുത്തുന്നു. ഒടുവിൽ അവ ഉപേക്ഷിക്കാനാവില്ല എന്ന ഘട്ടം വരുമ്പോൾ പണം നൽകി വാങ്ങാനും, അതിനായി പണം കണ്ടെത്താനും കുട്ടികൾ നിർബന്ധിതരാകുന്നു. ക്രമേണ, മയക്കുമരുന്നു വിപ ണനസംഘത്തിന്റെ ഭാഗമായും പ്രചാരകരായും അവർ മാറുന്നു.

ലഹരിക്കടിമപ്പെടുന്നവരുടെ എണ്ണത്തിലുള്ള ക്രമാതീത മായ വർധനവിനൊപ്പം ലൈംഗികചൂഷണം, ആക്രമണം, മോഷണം, കൊലപാതകം, ആത്മഹത്യ തുടങ്ങിയ അനുബന്ധ കുറ്റകൃത്യങ്ങളും പെരുകുന്നുവെന്നതും ഒരു വസ്തുതയാണ്. ലഹരിക്കടിമപ്പെട്ട് ഉന്മേഷവും കായികശേഷിയും നഷ്ടപ്പെടുന്ന കുട്ടികളും യുവജനങ്ങളും നമ്മുടെ നാടിന്റെ ദയനീയചിത്രം വെളിവാക്കുന്നു. തുച്ഛമായ വരുമാനംപോലും ലഹരിദായക പദാർത്ഥങ്ങൾക്കായി ചെലവഴിക്കപ്പെടുന്നതിലൂടെ നിരവധി കുടുംബങ്ങൾ അസമാധാനത്തിന്റെയും പട്ടിണിയുടെയും

പിടിയിലമരുന്നു. ലഹരിയിലുള്ള അടിമത്തം ആത്യന്തികമായി വ്യക്തികളുടെ സമ്പൂർണനാശത്തിലേക്കും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും തകർച്ചയിലേക്കുമാണു നയിക്കുന്നതെന്നതാണു വാസ്തവം.

**സഭയുടെ നിലപാട്**

മയക്കുമരുന്നുകളുടെ ഉപയോഗം എന്തുകൊണ്ടു തിന്മയാകുന്നു എന്നതിനെക്കുറിച്ച് കത്തോലിക്കാസഭയുടെ യുവജന മതബോധനഗ്രന്ഥം വിശദീകരണം നല്കുന്നുണ്ട്: ഒരു വ്യക്തിക്കു ലഹരിവസ്തുക്കളിലുണ്ടാകുന്ന ആശ്രയത്തിന്റെ ഓരോ രൂപവും സ്വാതന്ത്ര്യം അടിമത്തത്തിനുവേണ്ടി കൈമാറ്റം ചെയ്യലാണ്. അത് ബന്ധപ്പെട്ട വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു. അയാൾക്കു ചുറ്റുമുള്ള മനുഷ്യരെ കുടുംബതലത്തിലും, സാമൂഹികതലത്തിലും വലിയതോതിൽ ദ്രോഹിക്കുകയും ചെയ്യുന്നു (YOUCAT 389). 2016 ൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസിലെ അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: പ്രശ്നങ്ങളിൽ നിന്ന് ഓടിയൊളിക്കാനും, നൈമിഷികസുഖങ്ങൾ തേടാനുമുള്ള തൃഷ്ണ മയക്കുമരുന്നുപയോഗത്തിലേക്കു നീളുന്നത് മനുഷ്യനെ പൂർണമായ തകർച്ചയിലേക്കും, വിവിധ തലങ്ങളിലുള്ള സാമൂഹിക പ്രത്യാഘാതങ്ങളിലേക്കും നയിക്കുന്നു.

മയക്കുമരുന്നുകളുടെ വിനാശകരമായ ഫലങ്ങളെ തുറന്നുകാണിച്ചുകൊണ്ട് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞത്, മരണം വില്ക്കുന്നവരാണ് മയക്കുമരുന്നു കച്ചവടക്കാർ എന്നാണ്. വ്യക്തികളുടെ മാനസികവും സാമൂഹികവുമായ മരണത്തിനു കാരണമാകുകയും, വലിച്ചെറിയപ്പെടുന്ന വ്യക്തികളാക്കി അവരെ മാറ്റുകയും ചെയ്യുന്ന ലഹരിയുടെ ഉപഭോഗത്തിനുള്ള എല്ലാ സംവിധാനങ്ങളും എതിർക്കപ്പെടണം എന്നതാണ് സഭയുടെ എക്കാലത്തെയും നിലപാട്. മയക്കുമരുന്നുപയോഗവും അതിലുള്ള അടിമത്തവും

തിന്മയാണ്. ഇക്കാരണത്താൽത്തന്നെയാണ് ലഹരിവസ്തുക്കൾക്കെതിരായ പോരാട്ടം അത്യന്തം ഗൗരവമേറിയ ക്രൈസ്തവധർമ്മമായി തിരുസ്സഭ വീക്ഷിക്കുന്നത്. ഈ കാലഘട്ടത്തിൽ ഈ ഉത്തരവാദിത്വത്തെ കൂടുതൽ ആർജ്ജവത്തോടെ ഏറ്റെടുക്കാൻ നമുക്കു കഴിയണം.

**പ്രായോഗികസമീപനങ്ങൾ**

നമ്മുടെ സാംസ്കാരിക സാമൂഹിക ഔന്നത്യത്തെയും ക്രമസമാധാനത്തെയും യുവതലമുറയുടെ കാര്യപ്രാപ്തിയെയും ഭാവിയെയുമെല്ലാം ഒരുപോലെ ദോഷകരമായി ബാധിക്കുന്ന ഒരു സാമൂഹികതിന്മ എന്ന നിലയിൽ ലഹരിയുടെ ഉപയോഗത്തിനെതിരേ പ്രതിരോധം തീർത്തുകൊണ്ട് എല്ലാവരും സമൂഹത്തിന്റെ സംരക്ഷണത്തിനായി അണിനിരക്കണം. സർക്കാർ സംവിധാനങ്ങളും സാമൂഹിക സാമുദായിക നേതൃത്വങ്ങളും ഒത്തൊരുമയോടെ പ്രവർത്തിച്ചാൽമാത്രമേ, ഈ വലിയ ലക്ഷ്യം നേടിയെടുക്കാൻ നമുക്കു കഴിയുകയുള്ളൂ. വിവിധതലങ്ങളിൽ ഈ പ്രതിസന്ധിയെ നാം നേരിടേണ്ടതുണ്ട്.

**കുടുംബതലം**

കുടുംബങ്ങളിലാണ് ലഹരിയുപയോഗവും അടിമത്തവും സംബന്ധിച്ച സാധ്യതകൾ അടിസ്ഥാനപരമായി പ്രതിരോധിക്കപ്പെടേണ്ടത്. മാതാപിതാക്കളും മക്കളും തമ്മിലുള്ള പരസ്പരബന്ധവും തുറവിയും എല്ലായ്പ്പോഴും ഊഷ്മളമായി നിലനിറുത്താനും ക്രൈസ്തവ ആധ്യാത്മികതയിൽ അടിയുറച്ച ഉത്തമ കുടുംബാന്തരീക്ഷം പുലർത്താനും സ്നേഹത്തിൽ അനുദിനം വളരാനും നമ്മുടെ കുടുംബങ്ങൾക്കു കഴിയണം. മക്കളുടെയും ജീവിതപങ്കാളികളുടെയും ധനാഗമ, വിനിയോഗരീതികളെക്കുറിച്ച് മനസ്സിലാക്കുകയും അസ്വാഭാവികമായ രീതികൾ കാണപ്പെടുന്നപക്ഷം സവിശേഷ ശ്രദ്ധ ചെലുത്തുകയും വേണം.

**സംഘടനാതലം**

മയക്കുമരുന്നുവ്യാപനവുമായി ബന്ധപ്പെട്ട വിവിധ വെല്ലുവിളികളിലൂടെ നാം കടന്നുപോകുമ്പോൾ, നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും അതിനെതിരായ പോരാട്ടത്തിൽ അണിനിരത്താൻ നാം പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കെസിവൈഎം, കെസിഎസ്എൽ, ചെറുപുഷ്പ മിഷൻലീഗ്, യുവദീപ്തി, ജീസസ് യൂത്ത് തുടങ്ങി കുട്ടികൾക്കും യുവാക്കൾക്കുമിടയിൽ പ്രവർത്തിക്കുന്ന സംഘടനകളെല്ലാം ഈ ലക്ഷ്യം മുൻനിറുത്തി സംഘടനാ തലത്തിൽ ലഹരിവിരുദ്ധസമിതികൾ രൂപവത്കരിക്കുകയും പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. സംഘടനകളിൽ അംഗങ്ങളായവർക്കുവേണ്ടി മാത്രമല്ല, പൊതുവേ എല്ലാ യുവജനങ്ങളെയും മുന്നിൽക്കണ്ടുകൊണ്ടുള്ള പദ്ധതികളായിരിക്കണം യുവജനസംഘടനകൾ വിഭാവനം ചെയ്യേണ്ടത്. സംഘടനകളുടെ ആഭിമുഖ്യത്തിൽ മയക്കുമരുന്നുവ്യാപനത്തിനെതിരായ ക്യാംപെയ്നുകൾ നടത്തുകയും ഫലപ്രദമായ രീതിയിൽ പ്രചാരണപരിപാടികൾ സംഘടിപ്പിക്കുകയും വേണം. സമപ്രായക്കാർക്കിടയിൽ സാഹോദര്യവും സൗഹാർദ്ദവും വളർത്തിയെടുക്കാനും അപരനെക്കുറിച്ചുള്ള കരുതലിൽ യുവജനങ്ങളെ പ്രചോദിപ്പിക്കാനും ഇത്തരം പ്രവർത്തനങ്ങൾവഴി സാധിക്കണം. ലൈംഗികചൂഷണങ്ങൾക്കായി മയക്കുമരുന്ന് ഉപയോഗിക്കുന്ന പ്രവണത വർധിച്ചുവരുന്നതായും റിപ്പോർട്ടുകളുണ്ട്. അത്തരം ഭീഷണികളെ പ്രത്യേകമായി നിരീക്ഷിക്കാനും മുൻകരുതലുകൾ സ്വീകരിക്കാനും സംഘടനകളുടെ നേതൃത്വത്തിൽ സംവിധാനങ്ങൾ ഒരുക്കണം. കത്തോലിക്കാ കോൺഗ്രസ്, ലാറ്റിൻ കാത്തലിക് അസോസിയേഷൻ, മലങ്കര കാത്തലിക് അസോസിയേഷൻ, മാതൃസംഘം, പിതൃവേദി തുടങ്ങി മറ്റു സഭാസംഘടനകളും ഈ ലക്ഷ്യം അതർഹിക്കുന്ന പ്രാധാന്യത്തോടെ ഏറ്റെടുക്കുകയും കുടുംബങ്ങളും പൊതുസ്ഥലങ്ങളും മയക്കുമരുന്നു

വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജിതമായി പ്രവർത്തനതലങ്ങളിലേക്ക് ഇറങ്ങുകയും വേണം. പ്രാദേശികമായ മറ്റു സംഘടനകളും ഔദ്യോഗികസംവിധാനങ്ങളുമായി യോജിച്ചുപ്രവർത്തിച്ചുകൊണ്ട് ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കണം. ഇടവകയിലെ വിവിധ സംഘടനകൾ, സമിതികൾ തുടങ്ങിയവയിലെ അംഗങ്ങൾ ഇക്കാര്യത്തിൽ യോജിച്ചു പ്രവർത്തിക്കുകയും വിലയിരുത്തലുകൾ നടത്തുകയും വേണം.

**വിദ്യാഭ്യാസസ്ഥാപനങ്ങൾ**

എല്ലാ കത്തോലിക്കാ ഇടവകകളുടെയും അതിർത്തികൾക്കുള്ളിൽ സ്ഥിതിചെയ്യുന്ന പൊതുവിദ്യാലയങ്ങളും സ്ഥാപനങ്ങളും അതിന്റെ പരിസരപ്രദേശങ്ങളും പൂർണമായും ലഹരിവിമുക്തമാണെന്ന് ഉറപ്പുവരുത്താൻ നമുക്കു സാധിക്കണം. നമ്മുടെ മാനേജുമെന്റുകൾക്കു കീഴിലുള്ള സ്കൂളുകളിലും കോളജുകളിലും പ്രവർത്തനസജ്ജരായ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ ലഹരിവിരുദ്ധസമിതികൾ രൂപവത്കരിക്കുകയും ലഹരിവിമുക്തിക്കായി ഉണർന്നു പ്രവർത്തിക്കുകയും വേണം. വിദ്യാലയങ്ങളിലും പരിസരപ്രദേശങ്ങളിലും ലഹരിപദാർത്ഥങ്ങളുടെ വിപണന, ഉപയോഗ സാധ്യതകളുള്ള മേഖലകളെയും ക്യാമ്പസിലേക്കു കടന്നുവരുന്ന അപരിചിതരെയും നിരീക്ഷണവിധേയമാക്കണം. മാത്രമല്ല, മയക്കുമരുന്നിന് അടിമകളായിട്ടുള്ള വിദ്യാർത്ഥികളെ കണ്ടെത്തി തിരികെക്കൊണ്ടുവരുന്നതിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ കലാലയങ്ങളിൽ ക്രമീകരിക്കുകയും വേണം.

**സഭാസംവിധാനങ്ങൾ**

സഭയുടെ കേന്ദ്രീകൃതസംവിധാനങ്ങളുടെ ഭാഗമായ ജാഗ്രത, മദ്യവിരുദ്ധസമിതികളുടെ പ്രവർത്തനങ്ങൾ ഇടവകതലത്തിലും മേഖല-രൂപതാതലങ്ങളിലും കാര്യക്ഷമമാക്കുകയും മയക്കുമരുന്നുവ്യാപനത്തെ പ്രതിരോധിക്കാനും നിയന്ത്രണവിധേയമാക്കാനും പദ്ധതികൾ ആസൂത്രണം ചെയ്യു

കയും നടപ്പാക്കുകയും വേണം. ഈ ഗുരുതരമായ സാമൂഹിക വിപത്തിനെ ഫലപ്രദമായി നേരിടണമെങ്കിൽ വിവിധ തലങ്ങളിലുള്ള അപഗ്രഥനങ്ങളും നിരീക്ഷണങ്ങളും പഠനങ്ങളും ആവശ്യമാണ്. മദ്യവിരുദ്ധ, ജാഗ്രതാസമിതികൾക്ക് അത്തരം പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാൻ സാധിക്കണം.

മതാധ്യാപകർക്ക് ഇക്കാര്യത്തിൽ വളരെയേറെ പ്രവർത്തിക്കാനുണ്ട്. തങ്ങളുടെ മുന്നിലെത്തുന്ന കുട്ടികളെ അടുത്തറിയുകയും, അവരെ പ്രബുദ്ധരാക്കുകയും ചെയ്യാൻ കഴിയുന്നത് അവർക്കാണ്. ഇപ്പോഴത്തെ ലഹരിസാധ്യതകൾക്കും അനുബന്ധവിഷയങ്ങൾക്കും കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് മുതിർന്ന വേദപാഠക്ലാസുകളിലെ കുട്ടികളുമായി സംവദിക്കാനും അവരെ അടുത്തു മനസ്സിലാക്കി ആവശ്യമെങ്കിൽ തിരുത്താനും മതാധ്യാപകർ സന്നദ്ധരാകണം.

ലഹരിയുടെ വ്യാപനത്തെ പ്രതിരോധിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ സമഗ്രമായ രീതിയിൽ സാമൂഹികപ്രതിബദ്ധതയോടെ നടപ്പിലാക്കാൻ നമ്മുടെ സഹകരണം ആവശ്യമാണ്. വരുമാനത്തിനായി കൂടുതൽ മദ്യശാലകൾ തുറക്കുന്നതും, ഐ ടി പാർക്കുകളിൽ പബ്ബുകൾ തുടങ്ങുന്നതുംപോലെയുള്ള പ്രവർത്തനങ്ങളിൽനിന്നു സർക്കാർ പിന്തിരിയേണ്ടതാണ്. കക്ഷിമതഭേദമേന്യേ പൊതുസമൂഹം ഒറ്റക്കെട്ടായി ലഹരിവിമുക്തസമൂഹത്തിനുവേണ്ടി ഊർജ്ജിതമായ ഇടപെടലുകൾ നടത്താൻ ശ്രമിക്കണം. ലഹരിവിമുക്തകേന്ദ്രങ്ങൾ കൂടുതലായി സ്ഥാപിച്ചും, സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിച്ചും, ഇത്തരം ശ്രമങ്ങളിൽ ഏർപ്പെടുന്നവരെ പിന്തുണച്ചും ക്രിയാത്മകമായ പ്രവർത്തനപദ്ധതി രൂപപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ പൊതുസമൂഹത്തിനും ഭരണസംവിധാനങ്ങൾക്കും മാതൃകയാകുവാൻ കേരളത്തിലെ ക്രൈസ്തവസമൂഹത്തിനു കഴിയണം.

നമ്മുടെ സമൂഹത്തിന്റെ നിലനില്പിനും നന്മയ്ക്കും വേണ്ടി ലഹരിയുടെ സംസ്കാരത്തെ പ്രതിരോധിക്കാനും

ജീവന്റെ സംസ്കാരത്തെ വളർത്താനുമുള്ള വലിയ ഉത്തരവാദിത്വം കൂട്ടായ്മയിൽ ഫലപ്രദമായി നിർവഹിക്കാൻ നമുക്കു സാധിക്കട്ടെ. അതിനായുള്ള എല്ലാ പ്രവർത്തനങ്ങളിലും സമൃദ്ധമായ ദൈവാനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം.

മിശിഹായിൽ സ്നേഹപൂർവം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി- 682 025

---

NB: 2022 ഒക്ടോബർ 2-ാം തീയതി ഞായറാഴ്ച വായനയ്ക്കായി നല്കപ്പെട്ടത്.

Ref: 3786/K-5/KCBC/OL/DS 23.09.2022

# കെസിബിസി എസ്.സി./എസ്.ടി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യ പിതാക്കന്മാരേ, ബഹുമാനപ്പെട്ട വൈദികരേ, ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വളരെ സുപ്രധാനമായ ഒരു സന്ദേശം നിങ്ങളെ അറിയിക്കുവാനാണ് ഇത് എഴുതുന്നത്. മതേതരത്വം മുഖമുദ്രയായി ഭരണം നടക്കുന്ന നമ്മുടെ ഭാരതത്തിൽ ക്രൈസ്തവമതം സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താൽ ജന്മാവകാശം നിഷേധിക്കപ്പെട്ട ജനസമൂഹമാണ് പട്ടികജാതിയിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച ദലിത് ക്രൈസ്തവർ.

സ്വതന്ത്രഭാരതത്തിൽ ഭരണഘടന നിലവിൽവന്നപ്പോൾ നൂറ്റാണ്ടുകളായി അയിത്തവും അടിമത്തവും അനുഭവിച്ചു സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നു പിന്തള്ളപ്പെട്ടുപോയ ജനസമൂഹത്തെ മുഖ്യധാരയിൽ എത്തിക്കുകയെന്നുള്ള ലക്ഷ്യത്തോടെ ഭരണഘടനയിൽ പട്ടികജാതി പട്ടികവർഗ്ഗം എന്ന വകുപ്പുചേർക്കുകയും 1950 ഓഗസ്റ്റ് പത്താം തീയതി പ്രസിഡന്റിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് ഉത്തരവ് ഇറക്കുകയും ഹിന്ദുമതവിശ്വാസികൾക്കു മാത്രമായി പട്ടികജാതിസംവരണം പരിമിതപ്പെടുത്തുകയും ചെയ്തു. 1956 സിക്കുമതവിശ്വാസികളെയും 1990 ബുദ്ധമത വിശ്വാസികളായ ദലിതരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി. എന്നാൽ, ഇക്കാലമത്രയും ക്രൈസ്തവമതത്തിൽ വിശ്വസിക്കുന്ന ദലിതരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 1950 മുതൽ ഈ ജനസമൂഹത്തിന്റെ നിരന്തരമായ സമരത്തിന്റെയും നിവേദനങ്ങളുടെയും ഫലമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും കമ്മീഷനുകളെ നിയമിച്ചിട്ടുണ്ടെങ്കിലും കമ്മീഷൻ റിപ്പോർട്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല.

ട്രിച്ചി സ്വദേശിയായ അഡ്വക്കേറ്റ് ഫ്രാങ്ക്‌ലിൻ സീസർ 2004 സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തു. 1950 ആഗസ്റ്റ് പത്താം തീയതി ഇറക്കിയ ഉത്തരവിലെ മൂന്നാം ഖണ്ഡിക റദ്ദു ചെയ്ത് ദലിത് ക്രൈസ്തവർക്കും പട്ടികജാതി സംവരണം നൽകണം എന്നാവശ്യപ്പെട്ടുകൊണ്ടാണ് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തത്. കേസിനെ സംബന്ധി ച്ചുള്ള വിചാരണ പലപ്രാവശ്യം മാറ്റിവെച്ചു എങ്കിലും 2022 ഒക്ടോബർ പതിനൊന്നാം തീയതി സുപ്രീംകോടതിയിൽ കേസ് വീണ്ടും വിചാരണയ്ക്കു വരികയാണ്. പ്രസ്തുത കേസ് വിജയിക്കാനും നമ്മുടെ സഹോദരീസഹോദരന്മാർക്ക് പട്ടിക ജാതിസംവരണം ലഭിക്കാനും 2022 ഒക്ടോബർ ഒൻപതാം തീയതി ഞായറാഴ്ച പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. അന്നേദിവസം എല്ലാവരും ചേർന്നു പ്രത്യേകം പ്രാർത്ഥന നട ത്തുകയും കേസിൽ നമുക്കുവേണ്ടി വാദിക്കുന്ന വക്കീലന്മാ രെയും വാദം കേൾക്കുന്ന ജഡ്ജിമാരെയും പ്രത്യേകം സമർ പ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്യാം.

ഈശോയിൽ സ്നേഹപൂർവ്വം

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**

വൈസ് ചെയർമാൻ

**ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്**

വൈസ് ചെയർമാൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

---

NB: 2022 ഒക്ടോബർ 9-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേര ളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീക രിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

സർക്കുലർ - 301

# ജാഗ്രതാസമിതി രൂപവത്കരണം

മിശിഹായിൽ സ്നേഹംനിറഞ്ഞ വൈദികരേ,

ഇന്ന് നമ്മുടെ സഭയും സമുദായവും നേരിടുന്ന വളരെ ഗുരുതരമായ പ്രശ്നങ്ങളെക്കുറിച്ചു നാമെല്ലാവരും അറിവും ജാഗ്രതയും ഉള്ളവരാണല്ലോ. നമ്മെ തകർക്കാൻ ഒരുമ്പെട്ടിറങ്ങിയിരിക്കുന്ന ശത്രുവിനെതിരേ പ്രതിരോധം തീർക്കേണ്ടത് നമ്മുടെ നിലനിൽപ്പിനുതന്നെ അനിവാര്യമാണ്. നമ്മുടെ ക്രമാതീതമായ ജനസംഖ്യക്കുറവ്, രാഷ്ട്രീയരംഗത്തെ ശബ്ദമില്ലായ്മ, അന്യനാടുകളിലേക്കുള്ള യുവതലമുറയുടെ വൻ ഒഴുക്ക്, കാർഷികമേഖലയിലെ തകർച്ച തുടങ്ങിയ ഒട്ടനവധി കാര്യങ്ങൾ നമ്മെ ഉള്ളിൽനിന്നു ബലഹീനരാക്കുമ്പോൾ അതിനേക്കാൾ പതിന്മടങ്ങു ശക്തിയോടെയുള്ള ബാഹ്യശക്തികളുടെ ആക്രമണവും നാം നേരിടേണ്ടിവരികയാണ്. നിർഭാഗ്യവശാൽ ഈ അപകടങ്ങൾ തിരിച്ചറിഞ്ഞ് ഒന്നിച്ചുനിൽക്കാനും സമുദായ സ്നേഹം വളർത്തി മുന്നോട്ടു കുതിക്കാനും നമുക്കു കഴിയുന്നില്ല.

ബാഹ്യശക്തികളുടെ ആക്രമണത്തിനും കെണികൾക്കും ഏറ്റവുമധികം ഇരകളാകുന്നത് നമ്മുടെ യുവജനങ്ങളും പ്രായപൂർത്തിയാകാത്ത കൗമാരക്കാരുമാണ്. പ്രണയക്കെണിയിലും മയക്കുമരുന്നുകെണിയിലും അധികവും പെട്ടുപോകുന്നത് നമ്മുടെ കുഞ്ഞുങ്ങളാണ്. പ്രണയക്കെണികൾക്കെതിരേ നാം ജാഗരൂകരായി എന്നുകണ്ടപ്പോൾ അതിനേക്കാൾ പതിന്മടങ്ങു ഗൗരവതരമായ മയക്കുമരുന്നുകെണികൾ നമ്മുടെ കുട്ടികൾക്കായി ഒരുക്കിയിരിക്കുന്നുവെന്നത് നാം ഈ നാളുകളിൽ ആകുലതയോടെ തിരിച്ചറിയുകയാണ്. ഒരുതവണ മാത്രം ഉപയോഗിച്ചാൽ ഇരയെ അടിമയാക്കുന്ന 'Killer Drugs' പോലുള്ള മയക്കുമരുന്നുകൾ ഭക്ഷണത്തിലൂടെയോ, പാനീയ

ത്തിലൂടെയോ ഇര അറിയാതെ നൽകി നമ്മുടെ നിരവധി കൗമാരക്കാരെ ഇതിനോടകം അവർ വലയിൽ വീഴ്ത്തിക്കഴിഞ്ഞു. ഇങ്ങനെ അടിമകളായിത്തീരുന്ന കുട്ടികൾ ഇത് ലഭിക്കാൻ ഏത് അധോലോകംവരെയും എത്തിപ്പെടും എന്നതാണു സത്യം. ഈ വലയിൽ ആൺകുട്ടികളും പെൺകുട്ടികളും ഒരുപോലെ കുടുങ്ങിപ്പോകുന്നുണ്ട്.

ഈ സാഹചര്യത്തിൽ നമുക്കു ശക്തമായി പ്രാർത്ഥിക്കാം. നമുക്കെതിരേ വരുന്ന ശത്രുക്കളെയും ലോകം മുഴുവനെത്തന്നെയും അംഗുലീചലനംകൊണ്ടു തറപറ്റിക്കാൻ കഴിയുന്ന സർവ്വശക്തനായ ദൈവത്തിലാണ് നമ്മുടെ പ്രത്യാശ (2 മക്ക. 8:18). ഒപ്പം, ജാഗ്രതയും കൂട്ടായ പ്രവർത്തനവും നമുക്ക് അനിവാര്യമായിത്തീർന്നിരിക്കുകയാണ്. സഭയുടെ സാമൂഹിക ശാക്തീകരണവും നിലനിൽപ്പിനുവേണ്ടിയുള്ള പ്രതിരോധവും സാമൂഹിക ഇടപെടലുകളും ക്രിയാത്മകമാക്കാൻ കെ.സി.ബി.സി. തലത്തിൽ പ്രവർത്തിക്കുന്ന കമ്മീഷനാണല്ലോ ജാഗ്രതാ കമ്മീഷൻ. ഈ സംവിധാനത്തെ സോണൽ, രൂപത, ഫോറോനാ, ഇടവക തലങ്ങളിൽ വിന്യസിച്ചു സമയോചിത ഇടപെടലുകൾ നടത്തുക ഇന്ന് അനിവാര്യമായിത്തീർന്നിരിക്കുകയാണ്. ജാഗ്രതാസമിതി രൂപവത്കരണവും ദ്രുതകർമ്മ പദ്ധതികളും നമുക്ക് രൂപത മുഴുവനിലും നടപ്പാക്കേണ്ടതുണ്ട്.

ഇതിനായി ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (കൺവീനർ) ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജോസഫ് കുറ്റിയാങ്കൽ, ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം എന്നിവരടങ്ങുന്ന ഒരു ടീമിനെ ഞാൻ നിയോഗിച്ചിരിക്കുന്നു. രൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് വെരി. റവ. ഫാ. ജോസഫ് തടത്തിൽ ഈ സമിതിക്കു മേൽനോട്ടം വഹിക്കും. ഈ വിഷയങ്ങൾ കാര്യക്ഷമമായി ചർച്ച ചെയ്യുന്നതിനും കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനും നമ്മുടെ ഓരോ ഫൊറോനയിലെയും പ്രത്യേക വൈദികസമ്മേളനങ്ങൾ, ഇതിനു നിയുക്തമായ

ടീമുമായി കൂടിയാലോചിച്ച് പെരിയ ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചൻ ഈ മാസം 30 നുമുമ്പ് ക്രമീകരിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 27.09.2022

സർക്കുലർ - 302

# ജാഗ്രത പ്രവർത്തന രൂപതാതല ഉദ്ഘാടനം

## സെപ്റ്റംബർ 30 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന്

മിശിഹായിൽ സ്നേഹം നിറഞ്ഞ അച്ചന്മാരേ,

കെ.സി.ബി.സി. ജാഗ്രത കമ്മീഷനുമായി ബന്ധപ്പെട്ട് രൂപത, ഫൊറോന, ഇടവക തലത്തിൽ ജാഗ്രതാസമിതി രൂപവത്കരണവും ദ്രുതകർമപദ്ധതികളും നടപ്പിലാക്കേണ്ട തിന്റെ അടിയന്തര ആവശ്യകതയെപ്പറ്റി സെപ്റ്റംബർ 10-ാം തീയതി 301—ാം നമ്പർ സർക്കുലറിലൂടെ അറിയിച്ചിരുന്നല്ലോ. അതനുസരിച്ചു രൂപതാതലത്തിൽ ക്രമീകരണങ്ങൾ നടത്തിവ രികയാണ്.

രൂപതാതലത്തിലുള്ള പ്രവർത്തനങ്ങൾ സെപ്റ്റംബർ 30 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാലാ ളാലം സെന്റ് മേരീസ് (പഴയപള്ളി) പാരീഷ് ഹാളിൽവച്ചു നടത്തപ്പെടുന്ന സമ്മേള നത്തോടെ ഔദ്യോഗികമായി ആരംഭിക്കുകയാണ്. ഇതിൽ പങ്കു ചേരുന്നതിന് ഇടവകയോഗത്തിൽനിന്നുള്ള പ്രതിനിധികളെയും രൂപതാ കോർപ്പറേറ്റ് സ്കൂൾ പ്രതിനിധികളെയും പ്രത്യേകമായി ക്ഷണിക്കുന്നു. ഇടവകാംഗങ്ങളെ ജാഗരൂകരാക്കുവാൻ കഴി വുള്ള അഞ്ചിൽ കുറയാത്തതും പത്തിൽ കൂടാത്തതുമായ യോഗപ്രതിനിധികൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. കൃത്യം 2.30 ന് ആരംഭിക്കുന്ന സമ്മേളനം 4 മണിയോടെ അവ സാനിക്കുന്നതാണ്.

ഓരോ ഇടവകയിൽനിന്നുമുള്ള പ്രതിനിധികളുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള പേരുവിവരം സെപ്റ്റംബർ 26 തിങ്കളാഴ്ച വൈകുന്നേരം അഞ്ചു മണിക്കുമുമ്പായി ഫാമിലി

അപ്പോസ്തലേറ്റ് ഡയറക്ടർ, റവ. ഫാ. ജോസഫ് കുറ്റിയാങ്കൽ (Contact No. 8078154099) അല്ലെങ്കിൽ എസ്.എം.വൈ.എം. ഡയറക്ടർ, റവ. ഫാ. മാണി കൊഴുപ്പൻകുറ്റി (Contact No. 9961321410) എന്നിവരുടെ പക്കൽ നേരിട്ടോ അല്ലെങ്കിൽ നൽകിയിരിക്കുന്ന നമ്പർ മുഖേന വാട്സ്ആപ്പ് ആയോ നൽകേണ്ടതാണ്.

എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവം,

മെത്രാസനമന്ദിരം
പാലാ, 17.09.2022

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB : ജാഗ്രത പ്രവർത്തന രൂപതാതല ഉദ്ഘാടനത്തെ സംബന്ധിച്ച് ആവശ്യമായ വിശദീകരണം ഞായറാഴ്ചത്തെ വി. കുർബാനമദ്ധ്യേയുള്ള സുവിശേഷസന്ദേശത്തിനുശേഷം വായിക്കാൻ നല്കപ്പെട്ടത്.

സർക്കുലർ- 303

# പാലാ കാരിത്താസ് ഞായർ

മിശിഹായിൽ പ്രിയബഹുമാനപ്പെട്ട വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

"നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹന്നാൻ 13:35) എന്ന ഈശോയുടെ വാക്കുകൾ ഹൃദയത്തിലേറ്റുവാങ്ങി നമ്മൾ ആരംഭിച്ച പാലാ കാരിത്താസ് എന്ന കാരുണ്യസ്പർശപദ്ധതി പത്താമതു വർഷത്തിലേക്കു പ്രവേശിക്കുകയാണ്. 2013 ലെ വിശ്വാസവർഷാചരണങ്ങളുടെ ഭാഗമായി നമ്മുടെ രൂപത വിഭാവനംചെയ്ത ഈ സ്വപ്ന പദ്ധതിയിലൂടെ സാമ്പത്തിക ബുദ്ധിമുട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് തൊഴിലധിഷ്ഠിത ഉന്നതവിദ്യാഭ്യാസം ലഭ്യ മാക്കുന്നതിനായി പലിശരഹിതവായ്പകൾ നൽകുകയാണു ചെയ്യുന്നത്.

വിദ്യാഭ്യാസരംഗം ചെലവേറിയ ഒരു അവസ്ഥയിലെ ത്തിനിൽക്കുന്ന ഈ വേളയിൽ ഒരുപക്ഷേ, സാധാരണക്കാരന് ഇത് അന്യമായിപ്പോകാമെന്ന ആശങ്കയിലാണ് അവർക്കു പകാരമാകുമെന്ന പ്രത്യാശയിൽ പാലാ കാരിത്താസ് രൂപമെടു ക്കാനിടയായത്. ദാതാക്കളിൽനിന്നു സഹായം സ്വീകരിച്ച് അർ ഹിക്കുന്നവർക്കു നൽകുകയാണ് ഈ പദ്ധതിയിലൂടെ ചെയ്യു ന്നത്. സ്വീകർത്താക്കൾ അത് ഉപയോഗിച്ച് പഠിച്ച് ജോലിയിൽ പ്രവേശിച്ചുകഴിഞ്ഞാൽ അവരും വരുമാനത്തിന്റെ ഒരംശം നൽകി ദാതാക്കളാവുകയാണ്.

പാലാ കാരിത്താസ് ഒരു കൂട്ടായ്മയാണ്, കൊടുക്കു ന്നവരുടെയും സ്വീകരിക്കുന്നവരുടെയും കൂട്ടായ്മ. പ്രാർത്ഥന വഴിയും സാമ്പത്തികസഹായങ്ങൾവഴിയും രൂപതാംഗങ്ങൾ എല്ലാവരും പാലാ കാരിത്താസ് കൂട്ടായ്മയുടെ അംഗങ്ങൾ

ആകണം. പാലാ കാരിത്താസിന്റെ പ്രഥമ ഡയറക്ടർ ബഹുമാനപ്പെട്ട ജോർജ് കക്കാട്ടിൽ അച്ചനെയും 2018 മുതൽ 2022 മെയ് വരെ ശുശ്രൂഷ ചെയ്തിരുന്ന ബഹുമാനപ്പെട്ട മാത്യു കിഴക്കേ അരഞ്ഞാണിയിൽ അച്ചനെയും നന്ദിയോടെ ഓർക്കുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട കുര്യാക്കോസ് വെള്ളച്ചാലിൽ അച്ചനെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്.

നാളിതുവരെ 1325 കുട്ടികൾക്കു സഹായം നൽകുവാൻ നമുക്കു സാധിച്ചു. ഏകദേശം നാലരക്കോടിയോളം രൂപ ഇതിനോടകം പലിശരഹിതവായ്പയായി വിതരണം ചെയ്തു. നമ്മുടെ രൂപതാകേന്ദ്രത്തിലാണ് പാലാ കാരിത്താസിന്റെ ഓഫീസ് പ്രവർത്തിക്കുന്നത്. നാളിതുവരെ ഈ പദ്ധതിയോടു സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു. ഇനിയും എല്ലാ സുമനസ്സുകളുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുകയാണ്. കൂടാതെ, ഒക്ടോബർ മാസം 16-ാം തീയതി സ്വീകരിക്കുന്ന സ്തോത്രക്കാഴ്ച ഈ നിയോഗത്തിനായി നൽകുന്നതിനു പരിശ്രമിക്കുമല്ലോ. എല്ലാ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 29.09.2022

---

NB: 2022 ഒക്ടോബർ 9-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ എല്ലാ ദേവാലയങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ - 304

# പ്രതിനിധിയോഗ തിരഞ്ഞെടുപ്പ് കാലാവധിയും നിർദ്ദേശങ്ങളും

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,

കോവിഡ് 19 നോടനുബന്ധിച്ചുള്ള ഗവൺമെന്റ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ 08.05.2020-ൽ നൽകിയ സർക്കുലർ 270 പ്രകാരം കാലാവധി പൂർത്തിയാക്കിയ പ്രതിനിധിയോഗങ്ങൾക്ക് തുടർന്നു പ്രവർത്തിക്കുവാനുള്ള അനുമതിയും 03.03.2021-ൽ നൽകിയ സർക്കുലർ 282-ലൂടെ കാലാവധി ഇതിനോടകം പൂർത്തിയാക്കിയതും അടുത്ത് പൂർത്തിയാക്കുന്നതുമായ പ്രതിനിധിയോഗങ്ങൾക്ക് പകരം കോവിഡ് വ്യാപനം പൂർണ്ണമായും മാറിയിട്ടില്ലാത്ത പശ്ചാത്തലത്തിൽ അനുകൂലമാകുന്ന സാഹചര്യത്തിൽ തെരഞ്ഞെടുപ്പു നടത്തുന്നതിന് നിർദ്ദേശവും തന്നിരുന്നല്ലോ.

എന്നാൽ ഇപ്പോൾ കോവിഡിനോടനുബന്ധിച്ചുള്ള സാഹചര്യങ്ങൾ നിയന്ത്രണവിധേയമായതിനാലും ഗവണ്മെന്റ് നിയന്ത്രണങ്ങൾ നിലവിലില്ലാത്തതിനാലും, പ്രതിനിധിയോഗാംഗങ്ങളുടെ തെരഞ്ഞെടുപ്പുതടസ്സം കൂടാതെ നടത്തുവാൻ കഴിയുമല്ലോ. ആയതിനാൽ **കാലാവധി ഇതിനോടകം പൂർത്തിയാക്കി തെരഞ്ഞെടുപ്പു നടത്തിയിട്ടില്ലാത്ത ഇടവകകൾ 2022 ഡിസംബർ മാസം 31-ാം തീയതിക്കുമുമ്പായി തെരഞ്ഞെടുപ്പു നടത്തി പുതിയ പ്രതിനിധിയോഗം രൂപീകരിക്കേണ്ടതാണ്.** കാലാവധി അടുത്ത കാലങ്ങളിൽ പൂർത്തിയാവുന്ന ഇടവകകളിലും യഥാസമയം തെരഞ്ഞെടുപ്പു നടത്തി പുതിയ പ്രതിനിധിയോഗം രൂപീകരിക്കണം.

അതുകൊണ്ട് **2023 ജനുവരി 1-ാം തീയതി മുതൽ കാലാവധി തീരുന്ന പ്രതിനിധിയോഗത്തിനുതുടർന്ന്**

**പ്രവർത്തിക്കുവാൻ അനുമതി ഉണ്ടാവുകയില്ല.** ഏതെങ്കിലും ഇടവക ഇപ്രകാരം തെരഞ്ഞെടുപ്പു നടത്തുവാൻ ഗൗരവതരവും അസാധ്യവുമായ സാഹചര്യങ്ങൾ അഭിമുഖീകരിക്കുന്ന പക്ഷം ഒഴിവ് ആവശ്യമെങ്കിൽ, യോഗനിശ്ചയം ചെയ്ത് രൂപതാകച്ചേരിയിൽ നിന്ന് അനുമതിക്കായി അപേക്ഷിക്കേണ്ടതും രൂപതാദ്ധ്യക്ഷന്റെ അംഗീകാരം ലഭിക്കേണ്ടതുമാണ്.

നിയമാവലി അനുശാസിക്കുംവിധം അനുബന്ധ പ്രക്രിയകൾ പൂർത്തിയാക്കി തെരെഞ്ഞെടുപ്പ് നടത്തി പുതിയ യോഗാംഗങ്ങളുടെ **പേര് വിവരങ്ങൾ (ഔദ്യോഗിക പേര്, വീട്ടുപേര്, വാർഡ് / സംഘടന)** തെരഞ്ഞെടുപ്പിൽ സംബന്ധിച്ചവരുടെ ലിസ്റ്റുസഹിതം അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ, ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ കൂടി ഓർമ്മിപ്പിക്കുന്നു.

1. രൂപതയുടെ 2020-ൽ പ്രാബല്യത്തിൽ വന്ന പുതിയ നിയമാവലി അനുസരിച്ചാവണം തിരഞ്ഞെടുപ്പ് നടത്തേണ്ടത്. (അദ്ധ്യായം 16, പള്ളിയോഗ നടപടികൾ ഖണ്ഡം III നമ്പർ 9 -18, പേജ് 391- 404).
2. പള്ളിയോഗ നടപടിക്രമങ്ങൾ അനുശാസിക്കും പ്രകാരം വാർഡിൽനിന്നു തെരഞ്ഞടുക്കപ്പെടുന്ന പ്രതിനിധികളുടെ എണ്ണം 10-30 ആയി നിജപ്പെടുത്തേണ്ടതാണ്. (പള്ളിയോഗ നടപടിക്രമങ്ങൾ നമ്പർ - 10.1, പേജ് 395) ടി. എണ്ണത്തിൽ കൂടുതലോ കുറവോ ആവശ്യമെങ്കിൽ തെരഞ്ഞെടുപ്പു പ്രക്രിയ ആരംഭിക്കുംമുമ്പ് യോഗനിശ്ചയം ചെയ്തു രേഖാമൂലം അപേക്ഷ സമർപ്പിച്ച് രൂപതാദ്ധ്യക്ഷന്റെ മുൻകൂട്ടിയുള്ള അനുവാദം നേടുവാൻ ശ്രദ്ധിക്കേണ്ടതാണ്.
3. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ സംഖ്യ വാർഡുകളിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നവരുടെ ആകെ എണ്ണത്തിന്റെ മൂന്നിലൊന്നിൽ കൂടുതൽ ആകരുത്. (രൂപതാനിയമം 9.4, പേജ് 394 - 395).

4. യോഗപ്രതിനിധികളായി വാർഡുകളിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നവരിൽ 30% സ്ത്രീ പ്രാതിനിധ്യം നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്. (പള്ളിയോഗ നടപടിക്രമങ്ങൾ No.10.1.6° പേജ് 395 - 396). ഇക്കാര്യത്തിനായി ഏതാനും വാർഡുകൾ മുൻകൂട്ടി ക്രമീകരിക്കുന്നത് നന്നായിരിക്കും.
5. ദളിത് കത്തോലിക്കാ പ്രതിനിധികളുടെ എണ്ണവും നിയമാവലിപ്രകാരം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. (പള്ളിയോഗ നടപടിക്രമങ്ങൾ നമ്പർ 9.3.2, പേജ് 394).
6. രൂപതാ നിയമമനുസരിച്ച് അംഗീകൃതങ്ങളായ ഇടവകസംഘടനകൾ (പള്ളിയോഗ നടപടിക്രമങ്ങൾ നമ്പർ 9.2, പേജ് 392 - 393) അവരുടെ പ്രതിനിധിയെ തിരഞ്ഞെടുക്കേണ്ടത് ബഹു. വികാരി / അസ്തേന്തിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിലാവണം. തെരഞ്ഞെടുപ്പിൽ പങ്കെടുത്ത സംഘടനാംഗങ്ങളുടെ ലിസ്റ്റ് രൂപതാകച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.
7. യോഗാംഗങ്ങളുടെ, അംഗീകാരത്തിനായി സമർപ്പിക്കുന്ന ലിസ്റ്റ് താഴെ നൽകുന്ന രീതിയിൽ ക്രമീകരിക്കേണ്ടതാണ്. (പള്ളിയോഗ നടപടിക്രമങ്ങൾ No.10.8.1°,2° പേജ് 395 - 396).

1. ഔദ്യോഗികഅംഗങ്ങൾ (Ex-Officio Members)
2. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ (Elected Members) (വാർഡുകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവിടങ്ങളിൽനിന്നുള്ളവർ)
3. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ (Nominated Members)

മിശിഹായിൽസ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 30.09.2022

സർക്കുലർ - 305

*ബഹു. വികാരിയച്ചന്മാരുടെയും സന്യാസസമൂഹങ്ങളുടെ സുപ്പീരിയേഴ്സിന്റെയും ശ്രദ്ധയ്ക്ക്*

# വിശുദ്ധകുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ ബഹു. സിസ്റ്റേഴ്സിന് പ്രത്യേക കോഴ്സ്

നമ്മുടെ സഭയിൽ വി. കുർബാനമധ്യേ വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ അസാധാരണശുശ്രൂഷകർക്ക് (Extra Ordinary Ministers) നിബന്ധനകളോടെ സഭയുടെ പ്രത്യേക നിയമം അനുവാദം നൽകുന്നുണ്ടല്ലോ. വൈദികർക്കും ഡീക്കന്മാർക്കും പുറമേ കറോയപട്ടം എങ്കിലും സ്വീകരിച്ച ദൈവശാസ്ത്രവിദ്യാർത്ഥികൾ, നിത്യവ്രതവാഗ്ദാനം കഴിഞ്ഞ സന്യാസസഹോദരന്മാർ, നിത്യവ്രതവാഗ്ദാനം കഴിഞ്ഞ സന്യാസിനികൾ, സ്വഭാവഗുണമുള്ളവരും ഏവർക്കും സുസമ്മതരുമായ അത്മായർ എന്നിവരാണ് പ്രത്യേക നിയമംവഴി അനുവാദം നൽകപ്പെടാവുന്നവരുടെ പരിധിയിൽ വരുന്നത് (Code of Particular Law of the Syro-Malabar Church, Art.144 & രൂപതാ നിയമാവലി അദ്ധ്യായം 10:10.15 Nos. 628-637, പേജ് 238 - 240).

ഇടവകവികാരിയുടെ നിർദ്ദേശാനുസരണം ആവശ്യമുള്ള അവസരങ്ങളിൽ മാത്രമാണ് ഇപ്രകാരം നിയോഗിക്കപ്പെടുന്ന സിസ്റ്റേഴ്സ് തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കുന്നത്. രോഗികൾക്കു ഭവനങ്ങളിൽ വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കാൻ വൈദികർക്കുമാത്രമേ അനുവാദമുള്ളൂ. ഇപ്രകാരം പ്രത്യേക അനുവാദം ലഭിക്കുന്ന ബഹു. സിസ്റ്റേഴ്സിന് അവരുടെ മഠത്തിനുള്ളിൽ രോഗികളായോ ഇടവകപ്പള്ളിയിൽ പോകുവാൻ കഴിയാത്തവരായോ ഉള്ള ബഹു. സിസ്റ്റേഴ്സിന്

വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കാവുന്നതാണ്. ഇത് ബഹു. വൈദികരുടെ ശുശ്രൂഷയ്ക്ക് പകരമാകരുത്.

നമ്മുടെ ഇടവകകളുടെ അജപാലന ആവശ്യങ്ങൾ പരിഗണിച്ച് നമ്മുടെ രൂപതയിൽ ഇടവക ദേവാലയത്തിൽ വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ 2011, 2013, 2016, 2019 എന്നീ വർഷങ്ങളിൽ രൂപതാകേന്ദ്രം ബഹു. സിസ്റ്റേഴ്സിന് പ്രത്യേക പരിശീലനക്ലാസ്സുകളും അതേതുടർന്ന് അനുമതി പത്രവും (സർട്ടിഫിക്കേറ്റ്) നൽകിയിരുന്നു.

വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ ബഹു. സിസ്റ്റേഴ്സിനുള്ള അനുമതി കാലാവധി അവസാനിച്ചിരിക്കുന്നതിനാൽ ഈ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്നവരെ സജ്ജരാക്കുവാൻവേണ്ടി ഒരു **ഓറിയന്റേഷൻ കോഴ്സ് രണ്ടു ബാച്ചുകളിലായി (2022 ഒക്ടോബർ 15 ശനി, 2022 ഒക്ടോബർ 24 തിങ്കൾ) ഫൊറോനകൾ തിരിച്ചു ക്രമീകരിക്കുകയാണ്.**

***Batch I***

**2022 October 15, Saturday, 02.00pm – 04.00pm**

***Venue***

**MuthiyammaHall, Major Archiepiscopal Marth Mariam Archdeacon Pilgrim Centre, Kuravilangad**

***Foranes***

**Cherpunkal, Elanji, Kaduthuruthy, Kothanalloor, Kuravilangad, Muttuchira, Ramapuram**

***Batch II***

**2022 October 24, Monday, 02.00pm – 04.00pm**

***Venue***

**Parish Hall, St. Mary's Forane Church Bharananganam**

***Foranes***

**Palai Cathedral,Aruvithura, Bharananganam, Koottickal, Moolamattam, Kadanad, Poonjar, Pravithanam,Teekoy,Thudanganad**

ഈ കോഴ്സിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് പുതുക്കുന്നവർക്കും പുതുതായി സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്കുമാണ് ബഹു. വികാരിയുടെ നിർദ്ദേശമനുസരിച്ച് ഇടവകദേവാലയത്തിൽ വിശ്വാസികൾക്ക് വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ അനുവാദമുണ്ടായിരിക്കുക. ആയതിനാൽ പുതുതായി ഈ ശുശ്രൂഷയ്ക്കു നിയോഗിക്കപ്പെടുന്നവരും രൂപതാകേന്ദ്രം മുൻ വർഷങ്ങളിൽ ഇതിനുവേണ്ടി നടത്തിയ കോഴ്സിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് ലഭിച്ചവരിൽ ഈ ശുശ്രൂഷ തുടരാൻ ആഗ്രഹിക്കുന്നവരും ഇപ്പോൾ നടത്തപ്പെടുന്ന ഓറിയന്റേഷൻ കോഴ്സിൽ നിർദ്ദിഷ്ട ബാച്ചിൽ നിർബന്ധമായും സംബന്ധിച്ചിരിക്കണം. ഇതിനോടകം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവർ പുതുക്കി ലഭിക്കുവാനായി ഈ കോഴ്സിൽ പങ്കെടുക്കുവാൻ വരുമ്പോൾ സർട്ടിഫിക്കറ്റുകൂടി കരുതിയിരിക്കണം. ഒഴിവാക്കാൻ പറ്റാത്ത അസൗകര്യമുള്ളവർ മുൻകൂട്ടി അറിയിച്ച് ബാച്ചുമാറി സംബന്ധിക്കാം.

**ഈ ഓറിയന്റേഷൻ കോഴ്സിൽ പങ്കെടുക്കുവാൻ നിയോഗിക്കപ്പെടുന്ന ബഹു. സിസ്റ്റേഴ്സിന്റെ പേര്, കോൺഗ്രിഗേഷൻ, ഇടവക, അനുമതി പുതുക്കാൻ / അനുമതി പുതുതായി ലഭിക്കാൻ - എന്നിവ കൃത്യമായി ഉൾക്കൊള്ളിച്ച് ബഹു. വികാരിയച്ചന്മാർ രേഖാമൂലമുള്ള ശുപാർശയോടെ ഒന്നാം ബാച്ചിൽ സംബന്ധിക്കുന്നവർ 2022 ഒക്ടോബർ പതിമൂന്നാം തീയതിക്കുമുമ്പായും രണ്ടാം ബാച്ചിൽ സംബന്ധിക്കുന്നവർ 2022 ഒക്ടോബർ ഇരുപത്തിയൊന്നാം തീയതിക്കു മുമ്പായും രൂപതാ കേന്ദ്രത്തിൽ (The Eparchial Curia, Bishop's House, Palai – 686 575) നൽകേണ്ടതാണ്.** ഓരോ ഇടവകയുടേയും ആവശ്യമനുസരിച്ച് ബഹു. മദർ സുപ്പീരിയർ ഉൾപ്പെടെ നിത്യവ്രതവാഗ്ദാനം നടത്തിയ അനുയോജ്യരും ആരോഗ്യവുമുള്ളവരുമായ സിസ്റ്റേഴ്സിനെയാണ് ഈ കോഴ്സിൽ പങ്കെടുപ്പിക്കേണ്ടത്. നമ്മുടെ ഇടവകകളിൽ ഈ ശുശ്രൂഷ നിർവ്വഹിക്കുവാൻ സിസ്റ്റേഴ്സിനെ സജ്ജരാക്കുവാൻ ബഹു. വികാരിയച്ചന്മാർ താല്പര്യപ്പെടുമല്ലോ.

വി. കുർബാന എഴുന്നള്ളിച്ചു കൊടുക്കുവാൻ നിയോഗി ക്കപ്പെടുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു.

1. ബഹു. സിസ്റ്റേഴ്സ് വി. കുർബാന എഴുന്നള്ളിച്ച് കൊടു ക്കുവാൻ നിർദ്ദിഷ്ടവസ്ത്രങ്ങൾ അണിയേണ്ടതാണ്. വേദകു സ്തായുടെ മാതൃകയിൽ ഏതാണ്ട് രണ്ടുമീറ്റർ നീളവും 45 സെ. മീ. വീതിയും അതിന്റെ നാലുവശത്തും ലേസും കുറിയ വശ ങ്ങളിൽ അലുക്കും നടുവിൽ മാർ ത്തോമാസ്ലീവായും ഉള്ള ക്രീം നിറത്തിലുള്ള പോളിസ്റ്റർ ഷാൾ ആയിരിക്കണം അണി യേണ്ടതാണ്.

2. കുർബാന സ്വീകരണത്തിന് തൊട്ടുമുൻപുള്ള ആശീർവ്വാ ദത്തിനുശേഷം ബഹു. വൈദികർ വി. കുർബാന ഉൾക്കൊ ള്ളുന്ന കുസ്തോദി മദ്ബഹായുടെ കവാടത്തിൽ എത്തിച്ച് ബഹു. സിസ്റ്റേഴ്സിന് വി. കുർബാന എഴുന്നള്ളിച്ചുകൊടുത്ത ശേഷം കുസ്തോദി അവരെ ഏല്പിക്കുന്നു. ബഹു. സിസ്റ്റേഴ്സ് കുസ്തോദി സ്വീകരിച്ച് വിശ്വാസികൾക്ക് വി. കുർബാന എഴു ന്നള്ളിച്ചുകൊടുക്കുന്നു. വി. കുർബാന കൊടുത്തു കഴിയു മ്പോൾ മദ്ബഹായുടെ കവാടത്തിൽവച്ച് കുസ്തോദി വൈദി കരെ ഏല്പിക്കുന്നു. തുടർന്ന് സങ്കീർത്തിയിൽവച്ച് കൈകൾ കഴുകിതുടച്ചശേഷം സ്വസ്ഥാനങ്ങളിലേയ്ക്കു പോകുന്നു.

വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ അസാധാ രണശുശ്രൂഷകരായി (Extra Ordinary Ministers) നിയോഗിക്ക പ്പെട്ടിരുന്ന ബഹു. സിസ്റ്റേഴ്സിന്റെ ശ്രേഷ്ഠമായ സേവനത്തെ ഏറെ ആദരവോടെ നന്ദിപൂർവ്വം സ്മരിക്കുകയും പുതുതായി നിയോഗിക്കപ്പെടുന്നവർക്ക് ഈ ശുശ്രൂഷ യഥാവിധി നിർവ്വ ഹിക്കുവാൻ സാധിക്കട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു. വി. കുർബാനയിലൂടെ ഈശോയുടെ നിരന്തരമായ സാന്നിദ്ധ്യവും ദിവ്യമായ അനുഭവവും നിങ്ങൾക്കുണ്ടാകാൻ പ്രാർത്ഥിക്കുന്നു.

മിശിഹായിൽസ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 30.09.2022

## ബഹുമാനപ്പെട്ട വൈദികരുടെ ശ്രദ്ധയ്ക്ക്

# മൈലാപ്പൂർ

# മാർത്തോമ്മാശ്ലീഹാ കബറിടതീർത്ഥാടനം

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,


മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികത്തിന്റെയും കേരള സഭാനവീകരണാചരണത്തിന്റെയും ഭാഗമായി മൈലാപ്പൂരിലുള്ള മാർത്തോമ്മാ ശ്ലീഹായുടെ കബറിടത്തിലേക്കു രൂപതാവൈദികർക്കുവേണ്ടിയുള്ള തീർത്ഥാടനത്തെക്കുറിച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നമ്മുടെ വാർഷികധ്യാനാവസരത്തിൽ പങ്കുവച്ചിരുന്നല്ലോ. ഏതാനും ഗ്രൂപ്പുകളായി തീർത്ഥാടനകേന്ദ്രത്തിലേക്ക് ടൂറിസ്റ്റു ബസ്സിൽ നമുക്കു പോകാം.

തീർത്ഥാടനയാത്ര 2022 ഒക്ടോബർ 17-19, നവംബർ 14-16 തീയതികളിൽ രണ്ടു തവണകളായിട്ടായിരിക്കും. ആദ്യ ദിവസം ഉച്ചകഴിഞ്ഞ് യാത്ര ആരംഭിച്ച് പിറ്റേദിവസം സ്ഥലങ്ങൾ സന്ദർശിച്ച്, പ്രാർത്ഥിച്ച്, വിശുദ്ധ കുർബാന അർപ്പിച്ച് അന്നു വൈകുന്നേരത്തോടെ മടങ്ങി, മൂന്നാംദിവസം തിരിച്ചെത്തുന്ന രീതിയിലാണ് ക്രമീകരണം നടത്തുന്നത്. യാത്രച്ചെലവ് രൂപതയുടെ സമ്മാനമായിരിക്കും.

ആയതിനാൽ, പോകാൻ താത്പര്യമുള്ളവർ ഒക്ടോബർ മാസം ഒന്നാം തീയതി ശനിയാഴ്ചയ്ക്കുമുമ്പായി രൂപതാ പ്രൊക്കുറേറ്റർ, ബഹുമാനപ്പെട്ട ജോസ് മുത്തനാട്ട് അച്ചന്റെ (9447128014/8590204757) പക്കൽ വിവരം അറിയിക്കുമല്ലോ. ബസ്സുകളുടെ എണ്ണം ക്രമീകരിക്കുവാൻ ഇതു സഹായകരമാവും. തീർത്ഥാടനത്തിനു പോകുന്നവർക്ക് ആവശ്യമായ വിവരങ്ങൾ യഥാസമയം അറിയിക്കുന്നതായിരിക്കും.

വിശുദ്ധ കുർബാന അർപ്പിക്കുന്നതിനാൽ തിരുവസ്ത്രങ്ങൾ (കാപ്പ ഉൾപ്പെടെ) കരുതുവാൻ മറക്കില്ലല്ലോ. ആദ്യബാച്ചിൽ പോകുവാൻ താത്പര്യപ്പെടുന്നവർ ഒക്ടോബർ മാസാചരണത്തിന് അസൗകര്യമുണ്ടാകാതെ പള്ളിയിൽ വേണ്ട ക്രമീകരണം ചെയ്യുമല്ലോ.

സ്നേഹപൂർവം



ബിഷപ്സ് ഹൗസ്
പാലാ, 22.09.2022

**ഫാ. ജോസഫ് തടത്തിൽ**
പ്രോട്ടോ സിഞ്ചെല്ലൂസ്

## രൂപത ഡയറക്ടറി

രൂപത ഡയറക്ടറി 2022– 2023 തയ്യാറായിരിക്കുന്നു. രൂപതാകേന്ദ്രത്തിലെ ഫിനാൻസ് ഓഫീസിൽനിന്ന് ലഭിക്കുന്നതാണ്. (വില 225 രൂപ)

# അറിയിപ്പ്

1. **2022 ഒക്ടോബർ 14 വെള്ളിയാഴ്ച നമ്മുടെ രൂപതയിൽ വൈദികർക്കും സന്ന്യസ്തർക്കുംവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനാദിനമായി ആചരിക്കുന്നു.** അന്നേ ദിവസം കത്തീഡ്രൽ ദൈവാലയത്തിൽ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ പ്രാർത്ഥനാശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും ആ പ്രാർത്ഥനാശൂശ്രൂഷയിൽ സംബന്ധിക്കുകയും വൈദികർക്കും സന്ന്യസ്തർക്കുംവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്.
2. ഒക്ടോബർ മാസം ജപമാലമാസമായി ആചരിക്കേണ്ടതാണ്. **2022 ഒക്ടോബർ 31 തിങ്കളാഴ്ച** ജപമാല മാസാചരണസമാപനത്തിൽ കത്തീഡ്രൽ ദൈവാലയത്തിൽ അർപ്പിക്കുന്ന പരിശുദ്ധ കുർബാനമധ്യേ രൂപതയിലെ ദൈവജനത്തെ മുഴുവൻ പരിശുദ്ധ ദൈവമാതാവിനു സമർപ്പിച്ചു വിമലഹൃദയപ്രതിഷ്ഠ നടത്തുന്നതാണ്.

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 31.08.2022

# NEEDY CHURCH FUND 2022-23

| Sl. No. | Parish | Sanctioned Amount (RS.) |
|---|---|---|
| 1 | Adivaram | 50,000 |
| 2 | Alphonsapuram | 50,000 |
| 3 | Chittar | 2,00,000 |
| 4 | Cholathadam | 50,000 |
| 5 | Edadu | 75,000 |
| 6 | Edappady | 75,000 |
| 7 | Eravimangalam | 1,00,000 |
| 8 | Fathimapuram | 2,00,000 |
| 9 | Gagultha | 1,00,000 |
| 10 | Jaigiri | 2,00,000 |
| 11 | Jose Mount (Illiary) | 1,00,000 |
| 12 | Kaippally | 1,00,000 |
| 13 | Kavaly | 1,00,000 |
| 14 | Kaveekkunnu | 1,00,000 |
| 15 | Kayyoor | 2,00,000 |
| 16 | Kudayathoor | 5,00,000 |
| 17 | Kulamavu | 1,00,000 |
| 18 | Kurinji | 1,00,000 |
| 19 | Malappuram | 5,00,000 |
| 20 | Mattakkara | 2,50,000 |
| 21 | Mount Nebo | 3,00,000 |
| 22 | Mutholapuram | 2,50,000 |
| 23 | Pala Communications | 1,00,000 |
| 24 | Palakad | 2,00,000 |
| 25 | Payyanithottam | 2,00,000 |
| 26 | Poor Clares of Perpectual Adoration | 3,00,000 |

| | | |
|---|---|---|
| 27 | Poozhikkol | 50,000 |
| 28 | Santhigiri | 2,00,000 |
| 29 | SMYM Pala | 1,00,000 |
| 30 | Thirumarady | 1,00,000 |
| 31 | Urulikunnam | 75,000 |
| 32 | Varianikad | 1,50,000 |
| 33 | Vagamon | 2,00,000 |
| 34 | Vakkad | 1,00,000 |
| 35 | Vedagiri | 1,50,000 |
| 36 | Vellikulam | 2,00,000 |
| 37 | Velliamattom | 1,00,000 |
| 38 | Yenthayar | 1,00,000 |

## അറിയിപ്പ്

### മിഷൻസൺഡേ

ഒക്ടോബർ 23-ാം തീയതി മിഷൻ ഞായറാഴ്ചയാണല്ലോ. അന്നേദിവസം വി. കുർബാനമദ്ധ്യേ മിഷൻഞായർ ദിനപിരിവ് നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക നവംബർ 15-ാം തീയതിക്കു മുമ്പായി ബഹു. രൂപതാ പ്രൊക്യുറേറ്റർ അച്ചനെ ഏല്പിക്കുകയും ചെയ്യുമല്ലോ.

ഇടവകകളും സ്കൂളുകളും സ്ഥാപനങ്ങളും ഈ സംരംഭത്തിൽ സംബന്ധിക്കണമെന്നു പ്രത്യേകം താത്പര്യപ്പെടുന്നു. മുൻവർഷങ്ങളിലേതുപോലെ മിഷൻസൺഡേ കളക്ഷനു വിവിധ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സമ്മാനങ്ങൾ നൽകുന്നതാണ്.

# പാലാ ഹോം പ്രോജക്ട്

**സാമ്പത്തികസഹായം ലഭിച്ചവർ**

| | | Amount From Centre | Amount From Parish & Congregation |
|---|---|---|---|
| 1 | സക്കറിയ തമ്പഴ, മണലുങ്കൽ | 30,000 | |
| 2 | ബിന്ദു കെ., ഇടപ്പാടി | 32,000 | |
| 3 | ജയിംസ് ദേവസ്യാ, സിബിഗിരി | 50,000 | |
| 4 | കുഞ്ഞുമോൻ, സിബിഗിരി | 50,000 | |
| 5 | സോണി, സിബിഗിരി | 50,000 | |
| 6 | ബിന്ദു ബൈജു, മൂലമറ്റം | 25,000 | |
| 7 | സ്റ്റീഫൻ, കുറിച്ചിത്താനം | 50,000 | |
| 8 | അജിമോൻ, കയ്യൂർ | 3,00,000 | |
| 9 | ശശി, തിടനാട് | 48,780 | |
| 10 | തോമസ്, തിടനാട് | | 10,000 |
| 11 | മേരി, തിടനാട് | | 10,000 |
| 12 | ഔസേപ്പച്ചൻ, തിടനാട് | | 30,000 |
| 13 | ജോഷി, തിടനാട് | | 30,000 |
| 14 | ഔസേപ്പ്, തിടനാട് | | 40,000 |
| 15 | ഷിബു, തിടനാട് | | 50,000 |
| 16 | തങ്കമ്മ, തിടനാട് | | 50,000 |
| 17 | തങ്കമ്മ ജോൺ, കുറവിലങ്ങാട് | | 97,000 |
| 18 | ജസി സാബു, കുറവിലങ്ങാട് | | 32,000 |
| 19 | മേരി, കുറവിലങ്ങാട് | | 45,114 |
| 20 | ജോസഫ്, കുറവിലങ്ങാട് | | 44,480 |

**സാമ്പത്തികസഹായം നൽകിയവർ**

| | |
|---|---|
| പ്രവാസി അപ്പസ്തോലേറ്റ് പാലാ, കുവൈറ്റ് | 50000 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സുമാർക്കായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നേഴ്സുമാർക്കായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക്-ഇൻ-ഇന്റർവ്യൂ സംഘടിപ്പിക്കുന്നു. ജി.എൻ.എം നഴ്സിംഗ് ഡിഗ്രിയും കേരള നേഴ്സിങ് കൗൺസിൽ രജിസ്ട്രേഷനും ഉള്ളവർക്ക് പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്മെന്റിൽ ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക് 918852970, 8281699255, 04822266813/614 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ കേന്ദ്ര സർക്കാർ അംഗീകൃത കോഴ്സ്**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് ഡി എ (ദൈർഘ്യം 1 കൊല്ലം) ഹൗസ് കീപ്പിങ് അറ്റന്റ് ദൈർഘ്യം 6 മാസം) എന്നീ കോഴ്സുകളിലേക്ക് പ്രവേശനം തുടരുന്നു. ഇന്ത്യയിൽ വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന ആരോഗ്യമേഖലയിൽ ഒട്ടനവധി ജോലിസാധ്യതകളാണുള്ളത്. ഇത് മുൻനിർത്തി തൊഴിൽ മേഖലയിൽ വൈദഗ്ധ്യം നേടുന്നതിനുള്ള പ്രായോഗികപരിശീലനത്തിന് മുൻതൂക്കം നൽകുന്ന നിലയിലാണ് മാർ സീവാ മെഡിസിറ്റി പാലായിൽ കോഴ്സുകളുടെ ഘടന നിശ്ചയിച്ചിരിക്കുന്നത് തിരഞ്ഞെടുക്കുന്ന ഐച്ഛികവിഷയത്തിൽ വിദ്യാർഥികൾക്ക് ആവശ്യമായ പ്രായോഗികപരിജ്ഞാനം നേടുന്നതിനു പഠനത്തോടൊപ്പം അവസരവും ഉണ്ടായിരിക്കും പഠനത്തിൽ മികവ് പുലർത്തുന്നവർക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽത്തന്നെ ജോലി ലഭിക്കാൻ മുൻഗണന ലഭിക്കും യോഗ്യത 10 ക്ലാസ്. കൂടുതൽ വിവരങ്ങൾക്ക് 8281699240 എന്ന നമ്പറിൽ അക്കാഡമിക് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടാം.

**വൈകുന്നേരങ്ങളിൽ ഒ.പി. സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ**

തിങ്കൾമുതൽ ശനി വരെയുള്ള ദിവസങ്ങളിൽ ഒ.പി. സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ ഇന്റേണൽ മെഡിസിൻ

വിഭാഗത്തിലെ ഡോ. അയ്യപ്പൻ കെ. അനിലിന്റെ സേവനം വൈകുന്നേരം 5 മുതൽ 7 വരെ ലഭ്യമാണ്.

**ബിബ്ലിയോതെക് 2022 - പുസ്തകസംഭാവന ക്യാമ്പയിൻ സംഘടിപ്പിച്ചു.**

അക്കാഡമിക് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ബിബ്ലിയോതെക് എന്ന പേരിൽ പുസ്തകസംഭാവന ക്യാമ്പയ്ൻ മാർ സ്ലീവാ മെഡിസിറ്റിയിൽ സംഘടിപ്പിച്ചു. സെപ്റ്റംബർ 2 മുതൽ 13 വരെ നടന്ന ക്യാമ്പയ്ൻവഴി ലൈബ്രറിയുടെ വളർച്ചയ്ക്കായി ഉതകുന്ന മെഡിക്കൽ, നഴ്സിംഗ്, ഫാർമസി, സൈക്കോളജി മുതലായ വിഷയങ്ങളിലുള്ള നിരവധി പുസ്തകങ്ങൾ സംഭാവനയായി ലഭിച്ചു.

**മാർ സ്ലീവാ മെഡിസിറ്റി പാലാ നാലാം വർഷത്തിലേക്ക്**

മാർ സ്ലീവാ മെഡിസിറ്റി പാലാ മൂന്നാം വാർഷികത്തോടനുബന്ധിച്ചു ജനങ്ങൾക്ക് സഹായകമാകുന്ന വിവിധ കർമ്മപരിപാടികൾക്കു തുടക്കംകുറിച്ചു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ച പരിപാടിയിൽ ഒരു കൊല്ലം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളുടെ പ്രതീകമായി ലോഗോ "മാർ സ്ലീവാ മെഡിസിറ്റി പാലാ 4.0" പ്രകാശനം ചെയ്തു. പുതിയ വെബ്സൈറ്റ്, അക്യൂട്ട് റീഹാബിലിറ്റേഷൻ യൂണിറ്റ്, പുതിയ സർവീസ് സെന്ററുകൾ, സീനിയർ സിറ്റിസെൻസ് സേവനങ്ങൾ, നാച്ചുറോപ്പതി, ജീവനക്കാർക്കുള്ള പ്രത്യേക ചികിത്സാപദ്ധതി, മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റ് സേവനങ്ങൾ തുടങ്ങി പതിനെട്ടോളം പദ്ധതികളാണ് പന്ത്രണ്ടു മാസത്തിൽ പൂർത്തീകരിക്കുക.

## NEW DOCTORS (SEPTEMBER)

1. ഡോ. വിഷ്ണു മോഹൻ ഫിസിഷ്യൻ, നാച്ചുറോപ്പതി
2. ഡോ. എസ് ശ്രീനിവാസൻ റേഡിയോളജിസ്റ്റ് റേഡിയോഡയഗ്നോസിസ് & ഇമേജിങ്
3. ഡോ. അരുൺ ജോർജ് തറയാനിൽ സീനിയർ കൺസൾട്ടന്റ്, ന്യൂറോളജി

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

1. മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപതാമെത്രാൻ)
2. മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രെയിറ്റ് ബ്രിട്ടൻ രൂപതാമെത്രാൻ)

ഫാദർ ബാബു കാക്കാനിയിൽ അന്യസംസ്ഥാനക്കാർക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

**രാത്രിയാരാധന**

പാലാ രൂപത കരിസ്മാറ്റിക് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നടത്തിയ രാത്രിയാരാധനയ്ക്ക് ബ്രദർ തോമസ് കുമളി നേതൃത്വം നൽകി.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

## വിശ്വാസപരിശീലനകേന്ദ്രം

1. CTP കോഴ്സ് 2022-2023

2022 - 2023 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ സെപ്തംബർ മാസത്തിലെ ക്ലാസ്സുകൾ 7, 9, 10, 21 എന്നീ തീയതികളിലായി നടത്തപ്പെട്ടു. പ്രസ്തുത ദിവസങ്ങളിൽ Bible, Sacraments, Church History എന്നീ വിഷയങ്ങളെ അധികരിച്ച് ഡോ. തോമസ് വടക്കേൽ, ഫാ. മാത്യു കുമ്പുളുങ്കൽ, അനിൽ മാനുവൽ പുന്നത്താനത്ത് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

ഒക്ടോബർ മാസത്തിലെ ക്ലാസ്സുകൾ:

| | | |
|---|---|---|
| ഒക്ടോബർ 4 ചൊവ്വാ | Bible III | ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ |
| ഒക്ടോബർ 5 ബുധൻ | Bible III | ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ |
| ഒക്ടോബർ 24 തിങ്കൾ | Church History II | അനിൽ മാനുവൽ പുന്നത്താനത്ത് |

**2. പാലാ രൂപത കലോത്സവം 2022 – 2023**

ഈ വർഷത്തെ രൂപതാതല കലോത്സവം 2022 ഒക്ടോബർ 8-ാം തീയതി ശനിയാഴ്ച രാവിലെ 8.45 മുതൽ പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലും പാലാ സെന്റ് തോമസ് ബി.എഡ്. കോളേജിലുമായി നടത്തപ്പെടുന്നതാണ്.

**3. സാഹിത്യമത്സരങ്ങൾ 2022 2023**

2022-2023 വിശ്വാസപരിശീലനവർഷത്തിലെ രൂപതാകലോത്സവത്തിന്റെ ഭാഗമായിട്ടുള്ള രൂപതാതല സാഹിത്യമത്സരങ്ങൾ 2022 സെപ്റ്റംബർ മാസം 4-ാം തീയതി ഉച്ചകഴിഞ്ഞ് 1.45 ന് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു.

**4. സാഹിത്യമത്സരങ്ങളുടെ റിസൽട്ട്**

2022 സെപ്തംബർ 4 ഞായറാഴ്ച നടത്തിയ രൂപതാതല സാഹിത്യ മത്സരങ്ങളുടെ റിസൽട്ട് സെപ്തംബർ 15 വ്യാഴാഴ്ച കലോത്സവം Webportalൽ പ്രസിദ്ധീകരിച്ചു. സൺഡേസ്കൂൾ യൂസർ ലോഗിൻ ചെയ്ത് Kalolsavam മെനുവിൽ Our Result തിരഞ്ഞെടുത്താൽ സ്കൂളിന്റെ റിസൽട്ട് ലഭിക്കുന്നതാണ്.

**5. പ്രമോട്ടർമാരുടെ സന്ദർശനം**

രൂപതയിലെ സൺഡേസ്കൂളുകൾ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിശ്വാസപരിശീലകരും കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനുമായി രൂപത പ്രമോട്ടേഴ്സ് രൂപതയിലെ സൺഡേ സ്കൂളുകളിൽ നടത്തിയ സന്ദർശനങ്ങൾ സെപ്തംബർ 25 ഞായറാഴ്ചയോടെ അവസാനിച്ചു.

**6. ഒന്നാം ടേം പരീക്ഷ**

2022 - 2023 വിശ്വാസപരിശീലനവർഷത്തിലെ ഒന്നാം ടേം പരീക്ഷ 2022 ഒക്ടോബർ 30 ഞായറാഴ്ച നടത്തപ്പെടുന്നതാണ്. പരീക്ഷയുടെ സമയക്രമം ചുവടെ ചേർക്കുന്നു:

| | |
|---|---|
| Std I - VII : | 11.00 AM - 1.00 PM |
| Std VIII-XII : | 2.00 PM - 4.00 PM |

**7. Mission Quest**

സീറോ മലബാർ സഭയിലെ മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കുമായി സീറോ മലബാർ മിഷൻ ഓഫീസും സീറോ മലബാർ മതബോധന കമ്മീഷനും സംയുക്തമായി സംഘടിപ്പിക്കുന്ന Mission Quest എന്ന പേരിലുള്ള ഓൺലൈൻ ക്വിസ് മത്സരത്തിന്റെ രൂപതാതലമത്സരം 2022 ഒക്ടോബർ 30 ഞായറാഴ്ച വൈകിട്ട് 6 മണിക്ക് നടത്തപ്പെടുന്നു. മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വെവ്വേറെയായിരിക്കും മത്സരം നടത്തപ്പെടുന്നത്. ഗൂഗിൾ ഫോം ഉപയോഗിച്ചു നടത്തപ്പെടുന്ന ഈ ക്വിസ് മത്സരത്തിനായി സീറോ മലബാർ സഭയിലെ ഓരോ രൂപതയ്ക്കും വേണ്ടിയുള്ള പ്രത്യേകം ഗൂഗിൾ ഫോം ലിങ്കുകൾ www.syromalabarmission.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. മത്സരദിവസം ഇന്ത്യൻ സമയം വൈകിട്ട് 6 മണിമുതൽ 40 മിനിറ്റു സമയത്തേ

ക്കായിരിക്കും ഗൂഗിൾ ഫോം സജീവമാകുക. മത്സരം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി മേല്പറഞ്ഞ വെബ്സൈറ്റ് സന്ദർശിക്കുക. പഠനഭാഗങ്ങളും മാതൃക ചോദ്യങ്ങളും പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്.

**സ്കൂൾ മതബോധന-സന്മാർഗ്ഗപരിശീലനരംഗം**

**8. ഒന്നാം ടേം പരീക്ഷ**

സ്കൂൾ മതബോധന-സന്മാർഗ്ഗപരിശീലന ക്ലാസ്സുകളിലെ ഒന്നാം ടേം പരീക്ഷ 2022 സെപ്തംബർ 15 (സന്മാർഗ്ഗപരിശീലനം), 16 (മതബോധനം) തീയതികളിലായി നടത്തപ്പെട്ടു.

**9. Question board Meeting**

2022-2023 അധ്യയനവർഷത്തിലെ സ്കൂൾ മതബോധന-സന്മാർഗ്ഗപരിശീലനത്തിന്റെ രണ്ടാം ടേം പരീക്ഷയ്ക്ക് ഒരുക്കമായുള്ള Question board meeting 2022 സെപ്തംബർ 23 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. ലെയ്ത്തൂർജിയ ക്ലാസ്സ്**

വിശുദ്ധ കുർബാനയെക്കുറിച്ച് 3 മണിക്കൂർ ക്ലാസുകൾ ജൂലൈ 30 ന് മന്നഗുഡത്തും ഓഗസ്റ്റ് 7 ന് വെങ്കിട്ടപുരത്തും വൈകുന്നേരങ്ങളിൽ നടത്തി. ഫാ. ജോമി ജോയി മുതലക്കുഴി ക്ലാസുകൾ നയിച്ചു.

**2. ലെയ്ത്തൂർജിയ ക്വിസ് മത്സരം**

അദിലാബാദ് രൂപതയിലെ വൈദികർക്കും സിസ്റ്റേഴ്സിനുമായി നടത്തിയ ക്വിസ് മത്സരത്തിൽ പാലാ മിഷനിൽനിന്ന് ഫാ. മാത്യു പുതിയിടത്തും സി. ജിസ് മരിയ സിഎംസിയും ഗ്രാൻഡ് ഫിനാലെയിൽ എത്തുകയും ഫാ. മാത്യു പുതിയിടത്തു തേർഡ് പ്രൈസ് നേടുകയും ചെയ്തു.

**3. മാസാദ്യവെള്ളി ആചരണം**

സെപ്റ്റംബർ 2 ന് വെങ്കിട്ടപുരം പള്ളിയിൽ വൈകുന്നേരം വിശുദ്ധ കുർബാന, വചനപ്രഘോഷണം, ആരാധന, കുമ്പസാരം എന്നിവ നടത്തി. ഫാ. ടോണി കാഞ്ഞിരത്തിങ്കൽ രൂപത എഫ്ഫാത്താ ധ്യാനകേന്ദ്രം ടീം നേതൃത്വം നൽകി.

**4. ഗ്രാൻഡ് പേരെന്റ്സ് ഡേ**

പാലാ മിഷനിലെ എല്ലാ പള്ളികളിലും ഗ്രാന്റ് പേരെന്റ്സ് ഡേയോടനുബന്ധിച്ചു വിശുദ്ധ കുർബാനയും മത്സരങ്ങളും ആദരിക്കലും സമ്മാനവിതരണവും നടത്തി.

**5.സൺഡേ ഫോർ ദി സിക്ക് ആൻഡ് എൽഡേർളി**

പാലാ മിഷനിലെ എല്ലാ പള്ളികളിലും രോഗീദിനത്തോനുബന്ധിച്ചു വിശുദ്ധ കുർബാനയും കുമ്പസാരവും പ്രത്യേക പ്രാർത്ഥനകളും നടത്തി. കിടപ്പു രോഗികളുടെ വീടുകളിൽ പോയി പ്രാർത്ഥനകൾ നടത്തി.

**6. മിഷൻ സന്ദർശനം**

ഓഗസ്റ്റ് 16–19 ഫാ. ജോസഫ് ചക്കുംമൂട്ടിൽ കാഞ്ഞിരപ്പള്ളി, ഫാ. ആന്റണി പുല്ലംകുന്നത്ത് രാമനാഥപുരം എന്നിവർ പാലാ മിഷൻ സന്ദർശിച്ചു. ഓഗസ്റ്റ് 26–31 എൽ.എ.ആർ. ഡെലിഗേറ്റ് സുപ്പീരിയർ സി. മരീന, സി. എലീസ എന്നിവരും പാലാ മിഷൻ സന്ദർശിച്ചു. ഓഗസ്റ്റ് 1–10 സാമുവൽ തോമസ് പുതിയിടം (അയർലണ്ട്) പാലാ മിഷൻ സന്ദർശിച്ചു.

**7. ഓണാഘോഷം**

പാലാ മിഷനിലെ അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും കൂടിവരവും ഓണാഘോഷവും സെപ്റ്റംബർ 7 നു നടത്തി.

**8. യാത്രാമംഗളങ്ങൾ**

ആറു മാസത്തോളം ആവടം മിഷൻ സ്റ്റേഷനിൽ താമസിച്ചു മിഷൻ എക്സ്പീരിയൻസുമായി തിരിച്ചുപോകുന്ന സി.എം.സി തൃശൂർ പ്രൊവിൻസിലെ സി. പവിത്ര, സി. റിറ്റി എന്നിവർക്ക് അഭിനന്ദനങ്ങളും നന്ദിയും പ്രാർത്ഥനയും.

**9. നന്ദി**

ഈ കഴിഞ്ഞ നാളുകളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും പാലാമിഷനെ സഹായിച്ച എല്ലാവർക്കും നന്ദി.

**10. എട്ടുനോമ്പാചരണം**

സെപ്റ്റംബർ 1–8 പാലാ മിഷനിലെ എല്ലാ പള്ളികളിലും മാതാവിന്റെ പിറവിത്തിരുന്നാളിന് ഒരുക്കമായി വിശുദ്ധ കുർബാനയും പ്രാർത്ഥനകളും നടത്തി. തിരുനാൾദിനത്തിൽ പായസം വിതരണം ചെയ്തു.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. നിയുക്ത സഹായമെത്രാനു സ്വീകരണം**

**ബറോഡാ സോൺ**

ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിലിന് സെപ്റ്റംബർ 1 ന് ബറോഡാ എയർപോട്ടിൽ വച്ചു സ്വീകരണം നൽകി. സോണൽ വികാരി റവ. ഫാ. ജോബി പാലയ്ക്കാത്തടത്തിൽ എം.എസ്.ടി, റവ.ഫാ. ടോം വടക്കേക്കര, റവ.ഫാ. ജോർജ് നെല്ലിക്കൽ, വിവിധ ഇടവകകളിൽ നിന്നുള്ള കൈക്കാരന്മാർ, കമ്മിറ്റിക്കാർ, മാതൃവേദിയംഗങ്ങൾ എന്നിവർ സ്വീകരണച്ചടങ്ങിൽ സന്നിഹിതരായിരുന്നു.

**അഹമ്മദാബാദ് സോൺ**

ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിലിന് സെപ്റ്റംബർ 4 ന് സോളായിൽ വച്ച് അഹമ്മദാബാദ് സോണി

ന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി. സോണൽ വികാരി റവ. ഫാ. മാത്യു വെങ്ങാലൂർ, റവ.ഫാ. പോൾ പാറപ്ലാക്കൽ, റവ.ഫാ. ജെയിംസ് മടിക്കാങ്കൽ, റവ.ഫാ. മാത്യു കോലത്ത്, റവ. ഫാ. ജോസഫ് കല്ലാച്ചേരിൽ, റവ.ഫാ. മാത്യു പാലയ്ക്കാട്ടുകുന്നേൽ, സോണിലെ വിവിധ ഇടവകകളിൽ നിന്നുള്ള വിശ്വാസിസമൂഹം എന്നിവർ സ്വീകരണച്ചടങ്ങിൽ സന്നിഹിതരായിരുന്നു.

**2. വേളാങ്കണ്ണി മാതാവിന്റെ തിരുനാൾ**

ബാപ്പുനഗർ മദർ മേരി ഇടവകയിൽ ഇടവകമധ്യസ്ഥയായ വേളാങ്കണ്ണി മാതാവിന്റെ തിരുനാൾ സെപ്റ്റംബർ 2 മുതൽ 8 വരെയുള്ള തീയതികളിൽ ഭക്ത്യാദരപൂർവ്വം നടത്തപ്പെട്ടു. ഇടവക വികാരി ഫാ. മാത്യു കോലത്ത് തിരുനാൾ ആചരണത്തിനു നേതൃത്വം നൽകി.

**3. വൈദികരുടെ വാർഷികധ്യാനം**

ഷംഷാബാദ് രൂപതയിൽ സേവനമനുഷ്ഠിക്കുന്ന വൈദികർക്കായി ഹൈദരാബാദിൽ വച്ചു നടത്തപ്പെട്ട വർഷികധ്യാനത്തിൽ റീജണിൽനിന്നുള്ള വൈദികർ സംബന്ധിച്ചു.

**മോൺ. ജോസഫ് കൊല്ലംപറമ്പിൽ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**1. എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ സെപ്റ്റംബർ മാസത്തെ എക്സിക്യൂട്ടീവ് യോഗം സെപ്റ്റംബർ 6 ചൊവ്വാഴ്ച വൈകുന്നേരം മൂന്നുമണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ കടൂക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അത് പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**2. സീനിയേഴ്സ് ക്യാമ്പ്**

രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ സൺഡേസ്കൂളിൽ 9 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സെപ്റ്റംബർ 5, 6 തീയതികളിൽ സീനിയേഴ്സ് ക്യാമ്പ് നടത്തി. സെപ്റ്റംബർ 5 ന് രാവിലെ 9 മണിക്ക് ക്യാമ്പ് ആരംഭിച്ചു. രൂപത പ്രസിഡന്റ് ജോബിൻ തട്ടാംപറമ്പിൽ പതാക ഉയർത്തി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡോ. അലക്സ് കാവുകാട്ട്, ഫാ. മാത്യു കുമ്പുളുങ്കൽ, ഡോ. ജോസി വള്ളിപ്പാലം, ഡോ. ടി.സി. തങ്കച്ചൻ എന്നിവർ ക്ലാസുകൾ നയിച്ചു. ബെസ്റ്റ് ക്യാമ്പേഴ്സായി റിച്ചാർഡ് കെ. റോയി കിണറ്റുകര, ഡിയോണ ആൽബി വെമ്പിൽ എന്നിവർ

തിരഞ്ഞെടുക്കപ്പെട്ടു. സെപ്റ്റംബർ 6 ന് വൈകുന്നേരം 3.30 ന് ക്യാമ്പ് സമാപിച്ചു. ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്ന ക്യാമ്പിൽ വിവിധ ശാഖകളിൽ നിന്നായി 116 കുട്ടികൾ പങ്കെടുത്തു. പ്രസിഡന്റ് ജോബിൻ തട്ടാംപറമ്പിൽ, വൈസ് ഡയറക്ടർ സി. മോനിക്ക എസ്.എച്ച്., ഭാരവാഹികളായ ലിന്റു ടോമി, അഗസ്റ്റിൻ കടൂക്കുന്നേൽ, ഷൈനി ജോസഫ്, അമൽ വാക്കാട്ടിൽപുത്തൻപുരയിൽ, റ്റിജോ ജോസ്, ദിയ ഫ്രാങ്ക്സൺ തുടങ്ങിയവർ ക്യാമ്പിനു നേതൃത്വം നൽകി.

**3. മുൻകാല ഭാരവാഹികളുടെ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത മുൻകാലഭാരവാഹികളുടെ സംഗമം സെപ്റ്റംബർ 6 ചൊവ്വാഴ്ച ഭരണങ്ങാനം മാതൃഭവനിൽ നടന്നു. ഉച്ചകഴിഞ്ഞ് 2.30 ന് ആരംഭിച്ച യോഗം പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ മുൻകാല ഭാരവാഹികളായ ജോസഫ് വടക്കേൽ, സോഫിയാമ്മ അബ്രാഹം, ബെന്നി മുത്തനാട്ട്, ഷാന്റി മാത്യു, ആൻസമ്മ ജോൺ എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു. ദേശീയ പ്രസിഡന്റ് ശ്രീ ബിനോയി പള്ളിപ്പറമ്പിൽ ആശംസകളർപ്പിച്ചു സംസാരിച്ചു. സംഗമത്തിൽ നാല്പതിലധികം മുൻകാല ഭാരവാഹികൾ സംബന്ധിച്ചു.

**4. രൂപത രചനാമത്സരം**

രൂപത രചനാമത്സരം സെപ്റ്റംബർ 4 ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഭരണങ്ങാനം മാതൃഭവനിൽ വെച്ചു നടത്തി. മേഖലാതലത്തിൽ നടത്തിയ രചനാമത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർ രൂപത രചനാമത്സരത്തിൽ പങ്കെടുത്തു.

**5. ജീവദർശൻ കോഴ്സ്**

സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ജീവദർശൻ കോഴ്സിലെ വിവിധ ക്ലാസുകൾ സെപ്റ്റംബർ 07, 09, 10 തീയതികളിൽ ഭരണങ്ങാനം മാതൃ ഭവനിൽ വച്ചു നടന്നു. ഡോ. ജോസ് കുറ്റിയാങ്കൽ, ഡോ. ജോസഫ് കരികുളം, ഡോ. ഡൊമിനിക് വെച്ചൂർ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

**6. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ അനുസ്മരണം സെപ്റ്റംബർ 10 ശനിയാഴ്ച ആർപ്പൂക്കര ചെറുപുഷ്പം ദേവാലയത്തിൽ വച്ചു നടന്നു. അനുസ്മരണസമ്മേളനത്തിലും തീർത്ഥാടനത്തിലും രൂപതാപ്രതിനിധികൾ സംബന്ധിച്ചു.

**7. സംസ്ഥാന സാഹിത്യമത്സരം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ സാഹിത്യരചനാമത്സരം സെപ്റ്റംബർ 21 ബുധനാഴ്ച നടത്തി. ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്ന മത്സരത്തിൽ രൂപത രചനാമത്സരത്തിലെ വിജയികൾ പങ്കെടുത്തു.

**8. സെക്രട്ടേറിയറ്റ് യോഗങ്ങൾ**

സംഘടനയുടെ സെപ്റ്റംബർ മാസത്തിലെ സെക്രട്ടേറിയറ്റ് യോഗങ്ങൾ 2, 15 തീയതികളിൽ നടന്നു.

**9. കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക സെപ്റ്റംബർ മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**മേഖലാവാർത്തകൾ**

**1. അരുവിത്തുറ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് സെപ്റ്റംബർ 3 ശനിയാഴ്ച അരുവിത്തുറയിൽവച്ചു നടന്നു. പ്രസിഡന്റ് ഷാജു കുന്നയ്ക്കാട്ട് അധ്യക്ഷത വഹിച്ചു.

**കലോത്സവം**

മേഖലാ കലോത്സവം സെപ്റ്റംബർ 17 ശനിയാഴ്ച അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ വച്ചു നടത്തി.

**2. കടനാട് മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് യോഗം സെപ്റ്റംബർ 4 ഞായറാഴ്ച നടന്നു.

**കലോത്സവം**

മേഖലാ കലോത്സവം സെപ്റ്റംബർ 10 ശനിയാഴ്ച നടത്തി.

**3. രാമപുരം മേഖല**

**കലോത്സവം**

മേഖലാ കലോത്സവം സെപ്റ്റംബർ 21 ബുധനാഴ്ച രാമപുരം സെന്റ് അഗസ്റ്റിൻസ് കോളേജിൽ വച്ചു നടത്തി.

**4. കൂട്ടിക്കൽ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് സെപ്റ്റംബർ 10 ശനിയാഴ്ച നടന്നു.

**കലോത്സവം**

മേഖലാ കലോത്സവം സെപ്റ്റംബർ 21 ബുധനാഴ്ച നടത്തി.

**5. പ്രവിത്താനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് സെപ്റ്റംബർ 11 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ നടന്നു.

**കലോത്സവം**

മേഖലാ കലോത്സവം സെപ്റ്റംബർ 21 ബുധനാഴ്ച പ്രവിത്താനം സെന്റ് മൈക്കിൾസ് സ്കൂളിൽവച്ചു നടത്തി.

**6. ഭരണങ്ങാനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് സെപ്റ്റംബർ 3 ശനിയാഴ്ച ഭരണങ്ങാനത്തു വച്ചു നടന്നു.

**കലോത്സവം**

ഭരണങ്ങാനം മേഖലാ കലോത്സവം സെപ്റ്റംബർ 21 ബുധനാഴ്ച ഭരണങ്ങാനത്തെ വിവിധ സ്കൂളുകളിലായി നടത്തി.

**7. തുടങ്ങനാട് മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് സെപ്റ്റംബർ 3 ശനിയാഴ്ച നടന്നു.

**കലോത്സവം**

തുടങ്ങനാട് മേഖലാകലോത്സവം സെപ്റ്റംബർ 10 ശനിയാഴ്ച നടത്തി.

**8. ഇലഞ്ഞി മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് സെപ്റ്റംബർ 10 ശനിയാഴ്ച നടന്നു.

**കലോത്സവം**

ഇലഞ്ഞി മേഖലാകലോത്സവം സെപ്റ്റംബർ 21 ബുധനാഴ്ച നടത്തി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**1. Vibrant 2k2022 - ക്യാമ്പ്**

സെപ്റ്റംബർ ആറാം തീയതി ചൊവ്വാഴ്ച പാലാ അരുണാപുരം സെന്റ് തോമസ് ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് സ്കൂൾ കുട്ടികൾക്കായുള്ള Vibrant 2k2022 ക്യാമ്പ് നടന്നു. അരുണാപുരം പള്ളി വികാരി റവ. ഫാ. മാത്യു പുല്ലുകാലായിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. ഡിറ്റോ തോട്ടത്തിൽ, റവ. ഫാ. ഓസ്റ്റിൻ മേച്ചേരിൽ, ശ്രീ അലക്സ് കാവുകാട്ട് എന്നിവർ കുട്ടികൾക്ക് മോട്ടിവേഷൻ, പേഴ്സണാലിറ്റി ഡവലപ്മെന്റ് എന്നിവയെക്കുറിച്ച് ക്ലാസ്സ് എടുത്തു. 235 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. രാവിലെ 10.00 മണിക്ക് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30 ന് അവസാനിച്ചു. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ടീച്ചേഴ്സ് എക്സിക്യൂട്ടീവ്, സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ്, ബ്രദർ ജോ ചിങ്ങംതോട്ടത്തിൽ എന്നിവർ നേതൃത്വം നൽകി.

**2. എക്സിക്യൂട്ടീവ് മീറ്റിംഗ്**

സെപ്റ്റംബർ ആറാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിമുതൽ 3.00 മണിവരെ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. സെപ്റ്റംബർ 17 ന് നടക്കാനിരിക്കുന്ന രൂപതാ സാഹിത്യോത്സവത്തെക്കുറിച്ച് ചർച്ചചെയ്തു തീരുമാനങ്ങൾ എടുത്തു. എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും മീറ്റിംഗിൽ സന്നിഹിതരായിരുന്നു.

**3. അൽഫോൻസാ കളറിംഗ് – രൂപതാതലം**

അൽഫോൻസാ കളറിംഗ് രൂപതാതല മത്സരം സെപ്റ്റംബർ 10 ശനിയാഴ്ച 10.00 മണിമുതൽ 12.00 മണിവരെ പാലാ സെന്റ് മേരീസ് ഗേൾസ് എച്ച്.എസ്. എസിൽ വച്ച് നടത്തപ്പെട്ടു. സ്കൂൾതലത്തിൽ ഫസ്റ്റ് കിട്ടിയ കുട്ടികളാണ് രൂപതാതലമത്സരത്തിൽ പങ്കെടുത്തത്. 100 ഓളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

**4. സാഹിത്യോത്സവം**

ഈ വർഷത്തെ രൂപതാതല സാഹിത്യരചനാമത്സരങ്ങൾ സെപ്റ്റംബർ 17 ന് രാവിലെ 10.00 മണിമുതൽ ഉച്ചക്ക് 1.00 മണിവരെ പാലാ അൽഫോൻസാ കോളേജിൽ വച്ചു നടത്തപ്പെട്ടു. കഥ, കവിത, ഉപന്യാസം, ചിത്രരചന, സ്കോളർഷിപ്പ്, കെ.സി.എസ്.എൽ ക്വിസ്, ബൈബിൾ ക്വിസ് എന്നിവയായിരുന്നു മത്സരയിനങ്ങൾ. യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങൾ തിരിച്ച് നടത്തിയ മത്സരത്തിൽ 700 ഓളം കുട്ടികൾ പങ്കെടുത്തു.

**5. കയ്യെഴുത്തുമാസികാമത്സരം**

കെ.സി.എസ്.എൽ പാലാ രൂപതാതലത്തിൽ നടത്തുന്ന കയ്യെഴുത്ത് മാസികാമത്സരം ഒക്ടോബർ 1 ന് പാലാ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് രാവിലെ 10.00 മണിമുതൽ ഉച്ചക്ക് 1.00 മണിവരെ നടത്തുന്നതാണ്.

**6. സ്റ്റേറ്റ് സാഹിത്യരചനാമത്സരങ്ങൾ**

ഈ വർഷത്തെ സ്റ്റേറ്റ് സാഹിത്യരചനാമത്സരങ്ങൾ ഒക്ടോബർ 8 ശനിയാഴ്ച തൊടുപുഴയിൽ സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂളിൽ വച്ച് നടത്തപ്പെടുന്നതാണ്. രൂപതാതലത്തിൽ ഫസ്റ്റ്, സെക്കന്റ് കരസ്ഥമാക്കിയ കുട്ടികളാണ് സ്റ്റേറ്റ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. ഒപ്പുശേഖരണം**

തീരദേശജനങ്ങളെ സംരക്ഷിക്കുന്നതിന് കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നിർദേശപ്രകാരം പാലാരൂപതയിലെ 17 ഫൊറോനകളിലെ പള്ളികളിൽ എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 20–ന് ഒപ്പുശേഖരണം നടത്തി. എല്ലാ ഇടവകയിലും എസ്.എം.വൈ.എം അംഗങ്ങൾ ഒപ്പുശേഖരണത്തിന് നേതൃത്വം കൊടുത്തു.

**2. പങ്കാളിത്തം**

ആഗസ്റ്റ് 25–ന് കെ.സി.വൈ.എം. സംസ്ഥാനസമിതി നടത്തിയ വിഴിഞ്ഞം സമരപ്പന്തൽ സന്ദർശനത്തിനും സമരൈക്യത്തിനും എസ്.എം.വൈ.എം പാലാ രൂപതയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ പങ്കെടുത്തു. പാലാ രൂപതയിൽനിന്ന് ആറോളം യുവജനങ്ങൾ സമരത്തിൽ പങ്കാളികളായി.

### 3. KCYM സംസ്ഥാന ക്യാമ്പ്

ആഗസ്റ്റ് 27 ന് തിരുവല്ലയിൽ നടന്ന KOINOS മദ്ധ്യമേഖലയുടെ കെ.സി. വൈ.എം. സംസ്ഥാന ക്യാമ്പിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് 9 യുവജന ങ്ങൾ പങ്കെടുത്തു.

### 4. നിവേദനസമർപ്പണം

തീരദേശജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനസമിതി നടത്തിയ ഒപ്പുശേഖരണത്തിന്റെ ഭാഗമായി കിട്ടിയ ഒരു ലക്ഷത്തോളം ഒപ്പുകൾ അടങ്ങിയ നിവേദനം ആഗസ്റ്റ് 29 -ന് വി. ടി സതീശനും, വി. അബ്ദുറഹ്മാനും സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ കൈമാറി.

### 5. പാലാ രൂപത വിഴിഞ്ഞം സന്ദർശനം

തീരദേശജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സെപ്റ്റംബർ 1 ന് എസ്.എം.വൈ.എം പാലാ രൂപതയും, പി.എസ്.ഡബ്ല്യു.എസ് ഉം രൂപതയിലെ മറ്റു സംഘടനകളും ഒരുമിച്ച് വിഴിഞ്ഞം സമരപ്പന്തൽ സന്ദർശിക്കുകയും DSMS, PSWS, SMYM രൂപതാ ഡയറക്ടർ അച്ചന്മാർ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടു സംസാരിക്കുകയും പോർട്ടിലേക്ക് റാലി നടത്തുകയും ഐക്യസദസ്സ് നടത്തുകയും ചെയ്തു.

### 6. കാർലോസ് കാരാവാൻ

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ ആഹ്വാനമനുസരിച്ച് നടത്തി വരുന്ന കാർലോസ് കാരാവാൻ പ്രോഗ്രാമിന് ആഗസ്റ്റ് 27 ന് തീക്കോയി ഫൊറോ നയും, സെപ്റ്റംബർ 1 ന് ഇലഞ്ഞി ഫൊറോനയും, സെപ്റ്റംബർ 21 ന് കാട്ടാ മ്പാക്ക് യൂണിറ്റും ആതിഥേയരായി. കുർബാനയ്ക്കും ജപമാലയ്ക്കും ഫൊറോന, യൂണിറ്റ് ഭാരവാഹികൾ നേതൃത്വം കൊടുത്തു.

### 7. രചനാമത്സരം - സഹൃദയ 2K22

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങളെ മുഖ്യധാരയിലേക്കു കൊണ്ടുവരിക, അവരുടെ സർഗ്ഗാത്മകകഴിവുകളെ പ്രോത്സാ ഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ കലോത്സവത്തിന്റെ ഒന്നാംഘട്ട രചനാമത്സരം 'സഹൃദയ 2K22' പാലാ അൽഫോൻസാ കോളജിൽ വെച്ച് സെപ്റ്റംബർ 3-ന് നടത്തപ്പെട്ടു. 18 ഇനങ്ങളിലായി നടന്ന മത്സരത്തിൽ ആയിരത്തോളം യുവജന ങ്ങൾ പങ്കെടുത്തു. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ബ്രദർ റീജന്റ് ജെയിംസ് മേൽവെട്ടം, ജനറൽ സെക്രട്ടറി ഡിബിൻ ഡോമിനിക്, കൗൺസിലർ ലിയ തെരേസ് ബിജു തുടങ്ങിയവർ നേതൃത്വം നൽകി.

### 8. വടംവലി മത്സരം

ഓണത്തോടനുബന്ധിച്ച് എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭി മുഖ്യത്തിൽ കാവുംകണ്ടത്തുവച്ച് വടംവലി മത്സരം നടത്തപ്പെട്ടു. ആവേശോ ജ്വലമായ മത്സരത്തിൽ 17 എ യൂണിറ്റുകളും, 8 ബി യൂണിറ്റുകളും പങ്കെടുത്തു. എ യൂണിറ്റിൽ വാരിയാനിക്കാട് ഒന്നാംസ്ഥാനവും പൂവരണി രണ്ടാംസ്ഥാനവും കരസ്ഥമാക്കി. ബി യൂണിറ്റിൽ ഭരണങ്ങാനം ഒന്നാംസ്ഥാനവും പൈക രണ്ടാംസ്ഥാനവും കരസ്ഥമാക്കി.

**9. മാതാവിന്റെ ജനനത്തിരുന്നാൾ**

മാതാവിന്റെ ജനനത്തിരുനാളിന് ഒരുക്കമായുള്ള 8 നോമ്പിനോടനുബന്ധിച്ച് പാലാ രൂപതയിലെ മുഴുവൻ യുവജനങ്ങളോടും നോമ്പ് എടുക്കുവാനും, സെപ്റ്റംബർ ഏഴിന് യൂണിറ്റ് / ഫൊറോനതലത്തിൽ റംശാ പ്രാർത്ഥന ചൊല്ലുവാനും എസ്.എം.വൈ.എം. പാലാ രൂപത ആഹ്വാനം ചെയ്തു. നിർദ്ദേശപ്രകാരം യുവജനങ്ങൾ നോമ്പ് എടുക്കുകയും, റംശാ പ്രാർത്ഥന ഇടവകകളിൽ നടത്തുകയും ചെയ്തു.

**10. YATP @ കൂടല്ലൂർ**

YATP 29-ാമത് ബാച്ചിന്റെ സെപ്റ്റംബർ മാസത്തെ ക്യാമ്പ് 9, 10 തീയതികളിലായി കൂടല്ലൂരിൽവച്ചു നടത്തപ്പെട്ടു. പൈതൃകത്തെ മറക്കുന്ന ആധുനിക യുവത്വം എന്ന വിഷയത്തിൽ അസി. പ്രൊഫ. മനീഷ് വർഗീസും (പാലാ സെന്റ് തോമസ് കോളേജ് ഹിസ്റ്ററി വിഭാഗം മേധാവി), SMYM എന്ത്? എന്തിന്? എങ്ങനെ? എന്ന വിഷയത്തിൽ, അധ്യാപകനും കുറവിലങ്ങാട് യൂണിറ്റിലെ അനിമേറ്ററുമായ ലിജോ മുക്കത്തും ക്ലാസുകൾ എടുത്തു.

**11. Evening With Youth**

സെപ്റ്റംബർ 18 ന് ഭരണങ്ങാനം ഫൊറോനയുടെ Evening with Youth പ്രോഗ്രാം പൂവത്തോട് യൂണിറ്റിൽ വച്ചു നടത്തി.

**12. ജനറൽ സെക്രട്ടറിമാരുടെ മീറ്റിങ്ങ് നടത്തി**

സെപ്റ്റംബർ 21-ാം തീയതി രൂപതാ ഓഫീസിൽ വച്ച് രൂപതയിലെ എല്ലാ ജനറൽ സെക്രട്ടറിമാരുടെയും മീറ്റിങ് ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ബ്രദർ റീജന്റ് ജെയിംസ് മേൽവെട്ടം, ജനറൽ സെക്രട്ടറി ഡിബിൻ ഡോമിനിക് എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. മീറ്റിങ്ങിൽ എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള ജനറൽ സെക്രട്ടറിമാരുടെ സജീവപങ്കാളിത്തം ഉണ്ടായിരുന്നു. മുൻ രൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ ക്ലാസ് നയിച്ചു.

**13. കലോത്സവത്തിനൊരുക്കമായുള്ള മാനേജിംഗ് കമ്മിറ്റി നടത്തി**

എസ്.എം.വൈ.എം പാലാ രൂപത സംഘടിപ്പിക്കുന്ന യുവജന കലോത്സവമായ സഹൃദയ 2K22 ന്റെ രണ്ടാംഘട്ടമായ കലാമത്സരങ്ങൾക്കൊരുക്കമായുള്ള മാനേജിംഗ് കമ്മിറ്റി ഡയറക്ട്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, കലോത്സവ കോർഡിനേറ്റർമാരായ ബ്രദർ റീജന്റ് ജെയിംസ് മേൽവെട്ടം, ജനറൽ സെക്രട്ടറി ഡിബിൻ ഡോമിനിക്, കൗൺസിലർ ലിയ തെരേസ് ബിജു എന്നിവരുടെ നേതൃത്വത്തിൽ സെപ്റ്റംബർ 24 ന് രൂപതാ ഓഫീസിൽ വച്ചു നടത്തപ്പെട്ടു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളെയും വോളണ്ടിയേഴ്സിനെയും വിളിച്ചുകൂട്ടി നടത്തപ്പെട്ട മീറ്റിങ്ങിൽ മത്സരങ്ങൾക്കൊരുക്കമായി നടത്തേണ്ട കാര്യങ്ങളെക്കുറിച്ചും ഇതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച നടത്തി.

**14. പുതിയ യൂണിറ്റുകൾ**

പൈക, ശാന്തിഗിരി, ഇടമറ്റം, പയസ് മൗണ്ട്, തിരുമാറാടി എന്നീ ഇടവകകളിൽ പുതിയ യൂണിറ്റുകൾ ആരംഭിച്ചു.

**15. ബ്ലഡ് ഡൊണേഷൻ**

ആവശ്യക്കാർ വിളിക്കുന്നത് അനുസരിച്ച് എസ്.എം.വൈ.എം. യുവാക്കൾ രക്തദാനം നടത്തിവരുന്നു. ബ്ലഡ് ഡൊണേഷൻ ആവശ്യമുള്ളവർക്ക് കോഡിനേറ്ററായ ടോണി കവിയിൽ 9744998062 എന്ന നമ്പറിൽ ബന്ധപ്പെടുക.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. പാലാ ലീഡേഴ്സ് ട്രെയിനിംഗ്**

പാലാ സോണൽ കൗൺസിലിന്റെ നേതൃത്വത്തിൽ സെപ്തംബർ 2 മുതൽ 7 വരെ മംഗളാരാമിൽ വച്ച് പാലാ ലീഡേഴ്സ് ട്രെയിനിങ് PLT'22 നടന്നു. 16 പേർ പങ്കെടുത്തു. ചാൾസ് ആന്റണി ബാസ്റ്റിൻ, അഭിലാഷ് എം. കെ, ഗിനീസ് ഫ്രാൻസിസ്, ജോൺ സണ്ണി, സിൻജോ പി.കെ., റെന്നി ഞാറക്കുളം എന്നിവർ ക്ലാസുകൾ നയിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സി. ലിസ് മരിയ സി.എം.സി., അമല ട്രീസ ജയിംസ്, ഷിബ്രീസ് കെ. സെബാസ്റ്റ്യൻ, ജസ്റ്റിൻ വി. ജോസഫ്, ജോഗേഷ് ജോബി, ജിബിൻ ജോസഫ്, ശാലു സുഭാഷ്, സിജോ ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

**2. ടീൻസ് ലീഡേഴ്സ് ഗാതറിങ്**

**Teens Leaders Gathering**

ജീസസ് യൂത്ത് പാലാ ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ പാലാ രൂപതയിലെ സ്കൂളുകളിലെ നേതൃത്വനിരയിലുള്ള കുട്ടികൾക്കായി സെപ്റ്റംബർ 7 മുതൽ 10 വരെ, Teens Leaders Gathering (TLG) എന്ന പേരിൽ പരിശീലന ക്യാമ്പ് നടത്തുകയുണ്ടായി. പാലാ ചാവറ പബ്ലിക് സ്കൂളിൽ നടത്തപ്പെട്ട ക്യാമ്പിൽ 23 കുട്ടികൾ പങ്കെടുത്തു. ജീസസ്സ് യൂത്ത് പാലാ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അനിമേറ്റർ സി. ലിസ് മരിയ, നവീൻ ജോസ്, ആൽഫി സെബാസ്റ്റ്യൻ എന്നിവർ ക്യാമ്പ് നയിച്ചു. ഫാ. ജോർജ് കാവുമ്പുറത്ത്, സണ്ണി തയ്യിൽ എന്നിവർ ക്ലാസുകൾ എടുത്തു. സെപ്റ്റംബർ 8 ന് പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളും ഓണവും ആഘോഷിച്ചു. പിറ്റേന്ന് മാന്നാനം പള്ളിയിലേക്ക് തീർത്ഥാടനയാത്ര പോവുകയും ചെയ്തു.

**3. കാരുണ്യഭവൻ സന്ദർശനം**

ജീസസ് യൂത്ത് കൊഴുവനാൽ ഇടവകയുടെ നേതൃത്വത്തിൽ കൊഴുവനാൽ സെന്റ് മേരീസ് കാരുണ്യഭവൻ സന്ദർശിക്കുകയും അവിടുത്തെ അന്തേവാസികളോടൊപ്പം ഓണം ആഘോഷിക്കുകയും ചെയ്തു. ഫാ. ടോം ജോസ് മാമലശേരി, സി. ഹിത SMS എന്നിവർ നേതൃത്വം നൽകി.

**4. പ്രയർ ഗ്രൂപ്പുകൾ ആരംഭിച്ചു**

മാനത്തൂർ, മാൻവെട്ടം, കുറവിലങ്ങാട് ഇടവകകളിൽ പ്രയർഗ്രൂപ്പ് ആരംഭിച്ചു.

**5. മീനച്ചിൽ ഇടവക പ്രോഗ്രാം**

മീനച്ചിൽ ഇടവകയിൽ രണ്ടാം ശനിയാഴ്ചകളിൽ നടന്നുവരുന്ന സൺഡേ സ്കൂൾ കുട്ടികൾക്കുള്ള പ്രോഗ്രാം സെപ്റ്റംബർ 10 ന് നടത്തപ്പെട്ടു.

**6. ക്യാമ്പസ് കോർ ടീം കോർഡിനേറ്റേഴ്സ് ഗാതറിങ്**

2022 സെപ്റ്റംബർ 21 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വെച്ച് കോർഡിനേറ്റേഴ്സ് ഗാതറിങ്ങ് നടത്തപ്പെട്ടു. 8 കോളേജുകളിൽനിന്നായി 14 പേർ പങ്കെടുത്തു. ക്യാമ്പസ് ടീം എൽഡറായ ആശിഷ്, കൗൺസിൽ മെമ്പർ ഷിബ്രീസ്, ക്യാമ്പസ് ടീം മെമ്പേഴ്സ് തുടങ്ങിയവരും പരിപാടിയിൽ പങ്കെടുത്തു.

**7. VERITAS '22 ഒരുക്കങ്ങൾ ആരംഭിച്ചു**

ക്യാമ്പസ് വിദ്യാർത്ഥികൾക്കായി എല്ലാ വർഷവും നടത്തിവരുന്ന യുവജനധ്യാനം വേരിത്താസ് 2022 ഒക്ടോബർ 21-24 തീയതികളിൽ പാലാ സെന്റ് തോമസ് കോളജിൽ വച്ചു നടത്തപ്പെടുന്നു. രജിസ്ട്രേഷൻ : ജെറിൻ ജോർജ്ജ് 8590588042.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

## ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**സെപ്റ്റംബർ 19-21** തീയതിയിൽ നടന്ന വിവാഹ ഒരുക്ക സെമിനാറിൽ 90 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ഒക്ടോബർ 24-26, നവംബർ 7-9, നവംബർ 21-23** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

സെപ്റ്റംബർ മാസത്തിലെ പേരന്റ്സ് മീറ്റിംഗുകളിൽ റവ.ഫാ. തോമസ് മണ്ണൂർ ക്ലാസ്സെടുത്തു. മീറ്റിങ്ങിൽ 140 മാതാപിതാക്കന്മാർ സംബന്ധിച്ചു.

**4. ക്ലാസ്സ്**

സെപ്റ്റംബർ 23-ാം തീയതി SABS Provinicial House ലെ സിസ്റ്റേഴ്സിന് കുടുംബപ്രേക്ഷിതത്വത്തെക്കുറിച്ച് റവ. ഡോ. ജോസ് കുറ്റിയാങ്കൽ ക്ലാസ്സ് നടത്തി.

സെപ്റ്റംബർ 25-ാം തീയതി ഇളംതോട്ടം ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്ക് സമകാലീന കുടുംബവെല്ലുവിളികളെക്കുറിച്ച് റവ. ഡോ. ജോസ് കുറ്റിയാങ്കൽ ക്ലാസ്സെടുത്തു.

**B. സന്തുഷ്ടകുടുംബപദ്ധതി**

2000– മാണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള 53 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ടകുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക സഹായം (സെപ്റ്റംബർ മാസത്തിലേത്) 5–ാം തീയതി Bank Transfer വഴി നല്കി.

**C. പിതൃവേദി**

**1. രൂപതാസമിതി**

സെപ്റ്റംബർ 16–ാം തീയതി രാവിലെ 9 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടി. മയക്കുമരുന്നിനെതിരേ ബോധവത്കരണക്ലാസ്സുകൾ നടത്താൻ സമിതി ആഹ്വാനം ചെയ്തു.

**2. ക്ലാസ്സ്**

സെപ്റ്റംബർ 8–ാം തീയതി വെള്ളികുളം ഇടവകയിൽ പിതൃവേദിയുടെ നേതൃത്വത്തിൽ കുടുംബനവീകരണക്ലാസ്സ് നടത്തപ്പെട്ടു.

**3. യൂണിറ്റ് നവീകരണം**

സെപ്റ്റംബർ 11–ാം തീയതി പിതൃവേദിയുടെ പൈക യൂണിറ്റ് നവീകരിച്ചു. ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലും പിതൃവേദി രൂപതാസമിതി അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

**4. പുതിയ യൂണിറ്റ്**

സെപ്റ്റംബർ 18–ാം തീയതി പിതൃവേദിയുടെ പുതിയ യൂണിറ്റ് നരിയങ്ങാനം ഇടവകയിൽ ആരംഭിച്ചു.

**5. മാതൃ–പിതൃവേദി സംയുക്തമീറ്റിംഗ്**

സെപ്റ്റംബർ 20–ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് രാമപുരത്തുവച്ച് മാതൃ–പിതൃവേദി രൂപതാസമിതിയുടെ സംയുക്ത മീറ്റിങ്ങ് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കുഞ്ഞച്ചൻ തീർത്ഥാടനത്തെക്കുറിച്ചു ചർച്ച ചെയ്തു.

**6. അനുശോചനം**

പിതൃവേദി പെരിങ്ങുളം യൂണിറ്റിന്റെ വൈസ് പ്രസിഡന്റ് ശ്രീ. ജെയ്സ് ജോസഫ് പുത്തൻപറമ്പിലിന്റെ മൃതദേഹത്തിനരികിൽ രൂപതാഭാരവാഹികൾ പ്രാർത്ഥിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

**D. മാതൃവേദി**

**1. രൂപത എക്സിക്യൂട്ടീവ്**

സെപ്റ്റംബർ 13–ാം തീയതി ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടുകയും പുതിയ പദ്ധതികളെക്കുറിച്ചു ചർച്ച നടത്തുകയും ചെയ്തു.

**2. ആദരിക്കൽ**

സെപ്റ്റംബർ 16-ാം തീയതി മാതൃവേദി രൂപതാസമിതിയുടെ നേതൃത്വത്തിൽ ഷലോമിലെ വൈദികരെയും സിസ്റ്റേഴ്സിനെയും ആദരിച്ചു.

**3. തീർത്ഥാടനം**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 10-ാം തീയതി കുഞ്ഞച്ചൻ തീർത്ഥാടനം നടത്തപ്പെടുന്നതാണ്.

**4. വിധവാസംഗമം**

CMC Provinicial House ൽ വച്ച് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 9, 10 തീയതികളിൽ വിധവാസംഗമം നടത്തപ്പെട്ടു. രണ്ടു ദിവസങ്ങളായി നടന്ന സംഗമത്തിൽ വിവിധ ഇടവകകളിൽനിന്നായി 30 വിധവകൾ പങ്കെടുത്തു.

## E. പ്രോലൈഫ്

**1. കെ.സി.ബി.സി വലിയ കുടുംബസംഗമം**

സെപ്റ്റംബർ 4-ാം തീയതി കെ.സി.ബി.സി. പ്രോലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ വലിയ കുടുംബങ്ങളുടെ ഒരു സംഗമം നടത്തപ്പെട്ടു. 1990 നു ശേഷം വിവാഹിതരായവരും 4 ഉം അതിൽ കൂടുതൽ മക്കളുള്ളതുമായ കുടുംബങ്ങളെയാണ് സംഗമത്തിൽ ഉൾപ്പെടുത്തിയിരുന്നത്. പാലാ രൂപതയിൽനിന്ന് എട്ടു കുടുംബങ്ങൾ ഈ സംഗമത്തിൽ പങ്കെടുത്തു.

**2. മീറ്റിങ്**

സെപ്റ്റംബർ 18-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ പ്രോലൈഫ് സമിതിയുടെ മീറ്റിങ് നടത്തപ്പെട്ടു.

## F. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടറ്റേഴ്സ് മീറ്റിങ്**

സെപ്റ്റംബർ 22-ാം തീയതി സീറോ മലബാർ മാട്രിമണിയുടെ ഡയറക്ടറ്റേഴ്സ് മീറ്റീങ് കാക്കനാട് മൗണ്ട് കാർമ്മലിൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ മീറ്റിങ്ങിൽ പങ്കെടുത്തു.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – 9496571321

**H. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ **ഉള്ളനാട്, നീലൂർ, മറ്റത്തിപ്പാറ** എന്നീ ഇടവകകളിലെ പെൺകുട്ടികൾക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**1. യൂത്ത് വാക്ക്**

കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വി. മദർ തെരേസായുടെ ജന്മദിനമായ ഓഗസ്റ്റ് 26 നു മരണദിനമായ സെപ്തംബർ 5നു മിടയിലുള്ള പത്തു ദിവസങ്ങൾ 'മദർ തെരേസായോടൊപ്പം യൂത്ത് വാക്ക്' എന്ന ദശദിനകാരുണ്യോത്സവം നടത്തി. രൂപതയ്ക്കുള്ളിലുള്ള പത്ത് കാരുണ്യ ഭവനങ്ങൾ (ഓൾഡ് ഹോം) യൂത്ത് കൗൺസിൽ അംഗങ്ങളും രൂപത, മേഖല യൂണിറ്റ് ഭാരവാഹികളും സന്ദർശിക്കുകയും സഹായങ്ങൾ കൈമാറുകയും ചെയ്തു.

**2. ഉദ്ഘാടനം – കടനാട്**

രൂപതാതല ഉദ്ഘാടനം കടനാട് ഡോൺ ബോസ്കോ പൂവർ ഹോമിൽ വച്ച് രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവഹിച്ചു. ചുമതല വഹിക്കുന്ന റവ.സി. സെലീനയെ പൊന്നാടയണിയിച്ച് ആദരിക്കുകയും ചെയ്തു. രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം അധ്യക്ഷത വഹി

ച്ചു. ആൻസമ്മ സാബു, ബിനു വള്ളോംപുരയിടം, എഡ്വിൻ പാമ്പാറയിൽ, ജോബി കുപ്പത്താനം, സാനി പാറയിൽ, ജോമി പറപ്പള്ളിൽ, ബിബിൻ ചാമക്കാലായിൽ, ജിസ് മുട്ടപ്പള്ളിൽ എന്നിവർ സംസാരിച്ചു. അന്തേവാസികളും കലാപരിപാടികളും ഉണ്ടായിരുന്നു.

**3. മരിയൻ സൈന്യം**

ദശദിന കാരുണ്യോത്സവത്തിന്റെ ഭാഗമായി മാഞ്ഞൂർ മരിയൻ സൈന്യം ഓൾഡ് ഏജ് ഹോം സന്ദർശിക്കുകയും സഹായങ്ങൾ കൈമാറുകയും ചെയ്തു. രൂപത വൈസ് പ്രസിഡന്റ് സി.എം. ജോർജ് അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് ജോസഫ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. മരിയൻ സൈന്യഹോമിലെ ഡയറക്ടർ ലിജുവിനെ പൊന്നാടയണിയിച്ച് ആദരിച്ചു. ജോസ് വട്ടുകുളം, എഡ്വിൻ പാമ്പാറ, റ്റോമി കണ്ണിറ്റുമ്യാലിൽ, ജോബി കുന്താനം, ജിനു മുട്ടപ്പള്ളിൽ തുടങ്ങിയവർ സംസാരിച്ചു.

**4. കൊഴുവനാൽ**

ദശദിന കാരുണ്യോത്സവത്തിന്റെ ഭാഗമായി കൊഴുവനാൽ സെന്റ് മേരീസ് ഓൾഡ് ഏജ് ഹോം സന്ദർശിക്കുകയും സഹായങ്ങൾ കൈമാറുകയും ചെയ്തു. രൂപത വൈസ് പ്രസിഡന്റ് ജോയി കെ. മാത്യു കണിപറമ്പിലിന്റെ അധ്യക്ഷതയിൽ യോഗം ചേരുകയും ഓൾഡ് ഏജ് ഹോമിന്റെ ഡയറക്ടർ അപ്പച്ചൻ ചേട്ടനെ പൊന്നാടയണിയിച്ച് ആദരിക്കുകയും ചെയ്തു. ജോസ് വട്ടുകുളം ആൻസമ്മ സാബു, അഡ്വ. സണ്ണി മാന്തറയിൽ, എ.സി. ബേബിച്ചൻ അഴിയാത്ത്, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ, എഡ്വിൻ പാമ്പാറയിൽ, സാനി പാറയിൽ, ജോമി പള്ളിപ്പറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

**5. മറ്റത്തിപ്പാറ**

മറ്റത്തിപ്പാറ ബ്ലസ്ഡ് കുഞ്ഞച്ചൻ സാന്തോം വില്ലേജ് സന്ദർശിക്കുകയും സഹായങ്ങൾ കൈമാറുകയും ചെയ്തു. രൂപത വൈസ് പ്രസിഡന്റ് ആൻസമ്മ സാബു അധ്യക്ഷത വഹിച്ചു. ഡയറക്ടർ ബിജുവിനെ പൊന്നാടയണിയിച്ച് ആദരിച്ചു. ജോസ് വട്ടുകുളം, തുടങ്ങനാട് ഫൊറോന പ്രസിഡന്റ് ജിസ്മോൻ നെല്ലൻകുഴിയിൽ, സെക്രട്ടറി ജോസ് മറ്റത്തിയാനിക്കൽ, എഡ്വിൻ പാമ്പാറയിൽ, സാനി പാറയിൽ, ജോബി കുപ്പത്താനം, ജോമി പറപ്പള്ളിൽ, ബിബിൻ ചാമക്കാല, ജിനു മുട്ടപ്പള്ളിൽ തുടങ്ങിയവർ സംസാരിച്ചു.

**6. മണിയംകുളം**

ദശദിന കാരുണ്യോത്സവത്തിന്റെ ഭാഗമായി മണിയംകുളത്തുള്ള രക്ഷാഭവൻ, കൃപാലയം എന്നീ കാരുണ്യഭവനങ്ങൾ സന്ദർശിച്ചു സഹായങ്ങൾ കൈമാറി. രൂപത സെക്രട്ടറി ജോൺസൺ ചെറുവള്ളി അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ട്രഷറർ അഡ്വ. ജോൺസൺ വീട്ടിയാങ്കൽ മദർ സുപ്പീരിയർ സി. ആനി ടോമിനെ പൊന്നാടയണിയിച്ച് ആദരിച്ചു. ജോസ് വട്ടുകുളം, യൂത്ത് കൗൺസിൽ ചീഫ് കോർഡിനേറ്റർ എഡ്വിൻ പാമ്പാറ, സാനി പാറയിൽ, ജോബി കുപ്പത്താനം, ജിനു മുട്ടപ്പള്ളിൽ, ബേബി കപ്പലുമാക്കൽ തുടങ്ങിയവർ സംസാരിച്ചു.

**7. പാലാ ബോയ്സ് ടൗൺ ദയാഭവൻ**

യൂത്ത് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പാലാ ബോയ്സ് ടൗൺ ദയാഭവൻ സന്ദർശിച്ചു സഹായങ്ങൾ കൈമാറി. ചീഫ് കോർഡിനേറ്റർ എഡ്വിൻ പാമ്പാറ അധ്യക്ഷത വഹിച്ചു. സ്ഥാപനമേധാവി മദർ പ്രകാശിനെ പൊന്നാടയണിയിച്ച് ആദരിച്ചു. ജോസ് വട്ടുകുളം, ജോബി കുപ്പത്താനം, ജിനു മുട്ടപ്പള്ളി, ബേബിച്ചൻ ഞാവള്ളി തുടങ്ങിയവർ സംസാരിച്ചു.

**8. പാറേമാക്കൽ ഗോവർണദോർ ജന്മദിനം**

പാറേമാക്കൽ ഗോവർണദോറിന്റെ 286-ാം ജന്മദിനം സമുചിതമായി ആഘോഷിച്ചു. രാമപുരം ജൂബിലി ഹാളിൽ കൂടിയ യോഗത്തിൽ സീറോ മലബാർ സഭ വക്താവ് സാജു അലക്സ് അധ്യക്ഷത വഹിച്ചു. രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ ഉദ്ഘാടനം ചെയ്തു. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, ആൻസമ്മ സാബു, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ബേബി ആലുങ്കൽ, ജോബി പുതിയിടത്തുചാലിൽ തുടങ്ങിയവർ സംസാരിച്ചു.

**9. പുസ്തകപ്രകാശനം**

സഭാതാരം ജോൺ കച്ചിറമറ്റം എഴുതിയ കത്തോലിക്കാ കോൺഗ്രസ് ചരിത്രം രണ്ടാം വോളിയം മാർ ജോസഫ് കല്ലറങ്ങാട്ട് പ്രകാശനം ചെയ്തു. രാമപുരം ഹൈസ്കൂൾ ഹാളിൽ കൂടിയ യോഗത്തിൽ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ അധ്യക്ഷത വഹിച്ചു. രാജീവ് കൊച്ചുപറമ്പിൽ സംസാരിച്ചു. ആയിരത്തോളം പേജുള്ള രണ്ടാം വോളിയം കേരളത്തിന്റെ പൊതുചിത്രവും വരച്ചു കാണിക്കുന്നു.

**10. കൂട്ടിക്കൽ ഫൊറോന കമ്മിറ്റി**

കൂട്ടിക്കൽ ഫൊറോന കമ്മിറ്റി പ്രസിഡന്റ് റ്റോമി പുളിക്കലിന്റെ അധ്യക്ഷതയിൽ കൂടി. ഫൊറോന ഡയറക്ടർ വെരി. റവ.ഫാ. ജോസഫ് മണ്ണനാൽ, സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ. ഫാ. സിറിൽ തയ്യിൽ, സാബു പൂണ്ടികുളം, ജോൺസൺ ചെറുവള്ളി, ജോർജ് മുണ്ടമറ്റം എന്നിവർ സംസാരിച്ചു. ഫൊറോനയിലെ എല്ലാ ഇടവകകളിലും യൂണിറ്റ് തുടങ്ങുവാനും യൂണിറ്റുകൾ സന്ദർശിക്കുവാനും തീരുമാനിച്ചു.

**11. ആദരിക്കൽ**

പിഴക് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിലെ ഉന്നതവിജയികളെയും യൂണിവേഴ്സിറ്റി പരീക്ഷയിൽ റാങ്കു കിട്ടിയ കുട്ടികളെയും ആദരിക്കുകയും അനുമോദിക്കുകയും ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ജേക്കബ് അൽഫോൻസ് ദാസ് അധ്യക്ഷത വഹിച്ചു. രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം സമ്മേളനം ഉദ്ഘാടനം ചെയ്തു സമ്മാനവിതരണം നടത്തി. ഡയറക്ടർ റവ.ഫാ. ജോസഫ് തെക്കേൽ വിജയികളെ അനുമോദിച്ചു സംസാരിച്ചു. എം.എം. ജേക്കബ്, ബിനു വള്ളോംപുരയിടം, ജോയി മലയിൽ, പോൾ തച്ചമ്പാറ തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

**12. അനുമോദിച്ചു**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബർ വിമൻസ് കൗൺസിൽ കോ-ഓർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ടു. രൂപത വൈസ് പ്രസിഡന്റ് ആൻസമ്മ സാബുവിനെ രൂപതാസമിതി അനുമോദിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

**13. ഇലഞ്ഞി ഫൊറോന**

അഗതിമന്ദിരങ്ങളിലും ഭിന്നശേഷിഭവനങ്ങളിലും നടത്തിവരുന്ന ഓണാഘോഷപരിപാടികളുടെ ഈ വർഷത്തെ ഉദ്ഘാടനം സ്നേഹഭവൻ പുനരധിവാസകേന്ദ്രത്തിൽ ബഹുമാനപ്പെട്ട ഫാ. തോമസ് അയലൂക്കുന്നേൽ നിർവഹിച്ചു. മേഖലാ പ്രസിഡന്റ് ജയിംസ് കുറ്റിക്കോട്ടയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപതാ വൈസ് പ്രസിഡന്റ് സി.എം. ജോർജ് മുഖ്യപ്രഭാഷണം നടത്തി.

**14. കുറവിലങ്ങാട് യൂണിറ്റ്**

ഇടവകയിലെ മൂന്നു ക്യാൻസർ രോഗികൾക്ക് ചികിത്സാസഹായമായി പതിനായിരം രൂപാവീതം സമാഹരിച്ചു നൽകി. യൂണിറ്റ് അംഗത്തിന്റെ മകന്റെ ഉപരിപഠനത്തിനായി മുപ്പതിനായിരം രൂപ നൽകി. എട്ടുനോമ്പിനോടനുബന്ധിച്ച് എല്ലാ ദിവസവും നടത്തുന്ന നേർച്ചക്കഞ്ഞിയും പിറവിത്തിരുനാളിനു നടത്തുന്ന നോമ്പുവീടൽ സദ്യയും പള്ളിയോഗ നിശ്ചയപ്രകാരം കത്തോലിക്കാ കോൺഗ്രസ് ഏറ്റെടുത്തു നടത്തി. പ്രസിഡന്റ് ബ്രൈസ് ലൂക്കോസ്, റെജി പടിഞ്ഞാറോട്ട്, ജോയി പുന്നന്താനം, ജോയി ചേലക്കണ്ടം, ബിജു താന്നിക്കത്തറപ്പിൽ എന്നിവർ നേതൃത്വം നൽകി.

രുചികരമായ ഭക്ഷണം തയ്യാറാക്കിയ ജോയി വല്യോളിൽ, ജോൺ കുന്നേൽ എന്നിവരെ ആർച്ച് പ്രീസ്റ്റ് റവ.ഡോ. അഗസ്റ്റ്യൻ കൂട്ടിയാനിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പൊന്നാടയണിയിച്ച് ആദരിച്ചു. ഓണാഘോഷത്തിന്റെ ഭാഗമായി ഉഴവൂർ ആവേ മരിയ, മാൻവെട്ടം ആശാഭവൻ എന്നീ ആതുരാലയങ്ങളിൽ ഭക്ഷണസാമഗ്രികളും വസ്ത്രങ്ങളും വിതരണം ചെയ്തു.

**15. റബർ വില സ്ഥിരതാപദ്ധതി**

റബർവില കുത്തനെ ഇടിഞ്ഞ സാഹചര്യത്തിൽ റബർവില സ്ഥിരതാപദ്ധതി പുനരാരംഭിക്കുവാൻ സംസ്ഥാന സർക്കാർ തയ്യാറാക്കണമെന്ന് പാലാ രൂപതാ കത്തോലിക്കാ കോൺഗ്രസ് നേതൃസമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു.

**16. വാകക്കാട് പുതിയ യൂണിറ്റ്**

വാകക്കാട് സെന്റ് പോൾസ് ഇടവകയിൽ യൂണിറ്റ് പുനഃസംഘടിപ്പിച്ചു. വികാരി ഫാ. മൈക്കിൾ ചീരാംകുഴി അധ്യക്ഷത വഹിച്ചു. രൂപത ട്രഷറർ അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, മേഖല സെക്രട്ടറി ഷൈൻ പാറയിൽ എന്നിവർ സംസാരിച്ചു.

പുതിയ ഭാരവാഹികൾ : പ്രസിഡന്റ് - ജോസ് കുന്നയ്ക്കാട്ട്, സെക്രട്ടറി - സാബു പുതിയിടത്തുചാലിൽ, ട്രഷറർ - പാപ്പച്ചൻ വാളിപ്ലാക്കൽ.

**17. യൂത്ത് കൗൺസിൽ**

കോതനെല്ലൂർ ഫൊറോന യൂത്ത് കൗൺസിൽ ചീഫ് കോർഡിനേറ്റർ എഡ്വിൻ പാമ്പാറയുടെ അധ്യക്ഷതയിൽ നടത്തി. മേഖല ഡയറക്ടർ വെരി. റവ.

ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴിപ്പിൽ ഉദ്ഘാടനം ചെയ്തു. രാജീവ് കൊച്ചുപറമ്പിൽ, ഫാ തോമസ് പുതുപ്പറമ്പിൽ, ജോസ് വട്ടുകുളം, സി.എം. ജോർജ്, റ്റോമി കണ്ണിറ്റുമ്യാലിൽ, ജോസഫ് ചീനോത്തുപറമ്പിൽ, സാനി പാറയിൽ, ജോബി കുപ്പന്താനം, ജീനു മുട്ടപ്പള്ളിൽ, ജോമി പറപ്പള്ളിൽ, ബിബിൻ ചാമക്കാലായിൽ തുടങ്ങിയവർ സംസാരിച്ചു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. സംരംഭകർക്കായി സെമിനാർ**

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയുടെ ഭാഗമായി മീനച്ചിൽ താലൂക്ക് വ്യവസായ ഓഫീസിന്റെയും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ സംരംഭകരെ കണ്ടെത്തുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും സർക്കാർ നൽകുന്ന സാമ്പത്തിക, സാങ്കേതികസഹായങ്ങൾ, പ്രത്യേക ആനുകൂല്യങ്ങൾ, സംരംഭകലോണുകൾ, സബ്സിഡി സ്കീമുകൾ, ലളിതമായ ലൈസൻസ് നടപടികൾ എന്നിവ സംരംഭകരിലേക്ക് എത്തിക്കുന്നതിനും സംശയനിവാരണങ്ങൾക്കുമായി ഒരു ബോധവത്കരണ ക്ലാസ് സെപ്റ്റംബർ 20 ന് ചൊവ്വാഴ്ച രാവിലെ 10.30 ന് പാലാ സെന്റ് തോമസ് പ്രസിനുസമീപം അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ് ഹാളിൽ വച്ചു നടന്നു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ ആരംഭിച്ച സെമിനാറിൽ ഉപജില്ല വ്യവസായ ഓഫീസിൽ ശ്രീ ഡിനോ ജേക്കബ് മാത്യു, പാലാ നഗരസഭാ വ്യവസായ ഓഫീസർ ശ്രീ ചന്ദ്രൻ സി.എൻ. എന്നിവർ ക്ലാസുകൾ നയിച്ചു.

**2. 52 കേന്ദ്രങ്ങളിൽ ഓണവിപണി നടത്തി**

വിഷരഹിതമായ പച്ചക്കറികളും മായംകലരാത്ത കറിപ്പൗഡറുകളുമടക്കം ഗുണമേന്മയുള്ള ഭക്ഷ്യ ഉത്പന്നങ്ങൾ ജനങ്ങൾക്കു സംലഭ്യമാക്കുവാൻ ലക്ഷ്യം വച്ചുകൊണ്ട് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി രൂപതയിലുടനീളം അഗ്രിമ ഓണവിപണികൾ ആരംഭിക്കുന്നു. 52 കേന്ദ്രങ്ങളിൽ നടത്തപ്പെടുന്ന ഓണവിപണികളുടെ ഔപചാരികമായ രൂപതാതല ഉദ്ഘാടനം മാണി സി. കാപ്പൻ എം.എൽ.എ. നിർവഹിച്ചു. പാലാ സെന്റ് തോമസ് പ്രസിനു സമീപം അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ രൂപതാ വികാരി ജനറൽ മോൺ ജോസഫ് തടത്തിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ കെ.കെ. ബിന്ദു, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ തുടങ്ങിയവർ സംസാരിച്ചു. വട്ടവടയിൽനിന്നു കൊണ്ടുവരുന്ന വിഷം കലരാത്ത പച്ചക്കറികളും കർഷകസംരംഭകർ നിർമിക്കുന്ന മായംകലരാത്ത കറിപ്പൗഡറുകളും അടക്കമുള്ള ഭക്ഷ്യവിഭവങ്ങളും നിത്യോപയോഗസാധനങ്ങളുമാണ് വിപണികളിൽ വിതരണം ചെയ്തത്.

**3. സ്വാശ്രയസംഘം നേതൃത്വസംഗമവും ഏകദിനപരിശീലനവും**

പി.എസ്.ഡബ്ല്യു.എസ്. ന്റെ സ്വാശ്രയസംഘം കർഷകദള ഭാരവാഹികളുടെ ഏകദിന പരിശീലനവും നേതൃത്വസംഗമവും പാലാ, മുട്ടുചിറ, അരുവിത്തുറ, തുടങ്ങനാട് എന്നീ റീജിയണുകളിൽ വച്ചു നടക്കും.

**4. സംരംഭകർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ നൽകി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പിന്നാക്ക - ന്യൂനപക്ഷ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ സ്വയംസഹായസംഘങ്ങളിലെ നവസംരംഭകർക്കു കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ വിതരണം ചെയ്തു. രണ്ടാം ഘട്ടം ബഡ്മാ വായ്പാ പദ്ധതിപ്രകാരം 30 സ്വയംസഹായസംഘങ്ങളിലെ അംഗങ്ങൾക്ക് 2 ലക്ഷം രൂപ വീതം 60 ലക്ഷം രൂപ വിതരണം ചെയ്തു.

**5. ഭക്ഷ്യ - ചികിത്സാസഹായങ്ങൾ**

മൂലമറ്റം സോണിന്റെ ആഭിമുഖ്യത്തിൽ അസ്സീസി സ്നേഹഭവനത്തിലെ അംഗങ്ങൾക്ക് ഒരു ദിവസത്തെ ഭക്ഷണം സൗജന്യമായി വിതരണം ചെയ്തു. കൂടാതെ, 4000 രൂപയുടെ ചികിത്സാസഹായവും നൽകി.

**6. മുട്ടക്കോഴിവിതരണം**

പി.എസ്.ഡബ്ല്യു.എസ്. അഗ്രിമ മാർക്കറ്റിന്റെ ആഭിമുഖ്യത്തിൽ ബി.വി. 380 എന്ന ഇനത്തിൽപെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സെപ്റ്റംബർ 2 മുതൽ വിതരണം ചെയ്തു.

**7. ജൈവരീതിയിൽ നെല്ല് അത്യുത്പാദനപരിശീലനം**

കേരള സോഷ്യൽ സർവീസ് ഫോറം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മാനന്തവാടി പരിശീലനകേന്ദ്രത്തിൽവച്ച് ജൈവരീതിയിൽ നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനു നടത്തിയ പരിശീലനപരിപാടിയിൽ പി.എസ്.ഡബ്ല്യു.എസിൽനിന്ന് മൂന്നു നെൽക്കർഷകരെ പങ്കെടുപ്പിക്കുകയുണ്ടായി. മികച്ച രീതിയിലുള്ള പരിശീലനം ലഭിച്ചതുവഴി ഓരോരുത്തരും 50 സെന്റ് പാടത്ത് ജൈവരീതിയിൽ നെൽക്കൃഷി ആരംഭിച്ചു.

**8. ഗാർഡൻ ഓഫ് ഈഡൻ - റൂട്ട് സോൺ ഫെർട്ടിഗേഷൻ പരിപാടികൾ**

കേരള സോഷ്യൽ സർവീസ് ഫോറം നടത്തുന്ന ഗാർഡൻ ഓഫ് ഈഡൻ പദ്ധതിയുടെ ഭാഗമായി രൂപതയിൽനിന്ന് 50 കർഷകർക്ക് റൂട്ട് സോൺ ഫെർട്ടിഗേഷൻ രീതിയിൽ ഫലവൃക്ഷത്തൈകൾ നടാനും പരിപാലിക്കാനും പരിശീലനം നൽകുന്നു. സെപ്റ്റംബർ 23,24 തീയതികളിൽ അടിച്ചിറയിലുള്ള ആമോസ് സെന്ററിൽ വച്ചാണു പരിപാടി നടത്തുന്നത്.

**9. ആശാകിരണം ജീവിതശൈലി രോഗബോധവത്കരണം സെമിനാർ**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം പദ്ധതിയുടെ ഭാഗമായി സ്വയംസഹായസംഘാംഗങ്ങൾക്കും സ്കൂൾ കുട്ടികൾക്കുമായുള്ള സെമിനാർ സെപ്റ്റംബർ 30 ന് പാലാ ളാലം സെന്റ് മേരീസ് പള്ളി പാരിഷ് ഹാളിൽ വച്ചുനടത്തപ്പെ

ടുന്നു. ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റി ആശുപത്രി ഓങ്കോളജി ഡിപ്പാർട്ടുമെന്റുമായി സഹകരിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

**10. വാർഷികം**

രത്നഗിരി, ളാലം ഓൾഡ്, മൂലമറ്റം, കുറിഞ്ഞി, മേലുകാവുമറ്റം, ചക്കാമ്പുഴ, മൂഴൂർ, മേവിട, കരൂർ, അടുക്കം, പൂവരണി നവജീവൻ എസ്.എച്ച്.ജി., ജയ്ഗിരി ഹരിതദളം, രത്നഗിരി ഗൃഹലക്ഷ്മി എസ്.എച്ച്.ജി., മുണ്ടാങ്കൽ എന്നീ യൂണിറ്റുകളുടെ വാർഷികങ്ങൾ നടന്നു.

**11. യാത്രയയപ്പ്**

തീക്കോയി സോൺ ഡയറക്ടർ, റോമിന് ഉന്നതവിദ്യാഭ്യാസത്തിനു പോകുന്ന ഫാ. മാത്യു വളയംപള്ളിക്ക് സോൺ പ്രമോഷൻ കൗൺസിൽ യാത്രയയപ്പു നൽകി.

**12. പ്രമോട്ടർ ട്രെയിനിംഗ്**

പി.എസ്.ഡബ്ല്യു.എസ്. രണ്ടാം ബാച്ച് പ്രമോട്ടർ ട്രെയിനിംഗ് ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ നബാർഡ് ജില്ല ജനറൽ മാനേജർ റെജി വർഗീസ് ഉദ്ഘാടനം നിർവഹിച്ചു. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ജോയി മടിക്കാങ്കൽ, സിബി കണിയാംപടി, പി.വി. ജോർജ്, മെർളി ജെയിംസ് എന്നിവർ ക്ലാസ് നയിച്ചു.

**13. കുടുംബോദ്ധാരണപദ്ധതി ധനസഹായവിതരണം**

സേവ് എ ഫാമിലി പ്ലാൻ പദ്ധതിപ്രകാരം കഴിഞ്ഞമാസം 30 കുടുംബങ്ങൾക്ക് 425000 രൂപ ധനസഹായം വിതരണം ചെയ്തു.

**14. കറിപൗഡറുകൾ വിതരണം ചെയ്തു.**

പി.എസ്.ഡബ്ല്യു.എസ്. ന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനികളുടെ മായം ചേരാത്ത കറിപൗഡറുകൾ വിവിധ ഇടവകകളിൽ വിതരണം ചെയ്തു.

**15. ശീതകാല പച്ചക്കറിത്തൈവിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അഗ്രിമ മാർക്കറ്റിൽ വച്ച് സെപ്തംബർ 1 മുതൽ കാബേജ്, കോളിഫ്ളവർ, കാപ്സിക്കം, തക്കാളി തുടങ്ങിയ ശീതകാലപച്ചക്കറിത്തൈകൾ വിതരണം ചെയ്തു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**1. പാലാ രൂപത കമ്മിറ്റി**

2022 സെപ്റ്റംബർ 11-ാം ഞായറാഴ്ച രാവിലെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡി.സി.എം.എസ് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി റിപ്പോർട്ടും ഖജാൻജി ശ്രീമതി മേരി എം.പി കണക്കും അവതരിപ്പിച്ചു. വിവിധ കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്തു.

**2. പാലാ രൂപത കൗൺസിൽ**

2022 സെപ്റ്റംബർ 11 - ാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡി.സി.എം.എസ് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. തുടർന്ന് സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി റിപ്പോർട്ടും ഖജാൻജി ശ്രീമതി മേരി എം.പി. കണക്കും അവതരിപ്പിച്ചു. തുടർന്ന് ചർച്ചകൾ നടത്തി.

**3. യാത്രയയപ്പ്, നന്ദിയോടെ...**

പാലാ രൂപത സഹായമെത്രാനും കെസിബിസി എസ്സി/എസ്ടി/ബിസി കമ്മീഷൻ ചെയർമാനുമായി സേവനമനുഷ്ഠിച്ച അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് തന്റെ ഔദ്യോഗികപദവികൾ ഒഴിവാക്കി ഏകാന്തസന്ന്യാസ ജീവിതത്തിലേക്കുള്ള ദൈവനിയോഗം നിറവേറ്റുന്നതിനായി സന്ന്യാസജീവിതത്തിലേക്കു പ്രവേശിക്കുകയുണ്ടായി. ഒരിക്കലും മറക്കാത്ത അഭിവന്ദ്യ പിതാവിനോടുള്ള നന്ദിയും കടപ്പാടും ഡി.സി.എം.എസ്. പാലാ രൂപത ഈ അവസരത്തിൽ പ്രാർത്ഥനയോടെ ഓർക്കുന്നു. നമുക്കുവേണ്ടി, നമ്മുടെ ശബ്ദമായി നിലനിന്നിരുന്ന പിതാവിന് സന്ന്യാസജീവിതത്തിൽ എന്നും ദൈവത്തിന്റെ കരങ്ങൾ കൂട്ടായിരിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് പിതാവിന് എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

**4. ഡി.സി.എം.എസ്. സംസ്ഥാനതല ജസ്റ്റിസ് സൺഡേ സമാപനസമ്മേളനം**

ഡി.സി.എം.എസ്. സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ 2022 ആഗസ്റ്റ് 27-ാം തീയതി ശനിയാഴ്ച കോട്ടയം ലൂർദ് ഓഡിറ്റോറിയത്തിൽ വച്ചുനടന്ന ജസ്റ്റീസ് സൺഡേ സമാപനസമ്മേളനത്തിൽ രൂപതയിൽനിന്ന് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, സംസ്ഥാന സെക്രട്ടറി ബിജി സാലസ്, രൂപത കമ്മിറ്റിയംഗവും സംസ്ഥാന കമ്മിറ്റിയംഗവുമായ ബാബു പീറ്റർ എന്നിവർ കൂടാതെ രൂപതയിൽനിന്ന് വിവിധ ആളുകൾ സമ്മേളനത്തിൽ പങ്കെടുത്തു.

സമ്മേളനത്തിൽ ഡി.സി.എം.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി ജസ്റ്റിൻ പി. സ്റ്റീഫൻ സ്വാഗതവും ഡി.സി.എം.എസ് സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗവും നടത്തി. സമ്മേളനം സംസ്ഥാന നിയമസഭ ചീഫ് വിപ് എൻ. ജയരാജ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കെസിബിസി

എസ് സി/എസ്ടി/ബിസി കമ്മീഷൻ വൈസ് ചെയർമാൻ റൈറ്റ് റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ തിരുമേനി ജസ്റ്റീസ് സൺഡേസന്ദേശം നൽകി. ഡി.സി.എം.എസ് സംസ്ഥാന പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ അധ്യക്ഷനായ യോഗത്തിൽ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ബാബുരാജ് മുഖ്യപ്രഭാഷണം നടത്തി. വിജയപുരം രൂപത വികാരി ജനറാൾ മോൺ ജസ്റ്റിൻ മഠത്തിപ്പറമ്പിൽ, ലൂർദ് ഫൊറോന പള്ളി വികാരി റവ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ ഡി.സി.എം. എസ് സംസ്ഥാന അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജോസുകുട്ടി ഇടത്തിനകം, ചങ്ങനാശ്ശേരി അതിരൂപത ഡയറക്ടർ അഡ്വ. ഫാ. ജോൺ വടക്കേക്കളം എന്നി വർ യോഗത്തിന് ആശംസകളർപ്പിച്ചു. ഡി.സി.എം.എസ് സംസ്ഥാന ഖജാൻജി എൻ. ദേവദാസ്, സി.സി കുഞ്ഞുകൊച്ച്, വിൻസെന്റ് ആന്റണി, എന്നിവർ യോഗ ത്തിൽ സംസാരിച്ചു. പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടത്തുന്ന വിവിധ പദ്ധതികളെക്കുറിച്ച് കോർപ്പറേഷൻ ഉദ്യോഗ സ്ഥർ ക്ലാസ്സെടുത്തു.

**5. അനുശോചനം**

ഡി.സി.എം.എസ്. പാലാ രൂപത ആദ്യകാല പ്രവർത്തകനും മുൻ രൂപത കൗൺസിൽ അംഗവും, രൂപത ക്യാഷർ, വൈസ് പ്രസിഡന്റ്, പാരീഷ് കൗൺ സിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന കെ. ഇ. ജോസഫ്, കോത ച്ചേരിയിലിന്റെ 2022 സെപ്റ്റംബർ 17–ാം തീയതി നടന്ന സംസ്കാര ശുശ്രൂഷകളിൽ ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യകാർമ്മി കത്വം വഹിച്ച് അനുശോചനം അറിയിച്ചു.

**6. അരുവിത്തുറ മേഖല – യൂണിറ്റ് സന്ദർശനം**

ഡി.സി.എം.എസ്. പാലാ രൂപത കമ്മിറ്റിയും അരുവിത്തുറ മേഖല കമ്മിറ്റിയും സംയുക്തമായി 2022 സെപ്റ്റംബർ 18–ാം തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് അരുവിത്തുറ മേഖലയിലെ വിവിധ യൂണിറ്റുകളിൽ സന്ദർ ശനം നടത്തി.

**വാകക്കാട്**

2022 സെപ്റ്റംബർ 18–ാം തീയതി ഞായറാഴ്ച രാവിലെ 9.45 ന് വാകക്കാട് പള്ളിയിൽ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ കാർമ്മികത്വത്തിൽ കുർബാനയർപ്പിച്ചു. 11 ന് വാകക്കാട് സെന്റ് പോൾ പള്ളി പാരീഷ് ഹാളിൽ വച്ച് യൂണിറ്റ് പ്രസിഡന്റ് ശ്രീ അനീഷ് കെ.പിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം ഇടവക വികാരി ഫാ. മൈക്കിൾ ചീരാംകുഴി ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, മേഖല പ്രസിഡന്റ് ശ്രീ രാജു കെ.പി, സെക്രട്ടറി കുമാരി ആഷ്‌ലി എലിസബത്ത് ജോസഫ്, ഓർഗനൈസർ ശ്രീ ജോയി മാത്യു എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ഖജാൻജി ശ്രീ സിബി ജോർജ്ജ് കൃതജ്ഞതയർപ്പിച്ചു.

**മൂന്നിലവ്**

2022 സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 12.30 ന് മൂന്നിലവ് സെന്റ് മേരീസ് പള്ളി പാരീഷ് ഹാളിൽ വച്ച് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് അധ്യക്ഷതയിൽ കൂടിയ യോഗം ഇടവക വികാരി ഫാ. മാത്യു കാവനാടിമലയിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, മേഖല പ്രസിഡന്റ് ശ്രീ രാജു കെ.പി, സെക്രട്ടറി കുമാരി ആഷ്‌ലി എലിസബത്ത് ജോസഫ്, ഓർഗനൈസർ ശ്രീ ജോയി മാത്യു എന്നിവർ സംസാരിച്ചു.

**ഇടമറുക്**

2022 സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1 മണിക്ക് ഇടമറുക് സെന്റ് ആന്റണീസ് പള്ളി പാരീഷ് ഹാളിൽ വച്ച് യൂണിറ്റ് പ്രസിഡന്റ് ശ്രീ ചാക്കോ ആഗസ്തിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം ഇടവക വികാരി ഫാ. ജോസഫ് കൊച്ചുമുറിയിൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, മേഖല പ്രസിഡന്റ് ശ്രീ രാജു കെ.പി, സെക്രട്ടറി കുമാരി ആഷ്‌ലി എലിസബത്ത് ജോസഫ്, ഓർഗനൈസർ ശ്രീ ജോയി മാത്യു എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ശ്രീമതി ലീലാമ്മ തോമസ് കൃതജ്ഞതയർപ്പിച്ചു.

**പയസ്മൗണ്ട്**

2022 സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് പയസ്മൗണ്ട് സെന്റ് പയസ് പള്ളി പാരീഷ് ഹാളിൽ വച്ച് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് അധ്യക്ഷതയിൽ കൂടിയ യോഗം ഇടവക വികാരി ഫാ. ജോർജ്ജ് പാറേക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, മേഖല പ്രസിഡന്റ് ശ്രീ രാജു കെ.പി, സെക്രട്ടറി കുമാരി ആഷ്‌ലി എലിസബത്ത് ജോസഫ്, ഓർഗനൈസർ ശ്രീ ജോയി മാത്യു എന്നിവർ സംസാരിച്ചു.

**അരുവിത്തുറ**

2022 സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അരുവിത്തുറ സെന്റ് ജോർജ്ജ് പള്ളി പാരീഷ് ഹാളിൽ വച്ച് യൂണിറ്റ് പ്രസിഡന്റ് ശ്രീ റ്റി.എം. ബേബിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം ഡി.സി.എം.എസ് മേഖല ഡയറക്ടർ ഫാ. ആന്റണി തോണക്കര ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, മേഖല പ്രസിഡന്റ് ശ്രീ രാജു കെ.പി, സെക്രട്ടറി കുമാരി ആഷ്‌ലി എലിസബത്ത് ജോസഫ്, ഓർഗനൈസർ ശ്രീ ജോയി മാത്യു എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. അരുവിത്തുറ യൂണിറ്റ് സെക്രട്ടറി കുമാരി രശ്മി രാജു കൃതജ്ഞത യർപ്പിച്ചു.

**തിടനാട്**

2022 സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് തിടനാട് സെന്റ് ജോസഫ് പള്ളി പാരീഷ് ഹാളിൽ വച്ച് യൂണിറ്റ് പ്രസിഡന്റ് ശ്രീ പോൾ പൈലിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം ഫാ. മാത്യു പനയ്ക്കക്കുഴി ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, മേഖല പ്രസിഡന്റ് ശ്രീ രാജു കെ.പി, സെക്രട്ടറി കുമാരി ആഷ്‌ലി എലിസബത്ത് ജോസഫ്, ഓർഗനൈസർ ശ്രീ ജോയി മാത്യു എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. യൂണിറ്റ് ഖജാൻജി ശ്രീ രാജൻ പീറ്റർ കൃതജ്ഞതയർപ്പിച്ചു.

**ചെമ്മലമറ്റം**

2022 സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച 5 മണിക്ക് ചെമ്മലമറ്റം പന്ത്രണ്ട് ശ്ലീഹന്മാരുടെ പള്ളി പാരീഷ് ഹാളിൽ വച്ച് ഇടവക വികാരി ഫാ. സ്കറിയ ആട്ടപ്പാട്ടിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, മേഖല പ്രസിഡന്റ് ശ്രീ രാജു കെ.പി, സെക്രട്ടറി കുമാരി ആഷ്‌ലി എലിസബത്ത് ജോസഫ്, ഓർഗനൈസർ ശ്രീ ജോയി മാത്യു എന്നിവർ സംസാരിച്ചു.

**ചേറ്റുതോട്**

2022 സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5.30 ന് ചേറ്റുതോട് ഫാത്തിമ മാതാ പള്ളി പാരീഷ് ഹാളിൽ വച്ച് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഇടവകവികാരി ഫാ. ജോസഫ് കാപ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, മേഖല പ്രസിഡന്റ് ശ്രീ രാജു കെ.പി, സെക്രട്ടറി കുമാരി ആഷ്‌ലി എലിസബത്ത് ജോസഫ്, ഓർഗനൈസർ ശ്രീ ജോയി മാത്യു എന്നിവർ സംസാരിച്ചു.

**വാരിയാനിക്കാട്**

2022 സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് വാരിയാനിക്കാട് സെന്റ് ജോസഫ് പള്ളി പാരീഷ് ഹാളിൽ വച്ച് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, മേഖല പ്രസിഡന്റ് ശ്രീ രാജു കെ.പി, സെക്രട്ടറി കുമാരി ആഷ്‌ലി എലിസബത്ത് ജോസഫ്, ഓർഗനൈസർ ശ്രീ ജോയി മാത്യു എന്നിവർ സംസാരിച്ചു.

**മണിയംകുളം**

2022 സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6.30 ന് മണിയംകുളം സെന്റ് ജോസഫ് പള്ളി പാരീഷ് ഹാളിൽ വച്ച് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഇടവക വികാരി ഫാ. അലക്സാണ്ടർ പൈകട ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, മേഖല പ്രസിഡന്റ്

ശ്രീ രാജു കെ.പി, സെക്രട്ടറി കുമാരി ആഷ്‌ലി എലിസബത്ത് ജോസഫ്, ഓർഗനൈസർ ശ്രീ ജോയി മാത്യു എന്നിവർ സംസാരിച്ചു.

**ചേന്നാട്**

2022 സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച വൈകുന്നേരം 7 മണിക്ക് ചേന്നാട് സെന്റ് ലൂർദ് മാതാ പള്ളി പാരീഷ് ഹാളിൽ വച്ച് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, മേഖല പ്രസിഡന്റ് ശ്രീ രാജു കെ.പി, സെക്രട്ടറി കുമാരി ആഷ്‌ലി എലിസബത്ത് ജോസഫ്, ഓർഗനൈസർ ശ്രീ ജോയി മാത്യു, എന്നിവർ സംസാരിച്ചു.

**7. ഫ്യൂച്ചർ സ്റ്റാർസ്**

5-ാം ക്ലാസ്സു മുതൽ 9-ാം ക്ലാസ്സുവരെ പഠിക്കുന്ന ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസ്സ് 2022 സെപ്റ്റംബർ 21-ാം തീയതി പാലാ സെന്റ് തോമസ് ഹൈസ്കൂളിൽവച്ച് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് രൂപതാഭാരവാഹികൾ, വിവിധ സ്കൂളുകളിൽ ജോലി ചെയ്യുന്ന ഡി.സി.എം.എസ് അംഗങ്ങളായ അധ്യാപകർ - അനധ്യാപകർ എന്നിവർ കോച്ചിംഗിനു നേതൃത്വം നൽകി. ശ്രീമതി റ്റിൻജി, ശ്രീ ആർ. മഹാദേവൻ, ശ്രീമതി ജിജി കെ. സെബാസ്റ്റ്യൻ, ശ്രീ ജോബി തോമസ് എന്നിവർ കുട്ടികൾക്കു ക്ലാസ്സെടുത്തു. ജോയി മാത്യു, ബീന സേവ്യർ, ബിന്ദു സെബാസ്റ്റ്യൻ, ഹെലൻ ജോസഫ് എന്നിവർ ക്ലാസ്സിനു നേതൃത്വം നൽകി.

**8. സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

2022 ൽ എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, പിജി, വേദപാഠം (പ്ലസ്ടു) ഇതര കോഴ്സുകൾ എന്നിവയിൽ 60% ൽ കൂടുതൽ മാർക്കുവാങ്ങിയ ദളിത് കത്തോലിക്കാ കുട്ടികൾക്ക് ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിലുള്ള സ്കോളർഷിപ്പുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു. സ്കോളർ ഷിപ്പിന് അർഹരായവർ അപേക്ഷ ഫോറം പൂരിപ്പിച്ച്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ കോപ്പി, മാർക്ക് ലിസ്റ്റ്, സഹിതം വികാരിയച്ചന്റെയും യൂണിറ്റ് പ്രസിഡന്റിന്റെയും ശുപാർശയോടുകൂടി ഒക്ടോബർ 31 നുമുമ്പ് രൂപത ഓഫീസിൽ നൽകേണ്ടതാണ്.

കേരള കത്തോലിക്കാ മെത്രാൻ സമിതി - ദലിത്-പിന്നാക്ക വിഭാഗ വികസന കമ്മീഷൻ (KCBC-SC/ST/BC) നല്കുന്ന സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു.

2021- 2022 അധ്യയനവർഷം പാസ്സായ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ്.

SSLC - 80 %, PIus Two - 70%, Degree, PG, BSc Nursing, Engineering, Medicine - 60 % മാർക്ക് വാങ്ങി പാസ്സായ ദലിത് കത്തോലിക്കാ വിദ്യാർത്ഥി കൾക്കാണ് സ്കോളർഷിപ്പ് നല്കുന്നത്.

അപേക്ഷഫോറം DCMS പാലാ രൂപത ഓഫീസിൽ ലഭ്യമാണ്.

വ്യക്തമായി പൂരിപ്പിച്ച അപേക്ഷകൾ 2022 ഒക്ടോബർ 31-ാം തീയതി 5 pm നു മുമ്പ് DCMS പാലാ രൂപതാകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**മീറ്റിംഗുകൾ**

1. പുലിയന്നൂർ ഷലോം ഡി.സി.എം.ആർ. സ്പെഷൽ സ്കൂളിലെ രക്ഷകർത്താക്കളുടെ മീറ്റിംഗിൽ പങ്കെടുത്തു സന്ദേശം നൽകി.

2. മണ്ണയ്ക്കനാട് ഒ.എൽ.സി. സ്പെഷ്യൽ സ്കൂളിലെ രക്ഷകർത്താക്കളുടെ മീറ്റിംഗിൽ പങ്കെടുത്തു സന്ദേശം നൽകി.

3. ഷലോം ഡി.സി.എം.ആർ. സ്പെഷ്യൽ സ്കൂളിലെ ഓണാഘോഷത്തിൽ പങ്കുചേർന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്കു ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെക്കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. ആൽക്കഹോൾ അനോനിമസ് (AA) മീറ്റിംഗ്**

സെപ്റ്റംബർ മാസം 4, 11, 18, 25 തീയതികളിൽ AA മീറ്റിംഗുകൾ നടന്നു. പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ, റ്റീന എന്നിവർ നേതൃത്വം നല്കി. ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ എന്നിവർ ആമുഖസന്ദേശം നല്കി. ഓൺലൈനിലും അംഗങ്ങൾ പങ്കെടുത്തു.

**2. TRADA ഡയറക്ടേഴ്സ് സമ്മേളനം**

TRADA അധ്യക്ഷൻ ബിഷപ് ഉമ്മൻ ജോർജ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പ്രൊഫ. റോസിലിൻ ചെറിയാൻ ആശംസകൾ നേർന്നു സംസാരിച്ചു. പാലാ രുപത മദ്യവിമുക്തി ചികിൽസാകേന്ദ്രമായ അഡാർട്ടിന്റെ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പങ്കെടുത്തു.

**3. ബോധവത്കരണ ക്ലാസ്**

1. ചാവറ സ്കൂളിൽ നടന്ന ജീസസ് യൂത്ത് പ്രോഗ്രാമിൽ സെപ്റ്റബർ 9 ന് കുട്ടികൾക്കായി ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സ് അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ നയിച്ചു.

2. കുര്യനാട് സ്കൂളിൽ നടന്ന ലഹരിവിരുദ്ധ പ്രോഗ്രാമിൽ സെപ്റ്റംബർ 5 ന്, കുട്ടികൾക്കായി ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സ് അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ നയിച്ചു.

3. അരുവിത്തുറ ഫൊറോന ബഹു. വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്ത് രൂപത ജാഗ്രതസമിതി പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് മത്സരം ഭംഗിയായി നടന്നു. സഹകരിച്ച എല്ലാവർക്കും നന്ദി. ഒക്ടോബർ 20 നു മത്സരഫലം പ്രസിദ്ധീകരിക്കുന്നതാണ്. രൂപതാതല വിജയികൾക്കുള്ള സംസ്ഥാനതല മത്സരം 2022 നവംബർ 6 ന് ഉച്ചയ്ക്ക് 2 മണിക്ക് ആലുവായിൽവച്ചു നടക്കുന്നതാണ്. രൂപതാതലത്തിൽ ഓരോ പ്രായവിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നേടുന്നവരുടെ പേരുവിവരം, അവരുടെ ജനനസർട്ടിഫിക്കറ്റ് വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്, ഇപ്പോഴത്തെ അഡ്രസ്സ്, ഓരോ ഫോട്ടോ, ഇടവകയുടെ അഡ്രസ്സ് എന്നിവ രൂപതാ ഓഫീസിൽ ഏല്പിക്കണം.

**2. ലോഗോസ് ഫാമിലി ക്വിസ്**

ലോഗോസ് ഫാമിലി രൂപതാതലമത്സരം 2022 നവംബർ 13-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ (ബിഷപ്സ് ഹൗസിനെതിർവശം) വച്ചു നടക്കുന്നതാണ്. ഈ വർഷം ഫൊറോനാതലമത്സരം ഉണ്ടായിരിക്കുന്നതല്ല. രൂപതാതലമത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവരെ (ഫൊറോനാതലത്തിൽ ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന കുടുംബം) അറിയിക്കുന്നതായിരിക്കും. മത്സരത്തിനു വരുമ്പോൾ നിർദ്ദിഷ്ടഫോം (ഫോം വെബ്സൈറ്റിൽ ലഭ്യമാണ്) മുഴുവൻ പൂരിപ്പിച്ച് വികാരിയച്ചന്റെ ഒപ്പോടെ കൊണ്ടുവരേണ്ടതാണ്.

മത്സരത്തിൽ വ്യക്തിപരമായി ഉത്തരമെഴുതാനുള്ളതും കുടുംബാംഗങ്ങൾ ഒന്നിച്ച് ആലോചിച്ച് ഉത്തരമെഴുതാനുള്ളതുമായ ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**3. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ – 2022**

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം പ്രതിപാദനവിഷയം ബൈബിളിലെ ഏതു ഭാഗമാണെന്നു വ്യക്തമാക്കിയിരിക്കണം ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ് 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ് 6 പേജ്) കവിത അറുപതു വരികളിലും കവിയരുത് ഏകാങ്കം മുപ്പതു മിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാമത്സരങ്ങൾക്കില്ല.

രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻ ചെയ്തിരിക്കണം.

അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു.

പൊതുവിഷയം: സഭാനവീകരണം: "സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എഫേസോസ് 4,20–22,

(എഫേസോസുകാർക്കെഴുതിയ ലേഖനം മുഴുവനും പ്രത്യേകമായി എഫേ. 2:20–22, 5:22–30, 4,4–6; 1 കോറി 3,16–17 ഏശ 40,31 ff, ആമോസിന്റെ പുസ്തകം: മത്തായി 18).

ഗ്രൂപ്പ് നമ്പർ 1 : അല്മായർ

വിഷയം : സഭാനവീകരണം അല്മായരുടെ വീക്ഷണത്തിൽ

ഗ്രൂപ്പ് നമ്പർ 2 : സെമിനാരി വിദ്യാർത്ഥികൾ

വിഷയം: സഭാനവീകരണം സെമിനാരി വിദ്യാർഥികളുടെ വീക്ഷണത്തിൽ

ഗ്രൂപ്പ് നമ്പർ 3 : സന്ന്യാസിനികൾ

വിഷയം : സഭാനവീകരണം സന്ന്യാസിനികളുടെ വീക്ഷണത്തിൽ

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD / Bank transfer to KCBC Bible Commission A/c No. 0423053000006271. IFSC SIBL0000423, SWIFT SOININ55, South Indian Bank, Vennala Branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2000 രൂപ, 1500 രൂപ, 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നല്കുന്നതാണ്. മത്സരത്തിനയയ്ക്കുന്ന

കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിന് അയയ്ക്കുന്നതിനുമുമ്പ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2022 ഒക്ടോബർ 22 ആണ്.

കൃതികൾ അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി ഒ സി PB No. 2251, പാലാരിവട്ടം, വെണ്ണല പി.ഒ. കൊച്ചി - 682 028

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. വചനപ്രഘോഷണം**

02 - 09 - 22 സ്ലീവാപുരം മാർ സ്ലിവാ പള്ളി
03 - 09 - 22 പറത്താനം പള്ളി
08 - 09 - 22 ഇടുക്കി വിമലഗിരി പള്ളി

**2. വൈദികരുടെ മാസധ്യാനം**

12 - 09 - 22 കൂട്ടിക്കൽ
29 - 09 - 22 പൂഞ്ഞാർ

**3. മദ്ധ്യസ്ഥപ്രാർത്ഥന**

തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഷലോം പസ്റ്ററൽ സെന്ററിൽ.

**4. വിവാഹ ഒരുക്ക സെമിനാർ ക്ലാസ്സ്**

01-03-22, 20-09-22 തീയതികളിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ

**5. സ്ട്രീറ്റ് മിനിസ്ട്രി**

13-09-22 നെല്ലാപ്പാറ, വെള്ളനീക്കിപ്പാറ
19-09-22 കോയിപ്ര, കുണിഞ്ഞി
24-09-22 കരിങ്കുന്നം

**6. പാലാ ബൈബിൾ കൺവൻഷൻ**

05-09-22 വെള്ളിയാഴ്ച 3.00 ന് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ആദ്യ സമ്മേളനം നടന്നു. ഡിസംബർ 19 മുതൽ 23 വരെ കൺവൻഷൻ നടത്താനും ഉച്ചകഴിഞ്ഞ് 3.30 മുതൽ 8.30 വരെ സമയം ക്ലിപ്തപ്പെടുത്താനും തീരുമാനിച്ചു. 24-09-22 ൽ കൂടിയ മീറ്റിംഗിൽ വിവിധ മിനിസ്ട്രികളുടെ ശുശ്രൂഷകൾ ക്രമീകരിച്ചു.

**7. ജാഗ്രതാസമിതി**

KCBC ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ രൂപതയിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വൈദികരുടെ ഫൊറോനാതലസമ്മേളനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കുറവിലങ്ങാട്, മൂലമറ്റം, പ്രവിത്താനം, കൂട്ടിക്കൽ, കത്തീഡ്രൽ, പൂഞ്ഞാർ എന്നീ ഫൊറോനകളിൽ സമ്മേളനങ്ങൾ നടന്നു. വികാരി ജനറാൾ വെരി റവ. ഫാ.ജോസഫ് തടത്തിൽ നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സേവനസമിതിയോഗം**

പാലാ രൂപത സോണൽ കരിസ്മാറ്റിക് സർവീസ് ഓഫ് കമ്മ്യൂണിയൻ (CSC) 34-ാമത് സേവനസമിതിയോഗം സെപ്റ്റംബർ 24-ാം തീയതി രാവിലെ 10 മണി മുതൽ പാലാ പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അധ്യക്ഷത വഹിച്ചു. നാളിതുവരെ ചെയ്ത എല്ലാ സേവനങ്ങൾക്കും നിലവിലുള്ള സേവനസമിതി അംഗങ്ങൾക്ക് അച്ചൻ നന്ദിയും പ്രാർത്ഥനയും അർപ്പിച്ചു. തുടർന്നും എല്ലാവിധ സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുകയും ചെയ്തു. 40-ാമത് രുപതാ ബൈബിൾ കൺവെൻഷനുവേണ്ടി പ്രവർത്തിക്കണമെന്ന് ഓർമിപ്പിക്കുകയും ചെയ്തു.

**2. ഫോർമേഷൻ പ്രോഗ്രാം**

പുതുതായി തിരഞ്ഞെടുക്കപ്പെട്ട സബ് സോൺ അംഗങ്ങൾക്ക് സെപ്റ്റംബർ 1, 2 തീയതികളിൽ പാലാ കിഴതടിയൂർ പള്ളിയിലും, പാലാ കത്തീഡ്രലിലും വച്ച് ഫോർമേഷൻ പ്രോഗ്രാം KCSC യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**3. സംയുക്ത സോണൽ സേവനസമിതി മീറ്റിംഗ്**

2022 സെപ്റ്റംബർ 24 ന് നിലവിലുള്ള സേവനസമിതിയും, പുതിയതായി തിരഞ്ഞെടുക്കപ്പെട്ട സേവനസമിതിയംഗങ്ങളും ഒന്നിച്ചുചേരുകയും ചുമതലകൾ കൈമാറുകയും ചെയ്തു. സോണൽ ഡയറക്ടർ റവ.ഫാ. ജേക്കബ്, വെള്ളമരുതുങ്കൽ അധ്യക്ഷത വഹിച്ചു.

**4. L.S.S. (Life in Sprit Seminar)**

നാലാമത് ബാച്ച് രജിസ്ട്രേഷൻ ആരംഭിച്ചു. ഓൺലൈനിലും ഫിസിക്കലായും നടത്തപ്പെടുന്നു. താത്പര്യമുള്ളവർക്ക് രൂപത ഡയറക്ടറുമായി ബന്ധപ്പെടാവുന്നതാണ്.

പ്രാർത്ഥിച്ച് ഉണരാൻ - വചനം പഠിച്ചു വളരാൻ - പ്രഘോഷിച്ചുയരാൻ — സ്വജീവിതംകൊണ്ട് യേശുവിനെ സാക്ഷ്യപ്പെടുത്താൻ ഓരോരുത്തരെയും LSS ശുശ്രൂഷകൾ സഹായിക്കുന്നു. വ്യത്യസ്തമായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവാനുഭവത്തിലേക്കു നയിക്കാൻ ഈ പ്രോഗ്രാം എല്ലാവരെയും സഹായിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾ, യുവജനങ്ങൾ, ഇടവക പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സമഗ്രമായ ആത്മീയവളർച്ച ഇതിലൂടെ സാധ്യമാകുന്നു. രൂപത ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, സെക്രട്ടറി ജോൺസൻ തടത്തിൽ രാമപുരം, സിബി ചെരുവിൽപുരയിടം എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകുന്നു.

**5. പ്രാർത്ഥനക്കൂട്ടായ്മകൾ**

പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തിക്കൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു

1.00 മണിമുതൽ 4 മണിവരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥനാശുശ്രൂഷകൾ നടത്തപ്പെടുന്നു. സെപ്റ്റംബർ 4 ന് ബിനു ജേക്കബ് പാലാ, 11 ന് റവ.ഫാ. ബെന്നി കിഴക്കേൽ സി.എസ്.റ്റി., 18 ന് ടോമി അട്ടപ്പാട്ട് 25 ന് ബ്ര. ടോമി ഇലവുംകുന്നേൽ കോതമംഗലം എന്നിവരാണു വചനം പങ്കുവയ്ക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തത്. രൂപത സോണൽ പാരിഷ് മിനിസ്ട്രി സേവനസമിതി ഇതിനു നേതൃത്വം നൽകുന്നു.

**6. കത്തീഡ്രലിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

മധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ 2 മണിവരെ വിശുദ്ധ കുർബാന, വചനപ്രഘോഷണം, സൗഖ്യശുശ്രൂഷകൾ, ജപമാല, സ്തുതി, ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു സെപ്റ്റംബർ 2 ന് സെബാസ്റ്റ്യൻ താന്നിക്കൽ, 9 ന് റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, 16 ന് ജോർജ് ചാരുപറമ്പിൽ, 23 ന് സി ആൻ ജോസ് എസ്.എച്ച്., 30 ന് സി. റോസിറ്റ് എസ്.എച്ച്. എന്നിവർ വചനശുശ്രൂഷയ്ക്കു നേതൃത്വം നൽകി. റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ശ്രീ മാത്യുക്കുട്ടി താന്നിക്കൽ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകുന്നു.

**7. മധ്യസ്ഥപ്രാർത്ഥന**

നമ്മുടെ രൂപതയിലെ എൽ.എസ്.എസ്. അംഗങ്ങളുടെ പങ്കാളിത്തത്തോടെ തിങ്കളാഴ്ചമുതൽ ശനിയാഴ്ചവരെ ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ മധ്യസ്ഥപ്രാർത്ഥനാശുശ്രൂഷകൾ നടത്തിവരുന്നു. എൽ.എസ്.എസ്. ലീഡേഴ്സ് ടീം അംഗം സോളി മനോജ് ഇതിനു നേതൃത്വം കൊടുക്കുന്നു. ജപമാല, കരുണക്കൊന്ത, അനുദിനവചനവിചിന്തനം എന്നീ ശുശ്രൂഷകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**8. കുരിശിന്റെവഴി പ്രാർത്ഥനാശുശ്രൂഷകൾ**

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 10 മണിവരെ എൽ.എസ്.എസ്. അംഗങ്ങൾ ഓൺലൈനിൽ ഒന്നുചേർന്നു ലോകം മുഴുവനെയും സമർപ്പിച്ചുകൊണ്ട് കരിസ്മാറ്റിക് രൂപതാ ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അച്ചന്റെ നേതൃത്വത്തിൽ കുരിശിന്റെവഴി പ്രാർത്ഥനകൾ നടത്തി. കുരിശിന്റെ വഴിയുടെ 14 സ്ഥലങ്ങളിൽ വൈദികരും, സിസ്റ്റേഴ്സും, അല്മായരും സന്ദേശം നൽകി പ്രാർത്ഥിക്കുന്നു. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. ബെന്നി കിഴക്കേൽ CST എന്നിവർ സമാപനപ്രാർത്ഥനയും സന്ദേശവും നൽകുന്നു. അനേകകുടുംബങ്ങൾ ഈ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുന്നു.

**9. രാത്രിയാരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ചു നടന്നുവരുന്ന രാത്രി ആരാധന സെപ്റ്റംബർ 24-ാം തീയതി ശനിയാഴ്ച വൈകിട്ട് 7 മുതൽ ഓഗസ്റ്റ് 25 ന് രാവിലെ 5 വരെ നടത്തപ്പെട്ടു. ബ്ര. തോമസ് കുമളി വചനശുശ്രൂഷയും ആരാധനയും നയിച്ചു. തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ.ഫാ. ജോസഫ് വള്ളോംപുരയിടം, കരിസ്മാറ്റിക് രൂപത

ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ശുശ്രൂഷ കോഡിനേറ്റർമാരായ ബാബു തൊമ്മനാമറ്റം, സിബി ചരുവിൽപുരയിടം, രൂപത സേവനസമിതി അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**1. മുട്ടം ജയിൽ**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 27 ശനിയാഴ്ച മുട്ടം ജയിൽ സന്ദർശിച്ചു. രൂപതാ ഡയറക്ടർ റവ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ആശംസ അർപ്പിച്ചു, സി. ലിസ് മരിയ സി.എം.സി., എന്നിവർ നേതൃത്വം നൽകി ചേന്നാട് മരിയ ഗോരേത്തി സ്കൂൾ മനേജർ റവ.ഫാ. അബ്രാഹം കുളമാക്കൽ, ഹെഡ്മിസ്ട്രസ് റവ. സി. സിസി പരവരാകത്ത് തുടങ്ങിയരുടെ നേതൃത്വതിൽ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**2. പാല സബ് ജയിൽ**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ പാലാ സബ്ജയിലിൽ സെപ്റ്റംബർ 10 ന് സന്ദർശനം നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ആശംസ അർപ്പിച്ചു. റവ.ഫാ. ഡെയ്സൺ തരകൻ, സി. ലിസ് മരിയ സി.എം.സി, സി. ലിസ്യൂ എഫ്.സി.സി., SMYM ഭരണങ്ങാനം യൂണിറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**3. ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാനഡയറക്ടറുടെ സന്ദർശനം**

സെപ്റ്റംബർ 1 ന് ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഡയറക്ടർ റവ.ഫാ. മാർട്ടിൻ തട്ടിൽ, മുട്ടം, പാലാ സബ് ജയിൽ സന്ദർശിച്ചു. ഡയറക്ടർ വിൻസെന്റ് മൂങ്ങാമാക്കൽ അനുഗമിച്ചു.

**4. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുമായി കൂടിക്കാഴ്ച നടത്തി**

സെപ്റ്റംബർ 1 ന് ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഡയറക്ടർ റവ.ഫാ. മാർട്ടിൻ തട്ടിൽ പാലാ അരമന സന്ദർശിച്ച് അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവുമായി കൂടിക്കാഴ്ച നടത്തി. കോട്ടയം സോൺ ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ പെരുന്നിലം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ റവ.ഫാ. ജയിംസ് പൊരുന്നോലിൽ, സംസ്ഥാന സെക്രട്ടറി സി.ബീന തുടങ്ങിയവർ പങ്കെടുത്തു.

**5. അവാർഡ് നല്കി ആദരിച്ചു.**

വിശിഷ്ടസേവനത്തിനുള്ള സംസ്ഥാന മുഖ്യമന്ത്രിയുടെ പ്രിസൺ മെഡലിന് അർഹനായ പാലാ സബ് ജയിൽ സൂപ്രണ്ട് ശ്രീ സി. ഷാജിയെ ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഡയറക്ടർ റവ.ഫാ. മാർട്ടിൻ തട്ടിൽ അഡാർട്ടിൽ കൂടിയ സമ്മേളനത്തിൽ ആദരിച്ചു. കോട്ടയം സോൺ ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ പെരുന്നിലം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ.ഫാ. ജയിംസ് പൊരുന്നോലിൽ,

സംസ്ഥാന സെക്രട്ടറി റവ.സി. ബീന, പാലാ കോഡിനേറ്റർ സി. ലിസ് മരിയ CMC, ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**
**ഫാ. ജെയിംസ് പൊരുന്നോലിൽ**
(ഡയറക്ടേഴ്സ്)

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യാനുഭവ ധ്യാനം - രാവിലെ 9 മണിമുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപ ശുശ്രൂഷ, നിയോഗസമർപ്പണശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്കു പൂർത്തിയാകുന്ന ധ്യാനം - സെപ്റ്റംബർ 10 ന് നടത്തുകയുണ്ടായി.

**2.** ആൻസില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ സിസ്റ്റേഴ്സിനായി അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ വച്ച് സെപ്റ്റംബർ 3 മുതൽ 9 വരെ വാർഷികധ്യാനം (Second Bach) നടത്തി.

**3.** സീറോ മലബാർ സഭയിലെ വിവിധ രൂപതകളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട 40 കൊച്ചച്ചന്മാർക്കായി കാക്കനാട് സെന്റ് തോമസ് മൗണ്ടിൽവച്ചു സെപ്റ്റംബർ 12 മുതൽ 21 വരെ നടത്തപ്പെട്ട റിഫ്രഷ്മെന്റ് കോഴ്സിൽ, വൈദിക ദൗത്യനിർവ്വഹണത്തിൽ വിടുതൽശുശ്രൂഷയുടെ പ്രസക്തി എന്ന വിഷയത്തെക്കുറിച്ച് 15 ന് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 12.30 വരെ ക്ലാസ്സ് കൊടുത്തു.

**4.** കലർപ്പില്ലാത്ത കത്തോലിക്കാ ആത്മീയതയുടെ ആഴങ്ങളും ഔന്നത്യങ്ങളും സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വേദപാരംഗതയും വിശുദ്ധയുമായ ആവിലായിലെ അമ്മത്രേസ്യാ, ആത്മാർത്ഥതയോടെ ദൈവത്തെത്തേടുന്ന ആത്മീയാന്വേഷകർക്കായി, തന്റെ ആത്മീയാനുഭവങ്ങളെ ദൈവികവെളിപാടിന്റെ വെളിച്ചത്തിലും വ്യക്തതയിലും പ്രായോഗികപരിജ്ഞാനത്തോടെ പങ്കുവച്ചുകൊണ്ട് 1577 ൽ എഴുതിയ *ആഭ്യന്തരഹർമ്മ്യം* എന്ന സാർവ്വത്രികവും സാർവ്വകാലീനവുമായ മൂല്യമുള്ള ആത്മീയഗ്രന്ഥത്തിലൂടെ അനാവരണം ചെയ്യപ്പെട്ടിരിക്കുന്ന അനശ്വരങ്ങളായ ആത്മീയപാഠങ്ങളെ ഏതവസ്ഥയിലുള്ള ആത്മീയാന്വേഷകർക്കുമായി ലളിതമായി അവതരിപ്പിക്കുന്ന ഒരു പ്രബോധനപരമ്പര, 15 മിനിറ്റ് വീതമുള്ള സെഷനുകളായി, നവംബർ 1 മുതൽ മൗണ്ട് നെബോ യൂട്യൂബ് ചാനലിലൂടെ ***ആഭ്യന്തരഹർമ്മ്യ ആത്മീയത*** എന്ന പേരിൽ നൽകിക്കൊണ്ടിരിക്കുന്നു.

**5.** കോവിഡ്-19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ നൽകിയിരുന്ന, ***ദൈവശക്തി വ്യാപരിക്കുന്നു*** എന്ന ഓൺലൈൻ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾമാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

**6.** മൗണ്ട് നെബോയുടെ ആവശ്യങ്ങൾക്കായി പണിയുവാൻ 2021 ജൂലൈ 12 ന് കല്ലിട്ട മൗണ്ട് നെബോ ആബാഭവനത്തിന്റ നിർമ്മാണപ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേക്ക് എത്തിയിരിക്കുന്നു. ഒക്ടോബർ 22 ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്കു ആബാഭവനം വെഞ്ചരിക്കുവാനും, താമസംവിനാ ശുശ്രൂഷകളുടെ പുതിയൊരു ഘട്ടത്തിലേക്കു കടക്കുവാനും ഉദ്ദേശിക്കുകയാണ്.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1.** 6/9/2022 – അരമനയിൽ വച്ച് മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്റെ അധ്യക്ഷതയിൽ രൂപത–ഫൊറോനാ ഭാരവാഹികളുടെ മീറ്റിംഗ് കൂടി.

**2.** 9/9/2022– അരമനയിൽ രൂപത–ഫൊറോനാ ഭാരവാഹികളുടെ മീറ്റിംഗ് കൂടി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**ഇൻഫാം നാഷണൽ കമ്മിറ്റി.**

ഇൻഫാം നാഷണൽ കമ്മിറ്റി ഗൂഗിൾ മീറ്റിലൂടെ സെപ്റ്റംബർ 12 തിങ്കളാഴ്ച 8.30 p. m. ന് ദേശീയ ചെയർമാൻ മാർ റെമീജിയൂസ് ഇഞ്ചനാനി പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. എല്ലാ രൂപതാ ഡയറക്ടമാരും ദേശീയ കമ്മറ്റിയംഗങ്ങളും പങ്കെടുത്ത മീറ്റിങ്ങിൽ ബഫർസോൺ, വന്യമൃഗശല്യം, റബ്ബർവിലയിടിവ്, മത്സ്യത്തൊഴിലാളികളുടെ തീരദേശപ്രശ്നങ്ങൾ തുടങ്ങിയവയെക്കുറിച്ച് ചർച്ച ചെയ്തു. ഇൻഫാമിന്റെ നേതൃത്വത്തിൽ ബഫർസോൺ, വന്യമൃഗശല്യം തുടങ്ങിയവയെക്കുറിച്ച് കോടതിയിൽ നടക്കുന്ന കേസുകളെക്കുറിച്ചും ഹർജികളെക്കുറിച്ചും അവമൂലം ഉണ്ടായ നേട്ടങ്ങളെക്കുറിച്ചും യോഗം വിലയിരുത്തി. ഇൻഫാം കൂടുതൽ ശക്തമാക്കണമെന്നു പിതാവ് ആവശ്യപ്പെട്ടു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## ഫാ. ജോൺ കടൂക്കുന്നേൽ MST

ചേർപ്പുങ്കൽ ഇടവകയിൽ കടൂക്കുന്നേൽ ഔസേപ്പ് - മറിയം ദമ്പതികളുടെ മകനായി ജോൺ അച്ചൻ 1927 ജനുവരി അഞ്ചിനു ഭൂജാതനായി. ബഹുമാനപ്പെട്ട ജോൺ അച്ചനു രണ്ടു സഹോദരിമാരും ഒരു സഹോദരനുമാണുള്ളത്. പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കി ചങ്ങനാശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്ത്വശാസ്ത്ര-ദൈവ ശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കിയ അദ്ദേഹം 1955 മാർച്ച് പതിനഞ്ചാം തീയതി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നു പൗരോ ഹിത്യം സ്വീകരിച്ച് രൂപതാവൈദികനായിത്തീർന്നു. ശുശ്രൂഷാപൗരോ ഹിത്യത്തിന്റെ നാൾവഴികളിൽ ആദ്യം മുത്തോലി പള്ളിയിൽ ആക്റ്റിങ് വികാരിയായും രാമപുരം, ചേർപ്പുങ്കൽ പള്ളികളിൽ സഹവികാരിയായും കുറിഞ്ഞി, മണിയംകുന്ന്, മൂലമറ്റം പള്ളികളിൽ വികാരിയായും ദൈവ ത്തിനും ദൈവജനത്തിനുമായി ആധ്യാത്മികശുശ്രൂഷയുടെ നാണയ ങ്ങൾക്കു വിശ്വസ്തതയോടെ കാര്യസ്ഥനായി. 1968 ജൂലൈ 16-ാം തീയതി അദ്ദേഹം എം.എസ്.ടി. സമൂഹത്തിൽ ചേർന്നു. എം.എസ്.ടി. സൊസൈറ്റി യുടെ ജനറൽ കൗൺസിലറായും, ട്രഷറർ ജനറലായും, ദീപ്തി മൈനർ സെമിനാരിയിൽ അധ്യാപകനായും ആശുപത്രികളുടെ ആത്മീയപിതാ വായും, ജീവൻ ജ്യോതി എം.ഓ.സിയുടെ പരിശീലകനായും മീഡിയാ സെന്റ് തോമസ് റീജിയന്റെ റീജണൽ ഡയറക്ടറായും ബഹുമാനപ്പെട്ട ജോൺ കടൂക്കുന്നേൽ അച്ചൻ ശുശ്രൂഷ നിർവഹിച്ചു. 2004 ൽ ആരാമിൽ വിശ്രമജീവിതം ആരംഭിച്ച അച്ചൻ എന്നും തീക്ഷ്ണതയുള്ള ഒരു തിരുവച നോപാസകനായിരുന്നു.

2022 ഓഗസ്റ്റ് 20 ന് ഇഹലോകവാസം പൂർത്തിയാക്കി ജയമുടി ചൂടാൻ നിത്യപിതാവിന്റെ സന്നിധിയിലേക്കു യാത്രയായ ജോണച്ചന്റെ ഭൗതികശരീരം 2022 ഓഗസ്റ്റ് 22-ാം തീയതി ദീപ്തിമൗണ്ടിലെ സെമി ത്തേരിയിൽ സംസ്കരിച്ചു. മരിച്ചവരെ നിത്യതയിൽ ഉയർപ്പിക്കുന്ന ദൈവം ജീവന്റെ കിരീടം തന്റെ വിശ്വസ്തദാസനായ ബഹുമാനപ്പെട്ട ജോണച്ച നെയും അണിയിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.



## ഫാ. തോമസ് അയിത്തമറ്റം MST

ഇടമറ്റം ഇടവകയിൽ അയിത്തമറ്റം തോമസ്-അന്ന ദമ്പതികളുടെ മകനായി തോമാച്ചൻ 1929 മെയ് 25-ാം തീയതി ഭൂജാതനായി. ബഹുമാനപ്പെട്ട തോമ സച്ചന് ഒരു സഹോദരനും ഒരു സന്ന്യാസിനി ഉൾപ്പെടെ രണ്ടു സഹോദരിമാരുമാണുള്ളത്. ഭരണങ്ങാനം സെന്റ് മേരീസ് ഹൈസ്കൂളിൽ പ്രാഥമികവിദ്യാഭ്യാസം പൂർ ത്തിയാക്കിയ അദ്ദേഹം വൈദികപരിശീലനത്തിനായി ചങ്ങനാശ്ശേരി രൂപത മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്ത്വശാസ്ത്ര-ദൈവശാസ്ത്രപഠന ങ്ങൾ പൂർത്തിയാക്കിയ അദ്ദേഹം അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു രൂപതാവൈദികനായി ത്തീർന്നു. ശുശ്രൂഷാപൗരോഹിത്യത്തിന്റെ നാൾവഴികളിൽ ആദ്യം അറ ക്കുളം, ളാലം, ചേർപ്പുങ്കൽ, കടുത്തുരുത്തി പള്ളികളിൽ സഹവികാരി യായും തുടർന്ന്, ചേറ്റുതോട്, മല്ലികശേരി പള്ളികളിൽ വികാരിയായും ദൈവത്തിനും ദൈവജനത്തിനുമായി ആധ്യാത്മികശുശ്രൂഷയുടെ നാണയ ങ്ങൾക്കു വിശ്വസ്തതയോടെ കാര്യസ്ഥനായി.

1972 ൽ അദ്ദേഹം എം.എസ്.ടി. സൊസൈറ്റിയിൽ ചേർന്നു. റോമിലെ ഉർബൻ യൂണിവേഴ്സിറ്റിയിൽനിന്ന് മിസ്സിയോളജിയിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കിയ അദ്ദേഹം ദീപ്തി മൈനർ സെമി നാരി പ്രൊഫസറായും ജനറൽ കൗൺസിലറായും ഉജ്ജൈൻ രൂപത യിലെ എം.ഒ.സിയുടെ ഡയറക്ടറായും ഭോപ്പാൽ കെ.പി.ടി. ദൈവശാസ്ത്ര സെമിനാരിയുടെ വൈസ് റെക്ടറായും ഉജ്ജൈൻ രൂപതയുടെ വികാരി ജനറാളായും ദീപ്തി മൈനർ സെമിനാരിയുടെ റെക്ടറായും ഉജ്ജൈൻ പുഷ്പ ആശുപത്രിയുടെ ഡയറക്ടറായും റോമിലെ ലാറ്ററൻ ബസിലിക്ക യിൽ സഹവികാരിയായും ബഹുമാനപ്പെട്ട തോമസ് അച്ചൻ ശുശ്രൂഷ നിർവഹിച്ചു. 2001 ൽ ആരാമിൽ വിശ്രമജീവിതം ആരംഭിച്ച അച്ചൻ എന്നും തീക്ഷ്ണതയുള്ള ഒരു തിരുവചനോപാസകനായിരുന്നു.

2022 ഓഗസ്റ്റ് 24 ന് ഇഹലോകവാസം പൂർത്തിയാക്കി ജയമൂടി ചൂടാൻ നിത്യപിതാവിന്റെ സന്നിധിയിലേക്കു യാത്രയായ തോമസച്ചന്റെ ഭൗതികശരീരം 2022 ഓഗസ്റ്റ് 2-ാം തീയതി ദീപ്തി മൗണ്ടിലെ സെമിത്തേരിയിൽ സംസ്കരിച്ചു. മരിച്ചവരെ നിത്യതയിൽ ഉയർപ്പിക്കുന്ന ദൈവം ജീവന്റെ കിരീടം തന്റെ വിശ്വസ്തദാസനായ ബഹുമാനപ്പെട്ട തോമസ് അച്ചനെയും അണിയിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.



## ഫാ. മാണി വെള്ളിലാംതടം

മോനിപ്പള്ളി ഇടവകയിൽ വെള്ളിലാംതടം ജോസഫിന്റെയും റോസയുടെയും രണ്ടു മക്കളിൽ മൂത്ത മകനായി 1943 സെപ്റ്റംബർ പതിനൊന്നാം തീയതി ഫാ. മാണി വെള്ളിലാംതടം ഭൂജാതനായി.

സ്കൂൾ ഫൈനൽ പരീക്ഷ പാസായതിനുശേഷം രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് പരിശീലനം ആരംഭിച്ചു. മൈനർ സെമിനാരിയിലെ പഠനത്തിനുശേഷം മേജർ സെമിനാരി പരിശീലനത്തിനായി ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ ചേർന്നു. തത്ത്വശാസ്ത്ര - ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി 1970 ഡിസംബർ പതിനെട്ടാം തീയതി മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ നാൾവഴികളിൽ ആദ്യം ചേർപ്പുങ്കൽ ചെമ്മലമറ്റം പള്ളികളിൽ സഹവികാരിയായും തുടർന്ന് പറത്താനം, കൊണ്ടാട്, കാക്കൂർ, മുളക്കുളം, വെള്ളിയാമറ്റം, കൊഴുവനാൽ, കുറിച്ചിത്താനം, ഉദയഗിരി, വിളക്കുമാടം, പള്ളികളിൽ വികാരിയായും ദൈവത്തിനും ദൈവജനത്തിനുമായി ആധ്യാത്മികശുശ്രൂഷയുടെ നാണയങ്ങൾക്കു വിശ്വസ്തതയോടെ കാര്യസ്ഥനായി. അതോടൊപ്പംതന്നെ കൂത്താട്ടുകുളം ദൈവമാതാ ആശുപത്രിയുടെ ആത്മീയപിതാവായും ബഹുമാനപ്പെട്ട മാണിയച്ചൻ ശുശ്രൂഷ നിർവഹിച്ചു. 2021 മാർച്ച് മാസത്തിൽ മുട്ടുചിറ വിയാനി വൈദികമന്ദിരത്തിൽ വിശ്രമജീവിതം ആരംഭിച്ച അച്ചൻ 2022 സെപ്റ്റംബർ 23 ന് ഇഹലോകവാസം പൂർത്തിയാക്കി ജയമുടി ചൂടാൻ നിത്യപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

ബഹു. മാണി വെള്ളിലാംതടം അച്ചന്റെ ഭൗതികശരീരം 2022 സെപ്റ്റംബർ ഇരുപത്തിയേഴാം തീയതി ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെ കാർമികത്വത്തിൽ മാതൃ ഇടവക ദൈവാലയത്തിലെ ശുശ്രൂഷകൾക്കുശേഷം മോനിപ്പള്ളി ദൈവാലയ

സിമിത്തേരിയിൽ സംസ്കരിച്ചു. മരിച്ചവരെ നിത്യതയിൽ ഉയർപ്പിക്കുന്ന ദൈവം ജീവന്റെ കിരീടം തന്റെ വിശ്വസ്തദാസനായ ബഹുമാനപ്പെട്ട മാണിയച്ചനെയും അണിയിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.



## സി. സുജാറോസ് സി.എം.സി. കരൂർ

പാലാ രൂപത മലയിഞ്ചിപ്പാറ ഇടവകയിൽ തുരുത്തിയിൽ കുടുംബത്തിൽ ജോസഫ്-മേരി ദമ്പതികളുടെ പത്തു മക്കളിൽ രണ്ടാമത്തെ സന്താനമായി 1958 ജനുവരി 26 ന് സി. സുജാറോസ് ഭൂജാതയായി. മാമ്മോദീസായിൽ റോസ എന്ന പേരു നല്കപ്പെട്ടു. റോസമ്മ എന്ന പേരിൽ വീട്ടിലും സ്കൂളിലും അറിയപ്പെട്ടു.

മലയിഞ്ചിപ്പാറ യു.പി. സ്കൂളിലും പൂഞ്ഞാർ ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ഇതിനോടകം തന്റെ ദൈവവിളി മനസ്സിലാക്കിയ റോസമ്മ 1977 ജൂൺ മാസത്തിൽ കരൂർ മഠത്തിൽ അർത്ഥിനിയായി പ്രവേശിച്ചു. 1982 ഡിസംബർ 2 ന് പ്രഥമവ്രതവാഗ്ദാനത്തിനുശേഷം മുത്തോലി റ്റീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളിൽനിന്ന് റ്റി.റ്റി.സി. പാസായി. തുടർന്ന മല്ലികശ്ശേരി, വിളക്കുമാടം, തുടങ്ങനാട്, വെള്ളികുളം, മണ്ണാറപ്പാറ, മുട്ടുചിറ, മുണ്ടാങ്കൽ, ഇലഞ്ഞി, വിളയംകോട്, മംഗളഗിരി തുടങ്ങിയ സ്കൂളുകളിലും സൺഡേ സ്കൂളുകളിലും അധ്യാപികയായി സേവനം ചെയ്തു. ഇതിനിടയിൽ വിളയംകോട് മഠത്തിന്റെ സുപ്പീരിയറായും സേവനം അനുഷ്ഠിച്ചു.

നീണ്ട 40 വർഷത്തെ സന്ന്യാസസമർപ്പണത്തിന്റെ സദ്ഫലങ്ങൾവഴി താൻ ജീവിച്ച സന്ന്യാസഭവനങ്ങളെയും സഹോദരിമാരെയും ദൈവജനത്തെയും സമ്പന്നമാക്കി. മുഖപ്രസന്നത, നിശ്ശബ്ദസഹനം, ആർക്കും എപ്പോഴും സമീപിക്കാവുന്ന ആത്മീയഭാവം, ദൈവതിരുമനസ്സിനോടുള്ള വിധേയത്വം, പാവങ്ങളോടുള്ള പ്രത്യേകപരിഗണന, സഹായമനഃസ്ഥിതി, പ്രാർത്ഥനാചൈതന്യം, അധികാരവിധേയത്വം, വിശ്വസ്തത, കഠിനാദ്ധ്വാനം, പ്രതികൂലങ്ങളെ അതിജീവിക്കാനുള്ള മനോധൈര്യം, വിശ്വാസവീക്ഷണം എന്നീ ഗുണങ്ങൾ സിസ്റ്ററിൽ വിളങ്ങി ശോഭിച്ചിരുന്നു.

സുബോധത്തോടെ രോഗീലേപനം സ്വീകരിച്ച് അന്ത്യയാത്രയ്ക്ക് ഒരുങ്ങിയ സി. സുജ 2022 സെപ്റ്റംബർ 12-ാം തീയതി രാവിലെ 9.45 ന് സമൂഹാംഗങ്ങളുടെ പ്രാർത്ഥനാമധ്യേ ദിവ്യനാഥന്റെ സന്നിധിയിലേക്ക് യാത്രയായി. പിറ്റേദിവസം രാവിലെ 9.30 ന് സംസ്കാരശുശ്രൂഷകൾക്ക് ഒരുക്കമായുള്ള ദിവ്യബലി ആരംഭിച്ചു. പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിലിന്റെ പ്രധാന കാർമികത്വത്തിൽ മൃതദേഹം കരൂർ തിരുഹൃദയപ്പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.




## SEPTEMBER 2022

| | | |
|---|---|---|
| 02 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 03 | 10.00 am | പാലാ പുത്തേട്ട് ആർക്കേഡിലെ പുതിയ മൾട്ടിപ്ലക്സ് തിയേറ്ററിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തി |
| | 4.00 pm | മരിയസദനം ചാരിറ്റബിൾ ട്രസ്റ്റിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| 04 | 4.30 pm | ഇടുക്കി രൂപത മാങ്കുളം ഫൊറോനയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാന അർപ്പിച്ചു വചന സന്ദേശം നൽകി. |
| 05 | 1.45 pm | ഭദ്രാവതി രൂപതാധ്യക്ഷൻ മാർ ജോസഫ് എരുമച്ചാടത്ത് പിതാവിന്റെ മാതാവ് ശ്രീമതി മറിയക്കുട്ടി തോമസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു |
| | 3.00 pm | ബിഷപ്സ് ഹൗസിൽ വച്ചു നടന്ന ബൈബിൾ കൺവെൻഷന് ഒരുക്കമായിട്ടുള്ള മീറ്റിങ്ങിൽ പങ്കെടുത്തു. |
| 06 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 5.00 pm | മരങ്ങോലി ഇടവകയിൽ ഹോം പാലായുടെ ഭാഗമായി പണി പൂർത്തിയാക്കിയ രണ്ടു ഭവനങ്ങളുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| 07 | 10.30 am | ചെമ്മലമറ്റം ഇടവകയിൽ മാർ ഗ്രിഗറി കരോട്ടെമ്പ്രയിൽ പിതാവിന്റെ സഹോദരൻ കെ.ഡി. തോമസിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 12.00 noon | കടപ്ലാമറ്റം ഇടവകയിൽ പുണ്യശ്ലോകനായ ബഹു. ജോസഫ് കുട്ടൻതറപ്പേൽ അച്ചന്റെ ശ്രാദ്ധത്തിന്റെ പ്രാർത്ഥനയ്ക്കു മുഖ്യകാർമികത്വം വഹിച്ചു. |
| | 2.30 pm | ബിഷപ്സ് ഹൗസിൽ വിവിധ കോളജുകളുടെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു |
| 08 | 7.00 am | കുറവിലങ്ങാട് മർത്ത് മറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ ഇടവകയിൽ എട്ടുനോമ്പ് തിരുനാൾദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു വചന സന്ദേശം നൽകി. |
| | 4.30 pm | കടുത്തുരുത്തി ഫൊറോനയിൽ പുതുതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| 09 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.10 pm | ചേർപ്പുങ്കൽ ഫൊറോനയിൽ കോലന്നൂർ അച്ചാമ്മ ബേബിയുടെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ NCF ന്റെ മീറ്റിംഗിൽ പങ്കെടുത്തു. |
| 10 | 5. 00 pm | അമ്പാറനിരപ്പിൽ ഇടവകയിൽ ഒരു ഭവനം വെഞ്ചിരിച്ചു |
| 11 | 3.30 pm | പൂഞ്ഞാർ ഫൊറോനയിൽ വരകുകാലാപ്പറമ്പിൽ ബഹു. ജോർജ് അച്ചന്റെ പിതാവ് ശ്രീ ജോർജ് വി.ജെയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു |
| 12 | 10.00 am | കടനാട് ഫൊറോനയിൽ നടുവിലേക്കുറ്റ് ബഹു. അഗസ്റ്റിൻ അച്ചന്റെയും ജോസ് അച്ചന്റെയും മാതാവ് ശ്രീമതി മേരി ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 3.30 pm | മുത്തോലപുരം ഇടവകയിൽ ഹോം പാലാ പ്രൊജക്ടിന്റെ ഭാഗമായി നിർമിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| 13 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| | 2.00 pm | ഭരണങ്ങാനം ഫൊറോനയിൽ കൊട്ടാരത്തുംകുഴി ശ്രീ കെ.എം. തോമസിന്റെ മൃതസംസ്കാര ശുശ്രൂഷ കൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 6.30 pm | ചേർപ്പുങ്കൽ ഫോറോനയിൽ മാർ സ്ലീവായുടെ തിരു നാളിനോട് അനുബന്ധിച്ചു നടന്ന പുറത്തുനമ സ്കാരത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 14 | 7.00 am | മാർ സ്ലീവ മെഡിസിറ്റിയുടെ മൂന്നാം വാർഷികത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. മീറ്റിംഗിൽ സംബന്ധിച്ചു. |
| | 2.00 pm | അരുണാപുരം ഇടവകയിൽ നീണ്ടുകുന്നേൽ ശ്രീ എൻ. എം. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷ കൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 6.00 pm | ളാലം പുത്തൻപള്ളി ഇടവകയിൽ നിർമിച്ച കൽക്കുരി ശിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| 15 | 9.45 am | പ്രവിത്താനം ഫൊറോനയിൽ നവീകരിച്ച സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു |
| | 2.00 pm | മോനിപ്പള്ളി ഇടവകയിൽ മറ്റത്തിൽ ശ്രീമതി അന്ന ക്കുട്ടി മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 4.30 pm | തുടങ്ങനാട് ഫൊറോനയിൽ പുതുക്കിപ്പണിത കർമ്മലീത്താമഠത്തിന്റെയും ചാപ്പലിന്റെയും വെഞ്ചി രിപ്പുകർമ്മം നിർവഹിച്ചു. |
| 16 | 8.00 am | നല്ലതണ്ണി ആശ്രമത്തിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിനെ സന്ദർശിച്ചു |
| 17 | 10.30 am | അറക്കുളം പുത്തൻപള്ളി ഇടവകയിൽ പ്ലാക്കൂട്ട ത്തിൽ ശ്രീമതി അന്നമ്മയുടെ ഭൗതികദേഹത്തി നരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.30 pm | രാമപുരം ഫൊറോനയിൽ ഹോം പാലാ പ്രൊജ ക്ടിന്റെ ഭാഗമായി നിർമിച്ച അഞ്ചു ഭവനങ്ങളുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| 18 | 8.00 am | മണിയംകുളം ഇടവകയിൽ പുതുതായി പണി കഴിപ്പിച്ച കൽക്കുരിശിന്റെ വെഞ്ചിരിപ്പുകർമ്മം നിർവ ഹിച്ചു. വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. |

| | | |
|---|---|---|
| | 10.00 am | തീക്കോയി ഫൊറോനയിൽ കൊച്ചുകരോട്ട് ശ്രീ. കെ. സി. കുര്യന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.45 am | പൂവത്തോട് ഇടവകയിൽ കൊട്ടാരത്തുംകുഴിയിൽ കുരുവിളയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.30 pm | കുര്യനാട് സെന്റ് ആൻസ് മൊണാസ്ട്രിയിൽ നടുവിലേക്കുറ്റ് ബഹു ജെയിംസ് അച്ചന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 19 | 10.00 am | ചിറ്റാർ ഇടവകയിൽ പുള്ളോലിൽ ശ്രീ സിറിൾ പി. ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.30 am | കീഴൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 2.00 pm | പാലാ സെന്റ് തോമസ് കോളജിൽ പുതുതായി സ്ഥാപിച്ച റവ.ഫാ. പി.എഫ്. കുര്യാക്കോസ് പാറപ്ലാക്കൽ ചെയർ ഉദ്ഘാടനം ചെയ്തു |
| | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 22 | 11.00 am | രാമപുരം ഫൊറോനയിൽ ബഹു. ജോൺ കാര്യപ്പുറം അച്ചന്റെ ഒന്നാം ചരമവാർഷികത്തിനു വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി, സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു |
| | 4.00 pm | കൈപ്പള്ളി ഇടവകയിൽ ഹോം പാലാ പ്രൊജക്ടിന്റെ ഭാഗമായി നിർമിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പു കർമ്മം നിർവഹിച്ചു. |
| 23 | 10.30 am | ചൂണ്ടച്ചേരി സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയിൽ നടന്ന ഇന്റർനാഷണൽ കോൺഫെറൻസിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. |
| 24 | 8.30 am | കാഞ്ഞിരപ്പള്ളി രൂപത മണിമല ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 4.00 pm | ഏഴാച്ചേരി ഇടവകയിൽ കാവളക്കാട്ട് ശ്രീ കെ.എ. ദേവസ്യാച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| 25 | 9.30 am | പാലാ സെന്റ് തോമസ് കോളജ് ഓഡിറ്റോറിയത്തിൽ വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ പാലാ സെൻട്രൽ കൗൺസിൽ വാർഷികം ഉദ്ഘാടനം ചെയ്തു. ഡയറക്ടറി പ്രകാശനം ചെയ്തു. |
| | 2.30 pm | കാഞ്ഞിരപ്പള്ളി ബിഷപ്സ് ഹൗസിൽ വച്ചുനടന്ന ദീപികയുടെ ആലോചനാമീറ്റിങ്ങിൽ പങ്കെടുത്തു. |
| 27 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു |
| | 2.15 pm | മോനിപ്പള്ളി ഇടവകയിൽ ബഹു. മാണി വെള്ളിലാംതടം അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു മുഖ്യ കാർമികത്വം വഹിച്ചു. |
| | 6.00 pm | ബിഷപ്സ് ഹൗസിൽ പാലാ സെന്റ് തോമസ് കോളജ് എഡ്യൂക്കേഷണൽ ട്രസ്റ്റ് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു |
| | 2.30 pm | ളാലം പഴയ പള്ളി പാരിഷ് ഹാളിൽ വച്ചുനടന്ന ജാഗ്രതാസമിതിസമ്മേളനം ഉദ്ഘാടനം ചെയ്തു. |







ചേർപ്പുങ്കൽ മാർസ്ലീവാ ഫൊറോന പള്ളിയിൽ നടന്ന പുറത്തുനമസ്കാരത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മുഖ്യകാർമ്മികത്വം  വഹിക്കുന്നു.





2022
OCTOBER

☆ SANTHWANAPRAKASHAM ☆
PALAI DIOCESAN BULLETIN




പാലാ രൂപത ലഹരിവിരുദ്ധപോരാട്ട ജാഗ്രതാസമിതിയുടെ
രൂപതാതല ഉദ്ഘാടനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

Printed at St. Thomas Press, Palai and Published by Fr. Thomas Pezhumkattil